**JEEVA MOZHIKAL** RNI/KERBIL/-2003/21404
**March 2014** www.jeevamozhikal.org
Annual Contribution Rs. 100/-

**Regn No: KL/KTM/608/2012-14**
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 28-02-2014

# പൊള്ളുകയില്ല കരി പുരളും

സൂസന്ന വെസ്ലി, തന്റെ കുഞ്ഞുങ്ങളെയെല്ലാം ദൈവഭക്തിയിൽ വളർത്തിയ വനിതാരത്നം എന്ന നിലയിൽ പ്രശസ്തയാണ്.

ഒരിക്കൽ സൂസന്ന വെസ്ലിയുടെ പെൺകുഞ്ഞുങ്ങളിൽ ഒരാൾ പാപകരമല്ലെങ്കിലും ക്രിസ്തീയസാക്ഷ്യം നഷ്ടപ്പെടുത്തിയേക്കാവുന്ന ഒരു കാര്യം ചെയ്യാൻ താത്പര്യപ്പെട്ടു. സൂസന്ന വെസ്ലിക്ക് അതിനോട് യോജിപ്പുണ്ടായിരുന്നില്ല. അവർ മകളോട് ആ കാര്യം സംസാരിച്ചു. ഒട്ടേറെ ന്യായങ്ങൾ നിരത്തി. അമ്മ വിശദമായി അതേപ്പറ്റി സംസാരിച്ചിട്ടും മകൾക്ക് ബോധ്യമായില്ല. താൻ ചെയ്യുന്നതിൽ എന്താണ് തെറ്റ് എന്നായിരുന്നു അവൾക്ക് സൂസന്ന വെസ്ലിയോട് ആവർത്തിച്ച് ചോദിക്കുവാനുണ്ടായിരുന്നത്.

സംഭാഷണം എങ്ങുമെത്താതെ വന്നപ്പോൾ സൂസന്ന വെസ്ലി മൗനം പാലിച്ചു.

അവർ രണ്ടു പേരും ഇരുന്നിരുന്നത് വീടു ചൂടാക്കുവാനുള്ള ഫയർ പ്ലെയ്സിനു സമീപമായിരുന്നു. അവിടെ ചിമ്മിനിയിൽ കൽക്കരിയിട്ട് ചൂടാക്കുകയായിരുന്നു പതിവ്. സൂസന്ന വെസ്ലി നോക്കിയപ്പോൾ അതിൽ ഒരു കൽക്കരി കഷണം ചിമ്മിനിക്കു സമീപം ഒറ്റയ്ക്കു വീണു കിടക്കുന്നു.

അമ്മ മകളോടു പറഞ്ഞു: ‘ആ കൽക്കരി കഷണം എടുത്ത് ചിമ്മിനിയിൽ ഇട്’

മകൾ: ‘ഇല്ല, എന്നെക്കൊണ്ടാവില്ല’

അമ്മ: ‘എന്തുകൊണ്ടുവയ്യ? അതിൽ തീ ഇല്ല. കൈകൊണ്ടെടുത്താൽ കുഴപ്പമില്ല’

മകൾ: ‘അതിൽ തീ ഇല്ലെന്നും എടുത്താൽ പൊള്ളുകയില്ലെന്നും എനിക്കറിയാം. പക്ഷേ, അത് കൈകൊണ്ടെടുത്താൽ കൈയിൽ കരിപുരളും’.

അമ്മ: ‘ശരിയാണ് മകളേ, ഞാൻ നേരത്തെ പറഞ്ഞതും ഇതേ കാര്യമാണ്. നീ ചെയ്യാനാഗ്രഹിക്കുന്നത് പാപകരമല്ലാത്തതുകൊണ്ട് നിനക്ക് പൊള്ളുകയില്ല. പക്ഷേ നിന്റെ മേൽ കരി പുരളും. അതുകൊണ്ടാണ് അത് ചെയ്യേണ്ടന്ന് ഞാൻ പറഞ്ഞത് മനസ്സിലായോ?’

മകൾക്കു മനസ്സിലായി. അവൾ അമ്മ പറഞ്ഞതിനു കീഴ്പ്പെട്ട് അത് വേണ്ടന്നു വച്ചു.

*അങ്കം പൊരുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനു തന്നെ.* (1 കൊരിന്ത്യർ 9:25).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 – ലക്കം 3

മാർച്ച് 2014



JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)
വാല്യം 12 മാർച്ച് 2014 ലക്കം 3

വാർഷിക സ്വമേധ സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള– 686 016,
ഫോൺ 0481–2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

## ഒറ്റനോട്ടത്തിൽ

**ഒന്നാമതു വേണ്ടത്**

*ദൈവത്തിന്*
*ഒന്നാമതു വേണ്ടത്*
*നമ്മളെയാണ്;*
*നമ്മുടെ*
*പ്രവർത്തനങ്ങളെയല്ല.*

## മൊഴിമുത്തുകൾ

### എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം



നമ്മോട് അഭിപ്രായം തേടാതെതന്നെ അവിടുത്തെ ഇഷ്ടംപോലെ തന്നെ നമ്മെ ഉപയോഗിക്കാൻ യേശുവിനെ അനുവദിക്കുക. നമ്മെത്തന്നെ ഈ നിലയിൽ പൂർണ്ണമായി ദൈവത്തിന് നൽകാത്തപ്പോൾ നാം എത്ര ദരിദ്രരാണ്!

മദർ തെരേസ

## വിശ്വാസത്തിന്റെ ഇന്ധനം




'ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു...' *(റോമർ 10:17)*

# INTEGRITY



During Traffic Safety Week, a recently recruited traffic policeman on duty at a busy crossroad apprehended a driver for violating a traffic signal. He pulled out his entry book and politely asked to see the driver's license.

The driver, who happened to be a high-ranking officer in the Police Department, flashed his credentials. The traffic cop glanced at it, then continued making his entry.

Traffic PoliceVisibly annoyed, the officer said sternly, "Remember lad, that one day when your name comes up for promotion, I may be the one in charge of approving it."




Without the slightest hesitation, the policeman offered the senior officer his ticket, and said, with a smile: "When it comes to that, sir, please remember that you have one honest policeman in your employ."




*"Walk as children of light ...., finding out what is acceptable to the Lord. And have no fellowship with the unfruitful works of darkness, but rather expose them''.*

*(Ephesians 5:8-11)*

## എഡിറ്റോറിയൽ

# എപ്പോഴും എല്ലായിടത്തും



'ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം' (2 കൊരി. 2 :14).

ഈ വചനത്തിൽ ഏറ്റവും പ്രയാസമുള്ള രണ്ടുവാക്കുകളുണ്ട്. അവ 'എപ്പോഴും' (always) 'എല്ലായിടത്തും' (every place) എന്നിവയാണെന്ന് നിങ്ങൾക്കും തോന്നുന്നില്ലേ? ദൈവികജ്ഞാനത്തിന്റെ പരിമളം പരത്തി ജയഘോഷത്തോടെ നടക്കുന്നവനാണ് നമ്മെ വിളിച്ചിരിക്കുന്നത്. ശരി. പക്ഷേ അത് 'ചില നേരങ്ങളിൽ' 'ചില സ്ഥലങ്ങളി'ലല്ല, കാലദേശഭേദമില്ലാതെ എപ്പോഴും എല്ലായിടത്തുമാണ്!

അങ്ങനെ കഴിയുമോ? ദുഃഖത്തിന്റെ തീരങ്ങളിൽ, മരണനിഴലിൻതാഴ്വരയിൽ, ജയോത്സവമായി നടക്കാൻ നമുക്കു കഴിയുമോ? ആട്ടെ, ജയോത്സവമായി നടക്കുക എന്നു പറഞ്ഞാൽ എന്താണ്? ദൈവമഹത്വത്തിന്റെ സുഗന്ധം പരത്തുന്നതാണ് ജയോത്സവമായ നടപ്പ് എന്ന് പൗലൊസ് വിശദീകരിക്കുന്നു. അത് എവിടെയും എപ്പോഴും കഴിയുമെന്നാണ് തന്റെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് പൗലൊസ് ഉദ്ഘോഷിക്കുന്നത്. കഷ്ടത, ബുദ്ധിമുട്ട്, സങ്കടം, തല്ല്, തടവ്, കലഹം, അധ്വാനം, ഉറക്കിളപ്പ്, പട്ടിണി എന്നിവയുടെ നടുവിലും ജീവനോടിരിക്കുമോ എന്ന് നിരാശ തോന്നുന്ന സാഹചര്യത്തിന്റെ മധ്യത്തിലും (2 കൊരി. 6:5; 1:8) ക്രിസ്തുവിന്റെ സൗരഭ്യവാസനയായിരുന്ന പൗലൊസ് നമുക്കും എല്ലായിടത്തും എപ്പോഴും ഇത് കഴിയുമെന്ന് ഉറപ്പ് നൽകുന്നു.

കഷ്ടതയുടെയും ബുദ്ധിമുട്ടിന്റെയും നിരാശാഘട്ടങ്ങളിൽ പരാതിയുടെയും പിറുപിറുപ്പിന്റെയും ദുർഗന്ധമാണ് സാധാരണ വീടുകളിൽ നിന്ന് ഉയരുന്നത്. എന്നാൽ ആ സാഹചര്യത്തിൽതന്നെ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന സൗരഭ്യംകൊണ്ട് വീടു നിറയ്ക്കാൻ കഴിയും (യോഹന്നാൻ 12:3). എങ്ങനെ ഇതു കഴിയും? 'ആരാണിതിനു പ്രാപ്തൻ'? – പൗലൊസ് ചോദിക്കുന്നു (2 കൊരിന്ത്യർ 2:16). മറുപടിയും പൗലൊസ് തന്നെ പറയുന്നു: 'ഞങ്ങൾ പ്രാപ്തർ എന്നല്ല; ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ' (3:5).

കഷ്ടതയിലൂടെയും ശോധനകളിലൂടെയും കടന്നുപോകുന്ന ഒരു ഭവനം സന്ദർശിക്കാൻ നിങ്ങൾ ചെല്ലുമ്പോൾ നിർബന്ധമായും ചെരുപ്പ് പുറത്ത് ഊരിവയ്ക്കണമെന്ന് ഒരു ദൈവഭൃത്യൻ സരസമായി എഴുതിയിട്ടുള്ളത് ഓർത്തു പോകുന്നു. അതിനുള്ള കാരണവും അദ്ദേഹം എഴുതി–'ആ സ്ഥലം വിശുദ്ധഭൂമിയാണ്, കാലിൽ നിന്ന് ചെരുപ്പ് അഴിച്ചു കളക' (പുറപ്പാട് 3:5). എന്തെന്നാൽ ദൈവത്തിന്റെ നിറസാന്നിധ്യം അവിടെയുണ്ട്. ദൈവം ആ വീട്ടിൽ ഇരുന്ന് ഒരു പ്രവൃത്തി ചെയ്യുകയാണ്. 'അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധി വരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവി പുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കുകയാണ്' (മലാഖി 3:3). അതുകൊണ്ട് ആ വീട്ടിലേക്കു പ്രവേശിക്കും മുമ്പ് നീ നിന്റെ മുൻവിധിയുടെയും വിമർശനത്തിന്റെയും ചെരുപ്പ് നിർബന്ധമായും പുറത്ത് അഴിച്ചുവയ്ക്കണം.

ഒരു ദൈവപൈതൽ ശോധനയിലൂടെ കടന്നുപോകുമ്പോൾ അവനെ ജാഗ്രതയോടെ ശ്രദ്ധിച്ചുകൊണ്ട് വെള്ളിയും പൊന്നും ശുദ്ധീകരിക്കുന്ന ഒരു തട്ടാനെപ്പോലെ ദൈവം അവന്റെ സമീപത്തിരിപ്പുണ്ട്. പൊന്നു തീയിൽ ഉരുക്കുമ്പോൾ തട്ടാന്റെ കണ്ണുകൾ ഉരുകുന്ന പൊന്നിന്റെമേലാണ്. ഒരു പരിധിയിലേറെ ഉരുകിയാൽ പൊന്നുരുകി തീയിൽ വീണു നഷ്ടമാകുന്നുള്ളതിനാൽ വേണ്ടത്ര സമയം മാത്രമേ തട്ടാൻ അതിനെ തീയിൽ പിടിക്കുകയുള്ളൂ. ദൈവവും നമുക്ക് സഹിക്കാവുന്നതിലേറെ ഒരു മിനിറ്റുപോലും നമ്മെ ശോധനയുടെ തീയിൽ പിടിക്കുകയില്ല (1 കൊരി. 10:13)! പൊന്നു വേണ്ടത്ര ഉരുകി കഴിഞ്ഞുവെന്ന് തട്ടാനു ബോധ്യം ലഭിക്കുന്നത് ഉരുകിയ പൊന്നിൽ തട്ടാനു തന്റെ മുഖം പ്രതിഫലിച്ചു കാണാൻ കഴിയുമ്പോഴാണ്. തന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയെന്നതാണല്ലോ ശോധനയുൾപ്പെടെ ദൈവം നമുക്ക് അനുവദിക്കുന്ന എല്ലാ സാഹചര്യങ്ങളുടേയും ആത്യന്തിക ലക്ഷ്യവും (റോമർ 8:29, എബ്രായർ 12:10).

എബ്രായർ പന്ത്രണ്ടാമധ്യായത്തിൽ ശോധനയിലൂടെ കടന്നു പോകുന്ന ഒരു ദൈവപൈതലിന് ധൈര്യപ്പെടുത്തുവാനുള്ള അഞ്ച് കാരണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധിക്കുക. (6–11 വരെയുള്ള വാക്യങ്ങൾ). ഒന്ന്: ഞാൻ മകനാണ്. എനിക്കൊരു പിതാവുണ്ട്. (ഞാൻ ജാരസന്തതിയല്ല). രണ്ട്: പിതാവ് എന്നെ സ്നേഹിക്കുന്നു. (കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു). മൂന്ന്: അവിടുന്ന് ആവശ്യത്തിന് മാത്രമേ ശോധന അനുവദിക്കുകയുള്ളൂ (തങ്ങൾക്കു ബോധിച്ച പ്രകാരം കുറെ കാലത്തേക്കു ശിക്ഷിക്കുന്ന ജഡസംബന്ധമായ പിതാക്കന്മാരെപ്പോലെയല്ല ആത്മാക്കളുടെ പിതാവ്). നാല്: ഗുണത്തിനായാണ് ശിക്ഷിക്കുന്നത് (അവിടുത്തെ വിശുദ്ധി പ്രാപിക്കുക എന്നതാണ് ആ നന്മ). അഞ്ച്: പിന്നത്തേതിൽ ഒരു പ്രതിഫലം കിട്ടും (അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും).

വസ്തുത ഇതായിരിക്കെ, ഇവയൊന്നും മനസ്സിലാക്കാതെ കഷ്ടം അനുഭവിക്കുന്ന ഒരു വിശ്വാസിയെ സംശയിക്കുകയും വിമർശിക്കുകയും ചെയ്യുന്നവർ തങ്ങൾ ചെയ്യുന്നത് എന്താണെന്നറിയാത്തവരാണ്. സഹോദരന്മാരെ കുറ്റംചുമത്തുന്ന അപവാദിയായ പിശാചിനോടും (വെളിപ്പാട് 12:10) ദൈവത്തിന്റെ ക്രോധം ഏറ്റുവാങ്ങിയ ഇയ്യോബിന്റെ സ്നേഹിതന്മാരോടും (ഇയ്യോബ് 42:7) തങ്ങൾ പങ്കാളികളാകുകയാണെന്ന് അവർ തിരിച്ചറിയുന്നില്ല. ഭൗതികമായ സമൃദ്ധി മാത്രമാണ് ദൈവപ്രസാദത്തിന്റെ തെളിവെന്നും കഷ്ടങ്ങളും മരണവും ദൈവത്തിന് മഹത്വകരമല്ലെന്നുമുള്ള ലോകത്തിന്റെ ചിന്താഗതി പങ്കിടുന്നവരാണവർ. മരണംകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്താം എന്ന കർത്താവിന്റെ വാക്കുകൾ (യോഹന്നാൻ 21:19; 11:4) അവർ വിശ്വസിക്കുന്നില്ല!

കഷ്ടതയുടെയും മരണത്തിന്റെയും ഉൾപ്പെടെയുള്ള എല്ലാ സഹാചര്യങ്ങളിലും പരാതിയും പരിഭവവുമില്ലാതെ ദൈവമഹത്വത്തിന്റെ സുഗന്ധംപരത്തി ജയോത്സവമായി ഒരു ദൈവപൈതൽ നടക്കുന്നത്



*(ശേഷം പേജ് 31 ൽ)*

**ചിന്തയ്ക്ക്**

# സങ്കടകരമായ സന്ദർഭങ്ങളിലും ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയും!

*(2014 ഫെബ്രുവരി രണ്ടിനു ഞായറാഴ്ച സഭായോഗത്തിനു ഭർത്താവുമൊത്തു പോകുമ്പോൾ റോഡപകടത്തിൽ നിര്യാതയായ സഹോദരി ഡോളി ക്ളീറ്റസിന്റെ ശവസംസ്കാര ശുശ്രൂഷയിൽ സാക്പുന്നൻ നൽകിയ സന്ദേശം)*

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈ പ്രിയ സഹോദരിയുടെ ശവസംസ്കാര ശുശ്രൂഷയിൽ നാം ഏതു തരം സാക്ഷ്യമാണു നൽകുന്നതെന്ന് സ്വർഗത്തിലെ ദൂതസംഘവും നരകത്തിലെ പിശാചുക്കളും ഇപ്പോൾ നമ്മെ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ നാം ദൈവത്തെ മഹത്വപ്പെടുത്തുവാനും സ്തുതിക്കുവാനും ആഗ്രഹിക്കുകയാണ്.മാത്രമല്ല,നമ്മുടെ ദൈവം സ്നേഹമുള്ള പിതാവാണെന്നും നമുക്കോ നമ്മുടെ പ്രിയപ്പെട്ടവർക്കോ എന്തെല്ലാം സംഭവിച്ചാലും നാം തുടർന്നും തന്നെ വിശ്വസിക്കുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുമെന്ന് ഉച്ചത്തിൽ പ്രഘോഷിക്കുവാനും നാം ആഗ്രഹിക്കുന്നു.

നമ്മുടെ പ്രിയ സഹോദരിയുടെ ധന്യമായ ഓർമ്മകൾക്കു മുൻപിൽ നാം ദൈവത്തെ



*വീട് കൊടുങ്കാറ്റിൽ നിലംപൊത്തിയതിനെതുടർന്ന് തന്റെ പത്തു മക്കളും ഒരേ സമയം മരിച്ച ഇയ്യോബ് എന്ന ദൈവഭക്തനായ മനുഷ്യനെക്കുറിച്ചു നാം ബൈബിളിൽ വായിക്കുന്നു. ദൈവത്തിന് ഏതു കൊടുങ്കാറ്റിനെയും, ഏത് അപകടത്തെയും, തടയാൻ കഴിയും. എന്നാൽ ചിലപ്പോൾ അവിടുന്ന് അങ്ങനെചെയ്യുന്നില്ല.*

നന്ദിയോടെ സ്തുതിക്കുന്നു. തന്റെ ജീവിതത്തിലൂടെ ക്രിസ്തുവിന്റെ പരിമളമാണ് അവൾ അവശേഷിപ്പിച്ചിരിക്കുന്നത്.അവളുടെ സൗമ്യതയും സാവധാനതയുമുള്ള ആത്മാവ് ഏറെ മതിപ്പ് ഉളവാക്കിയിട്ടുണ്ട്.ആരെക്കുറിച്ചെങ്കിലുമോ എന്തിനെക്കുറിച്ചെങ്കിലുമോ അവൾ പരാതിപ്പെടുന്നതായി കേട്ടിട്ടില്ല. മറ്റൊരാളെക്കുറിച്ചു തിന്മയോ പരദൂഷണമോ പറയുന്നതും ഞങ്ങൾ കേട്ടിട്ടില്ല.തനിക്കുണ്ടായിരുന്ന അതേ ദൈവിക മൂല്യങ്ങളിൽ തന്റെ മകളെയും വളർത്തിയെടുത്ത അനുഗൃഹീതയായ മാതാവുമായിരുന്നു അവർ.ഈ രണ്ടു മേഖലയിലും സഹോദരി എല്ലാ ക്രിസ്ത്യാനികൾക്കും ഒരു നല്ല മാതൃകയാണ്.

ദു:ഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളോട് ആദ്യമായി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:ദൈവം നിങ്ങളുടെ സ്നേഹമുള്ള പിതാവാണ്.അതുകൊണ്ട് 2കൊരിന്ത്യർ 12:9ൽ വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ ഇതു സഹിപ്പാൻ വേണ്ട വലിയ കൃപ അവിടുന്നു നിങ്ങൾക്കു തരും. യെശ്ശയ്യാവ് 43:1.2 വാക്യങ്ങളിൽ ദൈവം നിങ്ങളോടു പറയുന്നു:ഭയപ്പെടേണ്ട.ഞാൻ നിങ്ങളെ വിലകൊടുത്തു വാങ്ങിയിരിക്കുന്നു. ഞാൻ നിങ്ങളെ പേരു ചൊല്ലിവിളിച്ചിരിക്കുന്നു. നിങ്ങൾ എന്റേതാണ്.ആഴമുള്ള വെള്ളങ്ങളിലൂടെ നിങ്ങൾ പോകുമ്പോൾ ഞാൻ നിങ്ങളോടു കൂടെ ഇരിക്കും. നിങ്ങൾ മുങ്ങിപ്പോകയില്ല. ഈ അഗ്നിയിലൂടെ പോകുമ്പോൾ നിങ്ങൾ വെന്തുപോകയില്ല.അഗ്നിജ്വാല നിങ്ങളെ ദഹിപ്പിച്ചുകളയുകയില്ല. കർത്താവ് ഈ ആഴമുള്ള വെള്ളങ്ങളിലും തീയിലൂം നിങ്ങളോടു കൂടെ ഇരിക്കും.ഈ അഗ്നിയിലൂടെ സ്ഫുടം ചെയ്യപ്പെട്ടവരായി, ജീവിതത്തിൽ മുൻപുണ്ടായിരുന്നതിനെക്കാൾ കൂടുതൽ കൃപ നേടിയവരായി, നിങ്ങൾ പുറത്തുവരും.വരാൻപോകുന്ന ദിവസങ്ങളിൽ ജീവിതത്തിൽ സമാനമായ ശോധനകളെ അഭിമുഖീകരിക്കുന്നവരെ ആശ്വസിപ്പിക്കുന്ന ഒരു ശുശ്രൂഷ നിങ്ങൾക്കു നൽകാൻ ഈ അനുഭവങ്ങളെ ദൈവം ഉപയോഗിക്കും. അത്തരം ഒരു ശുശ്രൂഷ നിങ്ങൾക്ക് ഭാവിയിൽ ഉണ്ടാകുന്നതു ഞങ്ങൾ കാത്തിരിക്കുന്നു, ആ പ്രത്യാശയിൽ സന്തോഷിക്കുകയും ചെയ്യുന്നു. സത്യം, ദൈവം എല്ലാ സമയത്തും തന്റെ കുഞ്ഞുങ്ങൾക്കു നല്ലവനാണ്.

മരണത്തിന്റെ താക്കോൽ എന്റെ കൈവശമുണ്ട് - വെളിപ്പാടു 1:18ൽ നമ്മുടെ കർത്താവായ യേശു അങ്ങനെയാണു പറഞ്ഞിരിക്കുന്നത്.തന്റെ കുഞ്ഞുങ്ങളുടെ മരണത്തിന്റെ വാതിൽ നമ്മുടെ കർത്താവു തന്നെയാണു തുറക്കുന്നതെന്നാണ് ഇതിന്റെ അർഥം. അതുകൊണ്ട് നമ്മുടെ സഹോദരിക്ക് ആ വാതിൽ തുറന്നതു നമ്മുടെ കർത്താവു തന്നെയാണ്. സംശയമില്ല. ദൈവം സർവാധിപതിയായതിനാൽ എങ്ങനെ(ഏതു സ്ഥലത്ത് വച്ച്, ഏതു സമയത്ത്, ഏതു വിധത്തിൽ)തന്നെ വീട്ടിൽ ചേർക്കണമെന്നു തീരുമാനിക്കാനുള്ള അവകാശം അവിടുത്തേക്കു മാത്രമാണ്. ഇത് അംഗീകരിക്കുന്നതു നമ്മെ സംബന്ധിച്ചിടത്തോളം വളരെ വേദനാജനകമാണ്, എന്നാൽ ഇതാണു വാസ്തവം. നമ്മുടെ തലമുറയിലെ ദൈവത്തിന്റെ വിലയേറിയ ഭൃത്യന്മാരിലൊരാളായിരുന്ന ഡേവിഡ് വിൽക്കേഴ്സൺ അമേരിക്കയിൽ രണ്ടു വർഷം മുൻപ് മഹത്വത്തിൽ ചേർക്കപ്പെട്ടത് ഒരു റോഡപകടത്തിലൂടെയാണ്. ഭാവിയിലെ അനർത്ഥങ്ങൾ നിറഞ്ഞ ദിനങ്ങളിൽ നിന്നു ഒഴിഞ്ഞുപോകാൻ ദൈവം നീതിമാനെനേരത്തെ എടുത്തുകൊള്ളുന്നത് പലർക്കും മനസ്സിലാകുകയില്ലെന്നു യെശയ്യാവ് 57:1ൽ പറഞ്ഞിരിക്കുന്നല്ലോ.

നമ്മുടെ സഹോദരിയെപ്പോലെ പലരും മുന്നറിയിപ്പില്ലാതെ പൊടുന്നനെസ്വർഗീയ

*(ശേഷം പേജ് 29 ൽ)*





**ഉപദേശസത്യങ്ങൾ-II**

# രക്ഷയെക്കുറിച്ചുള്ള സത്യങ്ങൾ

**ദൈവവചനം** രക്ഷയെ മൂന്നു കാലത്തിലും വിശദീകരിക്കുന്നു-ഭൂതകാലം (എഫേസ്യർ 2:8), വർത്തമാനകാലം (ഫിലി. 2:12), ഭാവികാലം (റോമർ 13:11). ഇവയെ നീതികരണം, വിശുദ്ധീകരണം, തേജസ്കരണം എന്നും പറയാം.

രക്ഷയ്ക്ക് ഒരു അടിസ്ഥാനവും മുകൾഭാഗവും ഉണ്ട്. പാപക്ഷമയും നീതികരണവുമാണ് അടിസ്ഥാനം.

നീതികരണം എന്നതു കേവലം പാപക്ഷമയല്ല. ക്രിസ്തുവിന്റെ മരണ, പുനരുത്ഥാന, ആരോഹണത്തിന്റെ അടിസ്ഥാനത്തിൽ ദൈവം നമ്മെ നീതിമാന്മാരെന്നു പ്രഖ്യാപിക്കുന്നതാണത്. നമ്മുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലല്ല ഈ പ്രഖ്യാപനം (എഫേസ്യർ 2:8, 9). കാരണം നമ്മുടെ നീതിപ്രവർത്തികൾ ദൈവത്തിന്റെ കാഴ്ചപ്പാടിൽ കറപുരണ്ട തുണികൾ പോലെയാണ് (യെശ. 64:6). ക്രിസ്തുവിന്റെ നീതീകരണം നമ്മൾ ധരിച്ചിരിക്കുന്നു (ഗലാ. 3:27) പാപക്ഷമയുടേയും നീതീകരണത്തിന്റേയും രണ്ടു വ്യവസ്ഥകൾ മാനസാന്തരവും വിശ്വാസവുമാണ് (അപ്പോ: പ്രവൃത്തി 20:21).

ശരിയായ മാനസാന്തരം പശ്ചാത്താപത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം - പണവും വസ്തുക്കളും നികുതിക്കടങ്ങളും തിരിച്ചു നൽകുക, മറ്റുള്ളവരുടേതായി നമ്മുടെ കൈവശം ഉള്ളതെല്ലാം മടക്കിക്കൊടുക്കുക, നാം തെറ്റു ചെയ്തിട്ടുള്ളവരോടു കഴിയുന്നിടത്തോളം ക്ഷമ ചോദിക്കുക (ലൂക്കോസ് 19:8, 9)എന്നിങ്ങനെ. ദൈവം നമ്മോടു ക്ഷമിക്കുമ്പോൾ നാമും അതേപോലെ മറ്റുള്ളവരോടു ക്ഷമിക്കണം. നാം അതു ചെയ്യാതിരുന്നാൽ ദൈവം തന്റെ ക്ഷമ പിൻവലിക്കും (മത്തായി 18:23-35).

വിശ്വാസം, മാനസാന്തരം എന്നിവയെ തുടർന്ന് നിമജ്ജന സ്നാനത്തിലൂടെ, നമ്മുടെ പഴയ മനുഷ്യൻ കുഴിച്ചിടപ്പെട്ടുവെന്നു നാം മറ്റുള്ളവരുടെയും സാത്താന്റെയും മുമ്പിൽ പരസ്യമായി ദൈവത്തെ സാക്ഷിക്കേണ്ടതുണ്ട് (റോമർ 6:1,6).

പിന്നീട് ആത്മസ്നാനത്തിലൂടെ ക്രിസ്തുവിനെ ജീവിതംകൊണ്ടും നാവുകൊണ്ടും സാക്ഷിക്കാനുള്ള ശക്തി നാം നേടുന്നു (അപ്പോ: പ്രവൃത്തി 1:8). ദൈവമക്കളെല്ലാം വിശ്വാസത്തിലൂടെ പ്രാപിക്കേണ്ട ഒരു ദൈവ വാഗ്ദാനമാണ് ആത്മസ്നാനം (മത്തായി 3:11, ലൂക്കോസ് 11:13).

ആത്മസ്നാനത്തെക്കുറിച്ചുള്ള ഉറപ്പ് (പ്രവൃത്തി 19:2), ദൈവമക്കളാണെന്ന പരിശുദ്ധാത്മാവിന്റെ നമ്മുടെ ഉള്ളത്തോടുള്ള സാക്ഷ്യം (റോമർ 8:16) എന്നിവ എല്ലാ ശിഷ്യരുടേയും അവകാശമാണ്.

വിശുദ്ധീകരണം, അടിസ്ഥാനം കഴിഞ്ഞുള്ള ഒരു കെട്ടിടത്തിന്റെ മുകൾവശം പോലെയാണ്. പുതുജനനത്തോടെ തുടക്കം കുറിക്കുന്ന ഒരു പ്രക്രിയയാണ് പാപത്തോടും ലോകത്തോടുമുള്ള വേർപാട് അഥവാ വിശുദ്ധീകരണം (1കൊരി. 1:2). ഇതു നമ്മുടെ ജീവിതാവസാനം വരെ തുടരേണ്ടതുമാണ് (1തെസ്സ. 5:23, 24). തന്റെ നിയമങ്ങൾ നമ്മുടെ ഹൃദയത്തിലും

ശരിയായ മാനസാന്തരം പശ്ചാത്താപത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം - പണവും വസ്തുക്കളും നികുതിക്കടങ്ങളും തിരിച്ചു നൽകുക, മറ്റുള്ളവരുടേതായി നമ്മുടെ കൈവശം ഉള്ളതെല്ലാം മടക്കിക്കൊടുക്കുക, നാം തെറ്റു ചെയ്തിട്ടുള്ളവരോടു കഴിയുന്നിടത്തോളം ക്ഷമ ചോദിക്കുക എന്നിങ്ങനെ. ദൈവം നമ്മോടു ക്ഷമിക്കുമ്പോൾ നാമും അതേപോലെ മറ്റുള്ളവരോടു ക്ഷമിക്കണം. നാം അതു ചെയ്യാതിരുന്നാൽ ദൈവം തന്റെ ക്ഷമ പിൻവലിക്കും.

മനസ്സിലും എഴുതുന്ന ഈ പ്രക്രിയ പരിശുദ്ധാത്മാവിലൂടെ ദൈവം ആരംഭിച്ച ഒരു പ്രവൃത്തിയാണ്. പക്ഷേ നാം നമ്മുടെ ഭാഗം നിവർത്തിക്കണം. രക്ഷയ്ക്കായി ഭയത്തോടും വിറയലോടും കൂടി പ്രവർത്തിക്കുക എന്നതാണത് (ഫിലി. 2:12, 13). ജഡത്തിന്റെ പ്രവൃത്തികളെ പരിശുദ്ധാത്മ ശക്തിയാൽ മരിപ്പിക്കേണ്ടതു നമ്മൾ തന്നെയാണ് (റോമർ 8:13). ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കേണ്ടത് നമ്മൾ തന്നെയാണ് (2കൊരി. 7:1).

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഒരു ശിഷ്യൻ മൗലികമായും മുഴുഹൃദയത്തോടും സഹകരിച്ചാൽ വിശുദ്ധീകരണം അവന്റെ ജീവിതത്തിൽ വേഗം നടക്കും. ഇതേ സമയം ആത്മാവിന്റെ നടത്തിപ്പുകളോട് ഒരുവൻ തണുത്ത മട്ടിൽ പ്രതികരിച്ചാൽ അവന്റെ ആത്മിക പുരോഗതി വളരെ മെല്ലെയായിരിക്കും.

പരീക്ഷയുടെ സമയത്താണ് വിശുദ്ധീകരണത്തിനായി പൂർണ്ണഹൃദയത്തോടെയുള്ള താൽപര്യം ഒരുവനുണ്ടോ എന്നു പരിശോധിക്കപ്പെടുന്നത്.

വിശുദ്ധീകരിക്കപ്പെടുകയെന്നാൽ ന്യായപ്രമാണത്തിന്റെ നീതി നമ്മുടെ ഹൃദയങ്ങളിൽ നിറവേറ്റപ്പെടുക എന്നതാണ്. ഇതു പക്ഷേ പഴയ ഉടമ്പടിയിലെന്നതുപോലെ ബാഹ്യമായ ഒരു തലത്തിലല്ല (റോമർ 8:4). മത്തായി 5: 17-48-ൽ യേശു ഈ കാര്യം ഊന്നി പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക.

ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക, അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്നിങ്ങനെ ന്യായപ്രമാണത്തെ മുഴുവൻ യേശു ഒതുക്കി പറഞ്ഞതായി നാം വായിക്കുന്നു (മത്തായി 22:36-40).

സ്നേഹത്തിന്റെ പ്രമാണമാണ് ദൈവം നമ്മുടെ ഹൃദയങ്ങളിൽ ഇന്ന് എഴുതുവാൻ ശ്രമിക്കുന്നത്. കാരണം അതാണല്ലോ അവിടുത്തെ സ്വഭാവം (എബ്രായർ 8:10, 2 പത്രോസ് 1:4). എല്ലാ ബോധപൂർവമായ പാപത്തിന്മേലുള്ള ജയം, യേശുവിന്റെ എല്ലാ കൽപനകളുടേയും അനുസരണം (യോഹന്നാൻ 4:15) എന്നിവയാണ് സ്നേഹത്തിന്റെ പ്രമാണത്തിന്റെ ബാഹ്യപ്രകടനം.

യേശു തന്നെ വച്ചിട്ടുള്ള ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ പാലിക്കാതെ ആർക്കും ഈ ജീവിതത്തിലേക്കു കടക്കുവാനാവില്ല (ലൂക്കോസ് 14:26-33).

ഇത് അടിസ്ഥാനപരമായി സ്വന്തം ബന്ധുക്കളേയും സ്വന്ത ജീവനേയും വെറുക്കുകയും ഭൗതിക വസ്തുവകകളോട് അകലം പാലിക്കുകയും ചെയ്യുക എന്നതാണ്.

ഇതാണ് ആദ്യമായി നാം കടക്കേണ്ട ഇടുക്കു വാതിൽ. പിന്നീടു വേർപാടിന്റെ ഇടുക്കു വഴി നമുക്കു മുന്നിലുണ്ട്. ശുദ്ധീകരണം നിരന്തരമായി അന്വേഷിക്കാതെ





ആർക്കും കർത്താവിനെ കാണുവാനാവുകയില്ലല്ലോ (എബ്രായർ 12:14).

നമ്മുടെ മനഃസാക്ഷിയിൽ ബോധപൂർവമായി പൂർണ്ണരായിരിക്കുവാൻ ഇവിടെ ഇപ്പോൾ തന്നെ നമുക്കു കഴിയും (എബ്രാ. 7:19; 9:9, 14). എന്നാൽ പാപരഹിതമായ ഒരു പൂർണ്ണത യേശുക്രിസ്തുവിന്റെ മടങ്ങിവരവിൽ നമുക്കു തേജസ്കരിക്കപ്പെട്ട ഒരു ശരീരം ലഭിക്കുന്നതുവരെ നേടുവാൻ കഴിയുകയില്ല (1യോഹന്നാൻ 3:2). അവനെപ്പോലെയാകാൻ നമുക്ക് അപ്പോഴേ കഴിയുകയുള്ളൂ. എന്നാൽ അവൻ നടന്നതുപോലെ നടക്കുന്നത് എങ്ങനെയെന്ന് നാം ഇപ്പോഴേ അന്വേഷിക്കേണ്ടിയിരിക്കുന്നു (1യോഹ. 2:6).

ഈ താഴ്ചയുള്ള ശരീരത്തിൽ ഇരിക്കുമ്പോൾ നാം എത്രതന്നെ ശുദ്ധീകരണം പ്രാപിച്ചാലും അബോധപൂർവമായ പാപം നമ്മിൽ കണ്ടെത്താം. എന്നാൽ നാം പൂർണ്ണഹൃദയം ഇതിൽ വച്ചിരിക്കുന്നുവെങ്കിൽ (1കൊരി. 4:4) നമുക്കു മനഃസാക്ഷിയിൽ പൂർണ്ണതയും (അപ്പോ. പ്രവൃത്തി 24:16) ബോധപൂർവമായ പാപങ്ങളിന്മേൽ വിജയവും (1യോഹ. 2:1) ഇവിടെവച്ചു തന്നെ നേടുവാൻ കഴിയും.

അതുകൊണ്ട് ക്രിസ്തുവിന്റെ രണ്ടാം വരവിനും നമ്മുടെ ശരീരങ്ങളുടെ തേജസ്കരണത്തിനുമായി നാം കാത്തിരിക്കുന്നു. രക്ഷയുടെ അവസാന ഭാഗം - പാപരഹിതമായ പൂർണ്ണത - അപ്പോഴേ പൂർത്തിയാകുകയുള്ളൂ (റോമർ 8:23, ഫിലി. 3:21).

സഭ ക്രിസ്തുവിന്റെ ശരീരമാണ്. അതിന് ഒരു തലയേ ഉള്ളൂ - ക്രിസ്തു. അതിന് ഒരു കേന്ദ്ര സ്ഥലമേ ഉള്ളൂ -മൂന്നാം സ്വർഗം. ക്രിസ്തുവിന്റെ ശരീരത്തിൽ ഓരോ അവയവത്തിനും അതിന്റെ പ്രവൃത്തി ഉണ്ട് (എഫേ. 4:16). ചില അംഗങ്ങൾക്കു പ്രധാനവും കാണാവുന്നതുമായ ഒരു ശുശ്രൂഷ ഉണ്ടായെന്നു വരാം. എന്നാൽ എല്ലാ അംഗങ്ങൾക്കും വിലപ്പെട്ട എന്തെങ്കിലും സംഭാവന ചെയ്യാനുണ്ടായിരിക്കുമെന്നു തീർച്ച.

നമ്മുടെ മനഃസാക്ഷിയിൽ ബോധപൂർവമായി പൂർണ്ണരായിരിക്കുവാൻ ഇവിടെ ഇപ്പോൾ തന്നെ നമുക്കു കഴിയും. എന്നാൽ പാപരഹിതമായ ഒരു പൂർണ്ണത യേശുക്രിസ്തുവിന്റെ മടങ്ങിവരവിൽ നമുക്കു തേജസ്കരിക്കപ്പെട്ട ഒരു ശരീരം ലഭിക്കുന്നതുവരെ നേടുവാൻ കഴിയുകയില്ല. അവനെപ്പോലെയാകാൻ നമുക്ക് അപ്പോഴേ കഴിയുകയുള്ളൂ. എന്നാൽ നാം പൂർണ്ണഹൃദയം ഇതിൽ വച്ചിരിക്കുന്നുവെങ്കിൽ നമുക്കു മനഃസാക്ഷിയിൽ പൂർണ്ണതയും ബോധപൂർവമായ പാപങ്ങളിന്മേൽ വിജയവും ഇവിടെവച്ചു തന്നെ നേടുവാൻ കഴിയും.

ക്രിസ്തു തന്റെ ശരീരത്തിന്റെ പണിക്കായി സഭയ്ക്ക് അപ്പോസ്തോലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ നൽകിയിരിക്കുന്നു (എഫേസ്യർ 4:11). ഇവ ശുശ്രൂഷകളാണ്, ബിരുദങ്ങളല്ല. അപ്പോസ്തലന്മാർ, പ്രാദേശിക സഭകൾ സ്ഥാപിക്കാനായി വിളിച്ച് ദൈവത്താൽ അയയ്ക്കപ്പെട്ടവരാണ്. സഭയിൽ അവരാണ് ഒന്നാമത് (1കൊരി. 12:28). അവർ തങ്ങളുടെ അതിരിന്നുള്ളിൽ സഭയിലെ മൂപ്പന്മാരുടെ മൂപ്പന്മാരുമാണ് (2കൊരി. 10:13). പ്രവാചകന്മാർ, ദൈവജനത്തിന്റെ മറഞ്ഞിരിക്കുന്ന ആവശ്യങ്ങളെ വെളിവാക്കി അതിനു ശുശ്രൂഷിക്കുന്നു. ജാതികളെ ക്രിസ്തുവിലേക്കു കൊണ്ടുവരാനുള്ള വരമുള്ളവരാണ് സുവിശേഷകന്മാർ. രക്ഷിക്കപ്പെട്ടവരെ ഇവർ പിന്നീടു ക്രിസ്തുവിന്റെ ശരീരമായ പ്രാദേശിക സഭയിലേക്കു കൊണ്ടുവരണം (ഇവിടെയാണ്

> സഭ ക്രിസ്തുവിന്റെ ശരീരമാണ്. അതിന് ഒരു തലയേ ഉള്ളൂ - ക്രിസ്തു. അതിന് ഒരു കേന്ദ്ര സ്ഥലമേ ഉള്ളൂ - മൂന്നാം സ്വർഗം. ക്രിസ്തുവിന്റെ ശരീരത്തിൽ ഓരോ അവയവത്തിനും അതതിന്റെ പ്രവൃത്തി ഉണ്ട്. ചില അംഗങ്ങൾക്കു പ്രധാനവും കാണാവുന്നതുമായ ഒരു ശുശ്രൂഷ ഉണ്ടായെന്നു വരാം. എന്നാൽ എല്ലാ അംഗങ്ങൾക്കും വിലപ്പെട്ട എന്തെങ്കിലും സംഭാവന ചെയ്യാനുണ്ടായിരിക്കുമെന്നു തീർച്ച. പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യാൻ സ്ത്രീകളെ അനുവദിച്ചിട്ടുണ്ട്. പക്ഷേ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ അവർക്ക് അവകാശമില്ല

ആധുനിക സുവിശേഷീകരണം പരാജയപ്പെട്ടിരിക്കുന്നത്). കുഞ്ഞാടുകളെയും ആട്ടിൻകൂട്ടത്തെയും പരിപാലിക്കുന്നവരാണ് ഇടയന്മാർ. ഉപദേഷ്ടാക്കന്മാർ തിരുവെഴുത്തുകളും ഉപദേശങ്ങളും വിശദീകരിക്കുന്നു. ഈ അഞ്ചുവിധ ദാനങ്ങളും ലോകവ്യാപകമായി സഭയ്ക്ക് നൽകപ്പെട്ടിട്ടുള്ളതാണ്. ഇതിൽ ഇടയന്മാർ എല്ലാ പ്രാദേശിക സഭകൾക്കും ആവശ്യമാണ്. മറ്റുള്ള ദാനങ്ങൾ മറ്റു സ്ഥലങ്ങളിൽനിന്നു സ്വീകരിക്കാവുന്നതാണല്ലോ.

പ്രാദേശിക സഭയുടെ നേതൃത്വം മൂപ്പന്മാരുടെ കൈകളിലായിരിക്കണം. പുതിയനിയമം ഇക്കാര്യം വ്യക്തമായി പഠിപ്പിക്കുന്നു (തീത്തോസ് 1:5, പ്രവൃത്തി 14:23). 'മൂപ്പന്മാർ' എന്ന പദം ബഹുവചനമായതിനാൽ ഒരു പ്രാദേശിക സഭയിൽ രണ്ടു പേരെങ്കിലും ഉണ്ടായിരിക്കണം. പ്രാദേശിക സഭകളുടെ നേതൃത്വത്തിൽ സന്തുലനം പാലിക്കുന്നതിനും ദൈവസാന്നിധ്യത്തിന്റെ ശക്തിയാൽ സാത്താന്റെ പ്രവർത്തനങ്ങളെ ബന്ധിക്കുന്നതിനും മൂപ്പന്മാരുടെ സംഘം ആവശ്യമാണ് (മത്തായി 18:18-20).

സഭയിൽ ഒരാൾ മാത്രം നേതാവായിരിക്കുന്നത് പുതിയനിയമ പഠിപ്പിക്കലിന് എതിരാണ്. ഇതേ സമയം ദൈവവചനത്തിന്റെ വരമുള്ള മൂപ്പന്മാരിൽ ഒരുവന് സഭയുടെ ദൂതനായിരിക്കാൻ (വെളി. 2:1) കഴിയും.

പ്രത്യേക പേരുകൾ എടുക്കുന്നതിൽ നിന്ന് യേശു തന്റെ ശിഷ്യന്മാരെ വിലക്കിയിരുന്നു (മത്തായി 23:7-12). ഗുരു, പിതാവ്, പാസ്റ്റർ, റവറന്റ്, ലീഡർ എന്നിങ്ങനെയുള്ള വിശേഷണങ്ങളെല്ലാം ദൈവവചനത്തിന് എതിരാണ്. സത്യത്തിൽ 'റവറണ്ട്' എന്ന പദം ബൈബിളിൽ ദൈവത്തിനുള്ള പേരാണ് (സങ്കീ. 111:10). ആ വിശേഷണം സ്വയം ഉപയോഗിക്കുന്നവൻ ദൈവത്തെപ്പോലെയാകാൻ ശ്രമിച്ച ലൂസിഫറിനെപ്പോലെ (യെശ. 14:14) ദൈവസന്നിധിയിൽ കുറ്റക്കാരാണ്. ദൈവസഭയിൽ എല്ലാവരും, വലിയവരും ചെറിയവരും, സഹോദരനും ഭൃത്യനുമാണ്.

വേദപഠനത്തിനോ (പ്രവൃത്തി 20:9, 11) പ്രാർത്ഥനയ്ക്കോ (പ്രവൃത്തി 12: 5, 12), സുവിശേഷീകരണത്തിനോ (പ്രവൃത്തി 2:14-40) ഉള്ള പ്രത്യേക മീറ്റിംഗ് അല്ലെങ്കിൽ പ്രാദേശിക സഭകളുടെ കൂടിവരവിൽ എല്ലാ ശിഷ്യന്മാർക്കും പ്രവചിക്കാനുള്ള അവസരം ഉണ്ടായിരിക്കണം (1കൊരി. 14:26-40). പ്രവചന വരം മീറ്റിംഗിൽ ആഗ്രഹിക്കുന്നവർക്കെല്ലാം ഉപയോഗിക്കാവുന്നതാണ് (1കൊരി. 14:1, 39). അന്യഭാഷയുടെ വരം പ്രാഥമികമായി വ്യക്തിപരമായി പ്രയോജനത്തിനുള്ളതാണെങ്കിലും (1കൊരി. 14:4, 18, 19) തൊട്ടു പിന്നാലെ വ്യാഖ്യാനിക്കപ്പെടുമെങ്കിൽ മീറ്റിംഗിലും അതിനു പ്രസക്തിയുണ്ട് (1കൊരി. 14:27). അന്യഭാഷയുടെ വ്യാഖ്യാനം ഒരു വെളിപ്പാടോ, പരിജ്ഞാനത്തിന്റെ വാക്കുകളോ, പ്രവചനമോ, പഠിപ്പിക്കലോ, ദൈവത്തോടുള്ള പ്രാർത്ഥനയോ ആകാം (1കൊരി. 14:2-6.





1കൊരിന്ത്യർ 12:8-10, 28, റോമർ 12:6-8 എന്നീ ഭാഗങ്ങളിൽ പറയുന്ന വരങ്ങളെല്ലാം ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കു വേണ്ടിയുള്ളതാണ്. പരിശുദ്ധാത്മാവിന്റെ ഈ വരങ്ങളെ അവഗണിക്കുന്ന ഒരു സഭയ്ക്ക് അവ ഒരിക്കലും ലഭിക്കുകയില്ല.

തല മൂടിക്കൊണ്ട് പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യാൻ സ്ത്രീകളെ അനുവദിച്ചിട്ടുണ്ട് (1കൊരി. 11:5). പക്ഷേ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ അവർക്ക് അവകാശമില്ല (1തിമൊ. 2:12).

സഭയ്ക്ക് സകല ജാതികളേയും ശിഷ്യരാക്കുക എന്ന ലക്ഷ്യത്തോടെ സുവിശേഷം അറിയിക്കാനുള്ള ചുമതല ഉണ്ട് (മർക്കോസ് 16:15, മത്തായി 28: 19). എന്നാൽ ശിഷ്യത്വത്തിലേക്കു നടത്താത്ത സുവിശേഷീകരണമാണ് ക്രിസ്തുവിന്റെ സാക്ഷ്യത്തിന് ഇന്ന് ഭൂമിയിലുള്ള ഏറ്റവും വലിയ തടസ്സം എന്ന് ഓർത്തിരിക്കണം.

അപ്പം മുറിക്കുന്ന ശുശ്രൂഷയിലൂടെ ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുന്ന ചുമതലയും പ്രാദേശിക സഭകൾക്കുണ്ട് (1കൊരി. 11:22-34). പക്ഷേ ഇത് എത്ര സമയം ഇടവിട്ടു നടത്തണം എന്നതിൽ ഓരോ സഭയ്ക്കും ദൈവം നൽകുന്ന സ്വാതന്ത്ര്യം ഉപയോഗിക്കാം. അത് വ്യർത്ഥമായ ഒരു ആചാരമോ ചടങ്ങോ ആകാതിരിപ്പാൻ സൂക്ഷിക്കണമെന്നു മാത്രം.

ധനശേഖരണത്തെക്കുറിച്ചു പറഞ്ഞാൽ, അവിശ്വാസികളിൽ നിന്നു ദൈവവേലയ്ക്കു പണം സ്വീകരിക്കുന്നതു തെറ്റാണെന്നു ദൈവവചനം വ്യക്തമായി പറഞ്ഞിട്ടുണ്ട് (3 യോഹന്നാൻ 7). അതുകൊണ്ട് അവിശ്വാസികൾ കൂടി സംബന്ധിക്കുന്ന ഒരു മീറ്റിംഗിൽ ധനശേഖരണം പാടില്ല. വിശ്വാസികൾ ദൈവവേലയ്ക്കു കൊടുക്കുന്നതു തന്നെ സ്വമേധയായായും രഹസ്യമായും ആയിരിക്കണമെന്നു ദൈവവചനം അനുശാസിക്കുന്നു (2കൊരി. 9:7). പണം ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ മറ്റുള്ളവർക്കു വേലയുടെ റിപ്പോർട്ടുകൾ (അവയ്ക്കു 'പ്രാർത്ഥനാ കത്തുകൾ' എന്നു പേരിട്ടാലും) അയയ്ക്കുന്നതും തെറ്റാണ്.

> സഭയിൽ ഒരാൾ മാത്രം നേതാവായിരിക്കുന്നത് പുതിയനിയമ പഠിപ്പിക്കലിന് എതിരാണ്. പ്രത്യേക പേരുകൾ എടുക്കുന്നതിൽ നിന്ന് യേശു തന്റെ ശിഷ്യന്മാരെ വിലക്കിയിരുന്നു. ഗുരു, പിതാവ്, പാസ്റ്റർ, റവറന്റ്, ലീഡർ എന്നിങ്ങനെയുള്ള വിശേഷണങ്ങളെല്ലാം ദൈവവചനത്തിന് എതിരാണ്. സത്യത്തിൽ 'റവറണ്ട്' എന്ന പദം ബൈബിളിൽ ദൈവത്തിനുള്ള പേരാണ് . ആ വിശേഷണം സ്വയം ഉപയോഗിക്കുന്നവൻ ദൈവത്തെപ്പോലെയാകാൻ ശ്രമിച്ച ലൂസിഫറിനെപ്പോലെ ദൈവസന്നിധിയിൽ കുറ്റക്കാരാണ്. ദൈവസഭയിൽ എല്ലാവരും - വലിയവരും ചെറിയവരും എല്ലാം - സഹോദരനും ഭൃത്യനുമാണ്.

ശിഷ്യന്മാരെ വിശ്വാസത്തിന്റെ അനുസരണത്തിലേക്ക് (യേശുവിന്റെ എല്ലാ കൽപനകളുടേയും വിശേഷിച്ച് മത്തായി അഞ്ചു മുതൽ ഏഴുവരെയുള്ള അധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നവയുടെ) നയിച്ചാൽ മാത്രമേ സഭ ഇളകാത്തതായി നിൽക്കുകയുള്ളു. പുതിയനിയമത്തിലെ ഏറ്റവും ചെറിയ കല്പനപോലും അനുസരിക്കുകയും അനുസരിക്കണമെന്ന് എരിവോടെ പ്രസ്താവിക്കുകയും വേണം. അതാണ് ഒരുവനെ ദൈവത്തിന്റെ കണ്ണിൽ വലിയവനാക്കുന്നതും (മത്തായി 5:19).

*(ശേഷം പേജ് 30 ൽ)*

**ദൈവം യോജിപ്പിച്ചത്**

## കാതറിനും വില്യം ബൂത്തും

# ശുശ്രൂഷയ്ക്കായുള്ള ഒരുക്കത്തിന്റെ ദിനം

**അജയ് ജോർജ്**

ലണ്ടനിലെ ചേരികളിൽ കാതറിനും താനും കൂടി തുടങ്ങി വച്ച 'സാൽവേഷൻ ആർമി' അമ്പത്തിഅഞ്ച് രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതു കാണാനുള്ള ഭാഗ്യം വില്യം ബൂത്തിനുണ്ടായി. സാൽവേഷൻ ആർമിയെപ്പോലെ, ഒരു ഭാര്യയുടേയും ഭർത്താവിന്റേയും കൂട്ടായ പ്രവർത്തനഫലമായി മാത്രം രൂപം കൊണ്ട ഒരു സുവിശേഷ പ്രസ്ഥാനം ചരിത്രത്തിലൊരിടത്തും ഇന്നേവരെയുണ്ടായിട്ടില്ല. വില്യമും കാതറിനും അവരുടെ എട്ടുമക്കളും സുവിശേഷം ഫലപ്രദമായി ലോകത്തിന്റെ വിദൂര മേഖലകളിൽപോലും കൊണ്ടെത്തിച്ചതു പോലെ ഒരു കുടുംബവും ഇതിനു മുമ്പോ ശേഷമോ പ്രവർത്തിച്ചിട്ടുമില്ല.

തുടക്കം മുതലേ ഭാര്യയും ഭർത്താവും തമ്മിലെ ഒരു പ്രധാന ചർച്ചാവിഷയം സ്ത്രീകളുടെ തുല്യതയെപ്പറ്റിയായിരുന്നു. തർക്കത്തിൽ ജയിക്കുന്നത് എപ്പോഴും കാതറിൻ തന്നെ. എന്നിരുന്നാലും കുറേ വർഷങ്ങൾക്കൊടുവിൽ ഒരുദിവസം സഭായോഗത്തിൽ പ്രസംഗിക്കാൻ കാതറിനെ തള്ളിവിട്ടത് വില്യം തന്നെയായിരുന്നു. ഒരു പത്തു വർഷം കൂടിക്കഴിഞ്ഞപ്പോൾ, ഗംഭീര ശബ്ദത്തിനുടമയും തീപ്പൊരി പ്രസംഗകനുമായിരുന്ന ഭർത്താവിനെ ഭാര്യ കടത്തിവെട്ടി, പ്രസംഗിക്കാൻ കൂടുതൽ ക്ഷണം ലഭിച്ചത് ഭാര്യക്കായിരുന്നു. സ്ത്രീകൾ ആരുടേയും പിറകിലല്ല പുരുഷന്മാരോട് തുല്യരാണെന്ന അഭിപ്രായം തെളിയിക്കാൻ കാതറിന് അങ്ങനെ സാധിച്ചു എന്നു പറയാം. എത്രയോ യുവതികളുടെ അപകർഷതാബോധം മാറ്റിയെടുക്കാൻ ഈയൊരൊറ്റ കാര്യത്തിനായിക്കാണും!

വില്യമും കാതറിനും സാധാരണക്കാരായിരുന്നില്ല എന്നത് സത്യം. രണ്ടുപേരുടേയും കുടുംബപശ്ചാത്തലം അത്ര നന്നായിരുന്നില്ല. യഥാർത്ഥ ക്രിസ്ത്യൻ കുടുംബങ്ങളിൽ നിന്നും വന്നവരായിരുന്നില്ല അവർ. തങ്ങളുടെ മാതാപിതാക്കൾ എത്ര മാത്രം ക്രിസ്തുവിനോട് അകന്നവരായിരുന്നു എന്ന് മനസ്സിലാക്കാൻ അവർക്കായി എന്നതിലാണ് അവരുടെ മഹത്വം കിടക്കുന്നത്. ആ അപ്പനേയോ അമ്മയേയോ അനുകരിക്കാതെ യേശുവിനെ അവർ മാതൃകയാക്കി. അതുകൊണ്ട് മാത്രമാണ് ഉത്തമ കുടുംബജീവിതം നയിക്കാൻ അവർക്കായത്.

വില്യമിന്റെ അമ്മ മേരി, അവരുടെ ഭർത്താവായിരുന്ന സാമുവൽ ബൂത്തിനെ അങ്ങനെയങ്ങു സ്നേഹിച്ചിരുന്നു എന്നു പറഞ്ഞുകൂടാ. കാരണം ഇദ്ദേഹത്തിന്റെ തണുപ്പൻ പ്രകൃതവും ലോകമയത്വവും സഭ്യേതരസംഭാഷണങ്ങളും സ്വഭാവരീതികളും മറ്റു ഏതൊരു ഭാര്യക്കും സഹിക്കാവുന്നതിനപ്പുറമായിരുന്നു. വില്യം തന്നെ അപ്പനെ വിശേഷിപ്പിച്ചത് 'എന്തും കൈക്കലാക്കാൻ മടിക്കാത്തവനെ'ന്നായിരുന്നു. പണസ്നേഹിയായ നോട്ടിംഗ്ഹാമിലെ ഈ ഇടത്തരം കെട്ടിടം പണിക്കാരൻ ആദ്യമൊക്കെ ഒരു തരത്തിൽ കുടുംബം പുലർത്തിപ്പോന്നെങ്കിലും ഏറെത്താമസിയാതെ ബിസിനസ്സ് തകർന്ന് വീട്ടിലിരിപ്പായി. പതിമൂന്നു വയസ്സായിരുന്ന വില്യമിന്റെ സ്കൂൾ പഠനവും അതോടെ അവസാനിച്ചു. നോട്ടിംഗ്ഹാമിന്റെ ചേരിപ്രദേശത്ത് പണയക്കട നടത്തിയിരുന്ന ഒരാളുടെ സഹായിയായി വില്യമിനെ കൊണ്ടു ചെന്നാക്കിയതും അപ്പൻ തന്നെ. പിന്നീട് ഒരുകൊല്ലം തികയും മുമ്പേ അപ്പൻ മരിച്ചു. അങ്ങനെ, നൂലും സൂചിയും വില്പന നടത്തി ഉപജീവനം കഴിക്കാൻ ശ്രമിച്ച അമ്മയും സ്വന്തം ചെലവു കഴിയുമെന്നല്ലാതെ ശമ്പളമൊന്നുമില്ലാതെ ജോലി ചെയ്തിരുന്ന വില്യമും താഴെയുള്ള മൂന്നു സഹോദരിമാരും തീർത്തും അനാഥരായി. അതിലൊരാൾ വികലാംഗയുമായിരുന്നു.

തുടർന്നുള്ള ചില വർഷങ്ങളിൽ ദാരിദ്ര്യത്തിന്റെ എല്ലാ മുഖങ്ങളും മതിവരുവോളം കാണാൻ വില്യമിന് അവസരം ലഭിച്ചു. താൻ തന്നെ ദരിദ്രനായിരുന്നതു കൊണ്ടു മാത്രമല്ല, കൈയ്യിൽ കിട്ടുന്ന എന്തും പണയം വയ്ക്കാൻ കടയിൽ വന്നിരുന്ന തന്നേക്കാൾ നിസ്സഹായരായ ആളുകളെ കണ്ടു മനസ്സു നീറിയതുകൊണ്ടും. ഒരുനേരത്തെ വിശപ്പടക്കാനായി കാവൽ നിൽക്കുന്ന സെക്യൂരിറ്റിക്കാരെ ഇടിച്ചും തള്ളിയും താഴെയിട്ട് ബേക്കറിക്കുള്ളിൽ കടന്ന് റൊട്ടിയും മറ്റും എടുത്തുകൊണ്ടു പോയ എത്രയോ ആളുകളെ വില്യമിനറിയാമായിരുന്നു. പാവപ്പെട്ടവർ കൂടുതൽ നികുതി നൽകേണ്ടതും, ഫലത്തിൽ ജന്മിമാരെ സഹായിക്കുന്നതുമായ ഒരു പ്രത്യേക നിയമം അക്കാലത്ത് നടപ്പിലാക്കിയിരുന്നു. ഗവൺമെന്റിന്റെ ഈ നീതി

വില്യമും കാതറിനും സാധാരണക്കാരായിരുന്നില്ല എന്നത് സത്യം. രണ്ടുപേരുടേയും കുടുംബപശ്ചാത്തലം അത്ര നന്നായിരുന്നില്ല. യഥാർത്ഥ ക്രിസ്ത്യൻ കുടുംബങ്ങളിൽ നിന്നും വന്നവരായിരുന്നില്ല അവർ. തങ്ങളുടെ മാതാപിതാക്കൾ എത്ര മാത്രം ക്രിസ്തുവിനോട് അകന്നവരായിരുന്നു എന്ന് മനസ്സിലാക്കാൻ അവർക്കായി എന്നതിലാണ് അവരുടെ മഹത്വം കിടക്കുന്നത്. ആ അപ്പനേയോ അമ്മയേയോ അനുകരിക്കാതെ യേശുവിനെ അവർ മാതൃകയാക്കി. അതുകൊണ്ട് മാത്രമാണ് ഉത്തമ കുടുംബ ജീവിതം നയിക്കാൻ അവർക്കായത്.

നിഷേധമോ ഹൃദയമില്ലായ്മയോ ഒക്കെ ഓർത്ത് വില്യം എത്രയോ വിഷമിച്ചിട്ടുണ്ട്! അധികാരവർഗ്ഗം എപ്പോഴും സമ്പന്നർക്കൊപ്പമായിരിക്കും എന്നും പാവപ്പെട്ടവർക്ക് അവരിൽനിന്നും ഒന്നും പ്രതീക്ഷിക്കാനില്ലെന്നുമൊക്കെയുള്ള തോന്നൽ അദ്ദേഹത്തിന് ഇക്കാലത്തുണ്ടായി. അങ്ങനെയാണ് സർക്കാരിനെ അട്ടിമറിക്കാൻ ലക്ഷ്യം വച്ച് പ്രവർത്തിച്ചിരുന്ന ഒരു വിപ്ലവ രാഷ്ട്രീയ പാർട്ടിയിൽ വില്യം അംഗമാകുന്നത്. അനീതിക്കെതിരെ കൈയും കെട്ടിയിരിക്കുകയല്ല എന്തെങ്കിലുമൊക്കെ തന്നാലാവുന്നതു ചെയ്തേ മതിയാവൂ എന്ന ആശയക്കാരനായിരുന്നു വില്യം അന്നും.

ഇതേ സമയത്തുതന്നെ നോട്ടിംഗ്ഹാമിലെ മെതഡിസ്റ്റ് ദേവാലയത്തിൽ വില്യം ഇടയ്ക്കൊക്കെ പോകുമായിരുന്നു. ഒരു ദിവസം രാത്രി പള്ളിയിലെ മീറ്റിംഗിനു

> ഒരു ദിവസം രാത്രി പള്ളിയിലെ മീറ്റിംഗിനുശേഷം ഒറ്റയ്ക്ക് കടയിലേയ്ക്ക് മടങ്ങുമ്പോൾ തന്റെ ജീവിതസാഹചര്യങ്ങളെപ്പറ്റിയും ബന്ധുക്കളെപ്പറ്റിയും, ഒരു നേരത്തേ ഭക്ഷണത്തിനായി ഉടുതുണിപോലും പണയം വയ്ക്കാൻ കൊണ്ടുവരുന്ന നാട്ടുകാരെപ്പറ്റിയുമൊക്കെയുള്ള ചിന്തകൾ മനസ്സിലൂടെ പാഞ്ഞുപോയി. അത് അവസാനം ചെന്നെത്തിയത് എത്തേണ്ടയിടത്തുതന്നെ - ക്രിസ്തുവിൽ. യേശുവാണ് സത്യം. രാഷ്ട്രീയ പ്രസ്ഥാനമല്ല,മറിച്ച് ഒരു ക്രിസ്തു ശിഷ്യനാകുന്നതാണ് തനിക്ക് തന്നോടു തന്നെ ചെയ്യാവുന്ന ഏറ്റവും വലിയ കർത്തവ്യം എന്ന ബോധമുണ്ടായി.

ശേഷം ഒറ്റയ്ക്ക് കടയിലേയ്ക്ക് മടങ്ങുമ്പോൾ തന്റെ ജീവിതസാഹചര്യങ്ങളെപ്പറ്റിയും ബന്ധുക്കളെപ്പറ്റിയും, ഒരു നേരത്തേ ഭക്ഷണത്തിനായി ഉടുതുണിപോലും പണയം വയ്ക്കാൻ കൊണ്ടുവരുന്ന നാട്ടുകാരെപ്പറ്റിയുമൊക്കെയുള്ള ചിന്തകൾ മനസ്സിലൂടെ പാഞ്ഞുപോയി. അത് അവസാനം ചെന്നെത്തിയത് എത്തേണ്ടയിടത്തുതന്നെ – ക്രിസ്തുവിൽ. യേശുവാണ് സത്യം. രാഷ്ട്രീയ പ്രസ്ഥാനമല്ല, മറിച്ച് ഒരു ക്രിസ്തു ശിഷ്യനാകുന്നതാണ് തനിക്ക് തന്നോടുതന്നെ ചെയ്യാവുന്ന ഏറ്റവും വലിയ കർത്തവ്യം എന്ന ബോധമുണ്ടായി. 'നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ, വഴി ഇതാകുന്നു, ഇതിൽ നടന്നു കൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും' (യെശ. 30,21). ഏതു വഴിയാണു ശരി എന്ന പരിശുദ്ധാത്മാവിന്റെ ഉറപ്പ് അന്ന് വില്യമിനുണ്ടായി. ഇനി അതിലൂടെ നടന്നാൽ മാത്രം മതി. അത് അനുസരിക്കുക എന്ന തീരുമാനം താമസസ്ഥലത്തെത്തും മുമ്പ് അദ്ദേഹം എടുത്തിരുന്നു. യാതൊരു നാടകീയതയുമില്ലാതെ വില്യം ബൂത്ത് അന്ന് ക്രിസ്തു ശിഷ്യനായി വീണ്ടും ജനിക്കുകയായിരുന്നു.

ആറു വർഷങ്ങൾ കടന്നുപോയി. നേരത്തെ പറഞ്ഞു സമ്മതിച്ചിരുന്നതുപോലെ പണയക്കടയിലെ 'സഹായി'പ്പണി അവസാനിപ്പിക്കാൻ സമയമായി. വേറെ എന്തെങ്കിലും ജോലി ചെയ്യണമെന്നായിരുന്നു ചിന്ത. പണയമിടപാട് മടുത്തു കഴിഞ്ഞിരുന്നു. പക്ഷേ പുതിയൊരു ജോലി കണ്ടെത്താനാവാതെ അലഞ്ഞപ്പോഴാണ് ലണ്ടൻ പട്ടണത്തിൽച്ചെന്ന് ഭാഗ്യം പരീക്ഷിച്ചാലോ എന്ന തോന്നലുണ്ടായത്. ജോലിക്കായി തെണ്ടിനടന്ന ആ പന്ത്രണ്ടു മാസങ്ങളാണ് തന്റെ ജീവിതത്തിലെ ഏറ്റവും ഊഷരമായത് എന്നദ്ദേഹം പിൽക്കാലത്ത് പറഞ്ഞിട്ടുണ്ട്. 'ആർക്കും എന്നോടൊരു താൽപര്യവും അന്നു തോന്നിയിരുന്നില്ല'– അതായിരുന്നു അവസ്ഥ.

ലണ്ടനിലെത്തിയപ്പോഴാണ് നോട്ടിംഗ്ഹാമിനേക്കാൾ ഒട്ടും മെച്ചമല്ല സ്ഥിതി എന്നു മനസ്സിലായത്. അവിടത്തെക്കാൾ കൂടുതലുണ്ടായിരുന്നത് ദാരിദ്ര്യം മാത്രമായിരുന്നു. ഒരു ജോലിയും കിട്ടാനുണ്ടായിരുന്നില്ല. നഗരമാണെങ്കിൽ അക്ഷരാർത്ഥത്തിൽ ദുർഗന്ധപൂരിതവും. മുപ്പതുലക്ഷം വീടുകളുടെ ചിമ്മിനികളിൽ നിന്നും പുറത്തേക്കു വരുന്ന പുക അന്തരീക്ഷത്തിലെ ഉള്ളിയുടേയും കുതിരച്ചാണകത്തിന്റെയും മദ്യത്തിന്റെയും അഴുക്കുചാലിന്റെയും മണവുമായിക്കലർന്ന് പട്ടണമാകെ വ്യാപിച്ചിരിക്കും. തെംസ് നദിയാകട്ടെ എല്ലാ ഓടകളും സംഗമിക്കുന്ന 'മഹത്തായ ദുർഗന്ധവാഹിനി' യായി ലണ്ടനിലൂടെ ഒഴുകിക്കൊണ്ടിരുന്നു.

ജോലിയൊന്നും കിട്ടാഞ്ഞ് മനസ്സില്ലാ





മനസ്സോടെ വില്യം ഒരു പണയക്കടയിൽ ബ്രോക്കറായി കയറിക്കൂടി. ഇത്തരം ഒരു ജോലി ചെയ്യാനിടയായതിൽ ജീവിതാന്ത്യം വരെ അദ്ദേഹത്തിന് വിഷമമായിരുന്നു. വേറെ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ലല്ലോ. ആകെയുണ്ടായിരുന്ന സന്തോഷം ഞായറാഴ്ചകളിലായിരുന്നു. അന്നേരം എവിടെയെങ്കിലും പ്രസംഗിക്കാൻ പോകും. ഒന്നുകിൽ ലണ്ടനിലെ ഏതെങ്കിലുമൊരു പാർക്കിൽ. അല്ലെങ്കിൽ എട്ടുമൈൽ അകലെയുള്ള ഒരു ചെറിയ പള്ളിയിൽ. അങ്ങോട്ടുമിങ്ങോട്ടും നടന്നു തന്നെ പോകണം. എന്നിരുന്നാലും മനസ്സിനു സന്തോഷമായിരുന്നു. കൂടുതൽ സമയം സുവിശേഷപ്രവർത്തനത്തിന് ചെലവിടണമെന്ന് അപ്പോഴൊക്കെത്തോന്നും. അതിനു പക്ഷേ മാർഗ്ഗമൊന്നും കണ്ടില്ലെന്നുമാത്രം.

വേറെയും ചില പ്രശ്നങ്ങൾ അക്കാലത്തുണ്ടായി. പരസ്യയോഗങ്ങൾ ഉപേക്ഷിക്കണമെന്ന് വില്യമിനോട് സഭക്കാർ ആവശ്യപ്പെട്ടു. വില്യമിന് ഏറ്റവും പ്രിയപ്പെട്ടതായിരുന്ന ഇക്കാര്യം നിർത്തിവയ്ക്കാൻ അദ്ദേഹത്തിന് മനസ്സുവന്നില്ല. അതുകാരണം മെതഡിസ്റ്റ് സഭക്കാർ വില്യമിന്റെ അംഗത്വം പുതുക്കിക്കൊടുത്തില്ല. അങ്ങനെയാണ് ഓസ്ട്രേലിയായിലേക്ക് തടവുകാരെക്കൊണ്ടുപോകുന്ന കപ്പലിൽ ചാപ്ളിനായി പോകാമെന്ന് വിചാരിച്ച് അപേക്ഷ കൊടുത്തത്. അത് പരിഗണിക്കപ്പെട്ടില്ല. വാസ്തവത്തിൽ അത്തരമൊരു ജോലി ഏറ്റെടുക്കാൻ അധികമാരും ധൈര്യപ്പെടുമായിരുന്നില്ല. അതുപോലും വില്യമിന് കിട്ടിയില്ല എന്നോർക്കണം. ദൈവത്തിന്റെ വഴികൾ ആരറിഞ്ഞു? ആയിടെ വില്യമിനെ പരിശോധിച്ച ഒരു ഡോക്ടർ ഇങ്ങനെയും ഒരഭിപ്രായം തട്ടിവിട്ടു: 'അതായത് ഇദ്ദേഹത്തിന്റെ ഞരമ്പുകളിലുള്ള അത്യുത്സാഹത്തിന്റെ ഊർജ്ജം ഇയാളെ അധികകാലം ജീവിക്കാനനുവദിക്കുകയില്ല. അതുകൊണ്ട് മരണത്തിന് തയ്യാറായിക്കൊള്ളുക'യെന്ന്. അത് ഒരു അബദ്ധപ്രസ്താവനയായിരുന്നെങ്കിലും അസാധാരണമായ ഊർജ്ജസ്വലനായിരുന്നു വില്യം എന്ന് അതിൽ നിന്നു നമുക്ക് ഊഹിക്കാം. അബദ്ധമല്ലാത്ത വേറൊന്നുണ്ടായിരുന്നു. കൂടെക്കൂടെ അനുഭവപ്പെട്ട വയറുവേദന. ആമാശയത്തിലുണ്ടായിത്തുടങ്ങിയ വ്രണങ്ങളുടെ പ്രതിഫലനം!

അങ്ങനെ, മുന്നോട്ട് പോകാൻ വഴിയൊന്നും കാണാതിരിക്കുമ്പോഴാണ് ദൈവദൂതനെപ്പോലെ ആ ബിസിനസ്സുകാരൻ മുന്നിൽ വന്നത്. മെതഡിസ്റ്റ് സഭയിൽ നിന്നും വിട്ടുപോന്ന ഒരുകൂട്ടം ആളുകളുണ്ട് അവിടെ. അവർക്ക് ഒരു പാസ്റ്ററെ ആവശ്യമുണ്ട്. വില്യമിനെ ആ ഗ്രൂപ്പിന്റെ ശുശ്രൂഷകനാക്കാമെന്ന് ഇദ്ദേഹം പറഞ്ഞു. വില്യമിന് വളരെ സന്തോഷം തോന്നിയ ഒരാലോചനയായിരുന്നു അത്. തന്റെ മനസ്സിനിണങ്ങിയ ജോലി.

ഏതെല്ലാം രീതിയിലാണ് ദൈവം തന്റെ ദാസന്മാരെ ഒരുക്കുന്നത്? തന്നെയല്ലാതെ മറ്റൊന്നിലും ആശ്രയം വയ്ക്കാതരിക്കാനായി മുന്നിലെ വഴികളെല്ലാം അവിടുന്ന് ഓരോന്നായി അടയ്ക്കുന്നു. 'സ്വയ'ത്തിൽ ആശ്രയിച്ച് നാളിതുവരെ കഴിഞ്ഞയാൾക്ക് ഇത് താങ്ങാനാവാത്ത പ്രഹരമാവും. ആത്മവിശ്വാസം പൂർണ്ണമായി നീങ്ങിക്കഴിയുമ്പോൾ പിന്നെ 'ഞാൻ' ഉണ്ടാവില്ല. അവിടുന്ന് മാത്രം. സകലമഹത്വവും അങ്ങേയ്ക്ക്. തന്നിലൂടെ ദൈവം പ്രവർത്തിക്കുന്നതിൽ അഭിമാനിക്കാനോ അഹങ്കരിക്കാനോ ഒന്നുമുണ്ടാകയില്ല. ഈ മാനസികനിലവാരത്തിലൂടെ കടന്നുപോവുമ്പോൾ നമ്മൾ തകർക്കപ്പെട്ടിരിക്കും. ഇനി ഞാനല്ല എന്നിൽ ജീവിക്കുന്ന ക്രിസ്തുവത്രേ എന്നു പറയാറാകുന്നതുവരെ സ്നേഹവാനായ ദൈവം ശിക്ഷണം തുടർന്നുകൊണ്ടിരിക്കും. വില്യം ബൂത്തിന്റെ പരിശീലനം പൂർത്തിയായിരുന്നു. അധികം താമസിയാതെ അദ്ദേഹം കാതറിനെ കാണാനിടയായി.

കാതറിന്റെ അമ്മ കാർക്കശ്യക്കാരിയും യാഥാസ്ഥിതിക ചിന്താഗതിക്കാരിയുമായിരുന്നു. മെതഡിസ്റ്റ് സഭയിലെ പട്ടക്കാരനായിത്തുടങ്ങി ഇപ്പോൾ പിൻമാറ്റക്കാരനായി കുതിരവണ്ടികളുണ്ടാക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്ന പിതാവ്. അമ്മയും മകളും അദ്ദേഹത്തിനായി പ്രാർത്ഥിക്കും. കാര്യമെന്താണെന്നു വച്ചാൽ കുറച്ചുനാൾ മദ്യവർജ്ജനപ്രസ്ഥാനവുമായൊക്കെ നടന്നിരുന്ന ആളാണെങ്കിലും ഇപ്പോഴിദ്ദേഹം ഒരു മുഴുക്കുടിയനാണ്. പിന്നെ പ്രാർത്ഥിക്കാതെന്തു ചെയ്യും?

കാതറിന്റെ അമ്മ കാർക്കശ്യക്കാരിയും യാഥാസ്ഥിതിക ചിന്താഗതിക്കാരിയുമായിരുന്നു. മെതഡിസ്റ്റ് സഭയിലെ പട്ടക്കാരനായിത്തുടങ്ങി ഇപ്പോൾ പിൻമാറ്റക്കാരനായി കുതിരവണ്ടികളുണ്ടാക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്ന പിതാവ്. അമ്മയും മകളും അദ്ദേഹത്തിനായി പ്രാർത്ഥിക്കും. കാര്യമെന്താണെന്നുവച്ചാൽ കുറച്ചുനാൾ മദ്യവർജ്ജനപ്രസ്ഥാനവുമായൊക്കെ നടന്നിരുന്ന ആളാണെങ്കിലും ഇപ്പോഴിദ്ദേഹം ഒരു മുഴുക്കുടിയനാണ്. പിന്നെ പ്രാർത്ഥിക്കാതെന്തു ചെയ്യും? വില്യം ബൂത്ത് തന്നെ പറഞ്ഞിട്ടുണ്ട് 'കാതറിന്റെ അമ്മയെപ്പോലെ ആശയങ്ങളിൽ ഇത്രയും കാർക്കശ്യം പുലർത്തുന്ന വേറൊരാളെ താൻ കണ്ടിട്ടില്ല' എന്ന്. അവർക്ക് ശരിയെന്ന് തോന്നുന്നതു ശരി. അത്ര തന്നെ. അങ്ങനെ ചിന്തിക്കുന്നതു കൊണ്ട് എന്തു ഭവിഷ്യത്തുണ്ടായാലും അതിനു മാറ്റമില്ല. അവിശ്വാസികളെഴുതിവിടുന്ന നോവലും കഥകളുമൊന്നും മകൾ ഒരിക്കലും വായിക്കരുതെന്നാശിച്ച് എല്ലാ വിദ്യാസമ്പന്നരും അക്കാലത്ത് അഭ്യസിക്കുമായിരുന്ന ഫ്രഞ്ചുഭാഷ പഠിക്കാൻ കാതറിനെ അവർ അനുവദിച്ചില്ല. കാതറിന്റെ വിദ്യാഭ്യാസവും മിക്കവാറും വീട്ടിൽത്തന്നെയായിരുന്നു. അതിന്റെ കാരണവും മേൽപ്പറഞ്ഞതുപോലെ, സ്കൂളിൽപ്പോയാൽ മകൾ ചീത്തകൂട്ടുകെട്ടിൽ അകപ്പെടുമോ എന്ന ഭയം. അക്രൈസ്തവ ചിന്തകൾ മകളിലുണ്ടാവരുതെന്ന അമ്മയുടെ നിർബന്ധബുദ്ധി കാരണം കാതറിൻ അക്ഷരാർത്ഥത്തിൽ കളിക്കൂട്ടുകാരാരുമില്ലാതെയാണ് വളർന്നത്. മിക്കപ്പോഴും തന്റെ പാവകളെയൊക്കെ നിരത്തിവച്ച് പള്ളിയിലിരിക്കുന്ന സഭാജനമാണെന്ന് സങ്കല്പിച്ച് അവയോട് പ്രസംഗിക്കും. വീട്ടിൽ തമാശയോ പൊട്ടിച്ചിരിയൊ ഒന്നുമില്ല. സംസാരമൊക്കെ വളരെ ഗൗരവത്തിൽ മാത്രം. ഇതൊക്കെക്കണ്ട് സഹികെട്ടാവണം ആകെയുണ്ടായിരുന്ന ഒരു സഹോദരൻ പതിനാറു വയസ്സുള്ളപ്പോൾ വീട്ടിൽ നിന്നും ഒളിച്ചോടി അമേരിക്കയിലേക്ക് പോയി. അങ്ങനെ അമ്മയ്ക്ക് മകൾ മാത്രമായി ഏക ആശ്രയം.

കഷ്ടപ്പാട് നിറഞ്ഞതായിരുന്നു കാതറിന് ബാല്യകാലം. പലവിധ അസുഖങ്ങൾ ചെറുപ്പം മുതലേ പ്രത്യക്ഷപ്പെട്ടു തുടങ്ങി. പതിന്നാലു വയസ്സുള്ളപ്പോൾ നട്ടെല്ലിനുണ്ടായ വളവുകാരണം മാസങ്ങളോളം കട്ടിലിൽത്തന്നെ കഴിയേണ്ടിവന്നു. പതിനെട്ടായപ്പോൾ ക്ഷയരോഗത്തിന്റെ വരവായി. ആ സമയത്താണ് ബ്രൈറ്റൺ എന്ന കടലോരഗ്രാമത്തിൽ ചികിത്സയ്ക്കായിപ്പോയി താമസിക്കേണ്ടി വന്നത്. പതിനാറു മാസങ്ങൾക്കുശേഷം സുഖംപ്രാപിച്ചു ലണ്ടനിലെ വീട്ടിലെത്തിയ ഏതാണ്ടതേ സമയത്താണ് ജോലിയന്വേഷിച്ച് വില്യം ബൂത്തും ആ നഗരത്തിലെത്തുന്നത്.

(തുടരും)





ധ്യാനം

# നമ്മെപ്പോലെ പ്രലോഭനങ്ങളെ നേരിട്ട യേശു

**ഈ** ഭൂമിയിൽ ജഡത്തിൽ ജീവിച്ചപ്പോഴും യേശു ആളത്വത്തിൽ ദൈവം തന്നെയായിരുന്നു; എന്തുകൊണ്ടെന്നാൽ ദൈവത്തിന് ദൈവമല്ലാതായിരിക്കുവാൻ ഒരുനാളും സാധിക്കുകയില്ല. മറ്റുള്ളവരിൽനിന്നും താൻ ആരാധന സ്വീകരിച്ചു വെന്നുള്ളത് തന്നെയാണ് തന്റെ ദൈവത്വത്തിനുള്ള ഏറ്റവും വ്യക്തമായ തെളിവ്. മനുഷ്യന്റെ ആരാധന താൻ സ്വീകരിച്ച ഏഴു സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. (മത്താ. 8:2; 9:18; 14:33; 15:25; 20:20, മർക്കോ. 5:6, യോഹ. 9:38). ദൂതന്മാരും ദൈവഭക്തന്മാരായ മനുഷ്യരും മറ്റുള്ളവരിൽനിന്ന് ആരാധന സ്വീകരിച്ചിട്ടില്ല. (പ്രവൃത്തി 10:25-26; വെളി. 22:8-9). എന്നാൽ യേശു ദൈവമായിരുന്നതിനാൽ അവിടുന്ന് ആരാധന സ്വീകരിച്ചു.

തന്റെ സ്വന്തം അധികാരത്തിൽ യേശു മറ്റുള്ളവരുടെ പാപങ്ങൾ ക്ഷമിച്ചു കൊടുത്തതായി നാം കാണുന്നു (മർക്കോ. 2:10). ഭൂമിയിൽ ആയിരുന്നപ്പോഴും താൻ ദൈവമായിരുന്നുവെന്നതിന്റെ മറ്റൊരു തെളിവാണിത്.

അതേസമയം തന്നെ, ഭൂമിയിലേക്ക് വന്നപ്പോൾ താൻ തന്നെത്താൻ ഒഴിച്ചുവെന്ന് നാം കാണുന്നുണ്ട് (ഫിലി. 2:5). എന്താണ് താൻ സ്വയമായി വേണ്ടെന്ന് വെച്ചത്? തന്റെ ദൈവത്വമല്ല എന്നു നാം കണ്ടു. എന്നാൽ ദൈവമെന്നുള്ള നിലയിൽ തനിക്കുണ്ടായിരുന്ന ചില പ്രത്യേക അവകാശങ്ങളാണ് താൻ വേണ്ടെന്ന് വെച്ചത്. അപ്രകാരം താൻ വേണ്ടെന്നുവെച്ച ഒരു അവകാശം പരീക്ഷിക്കപ്പെടാതിരിക്കുവാനുള്ള അവകാശമാണ്.

ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാണെന്ന് യാക്കോബ് 1:13-ൽ നാം കാണുന്നുണ്ട്. എന്നാൽ യേശു താൻ പരീക്ഷിക്കപ്പെടുവാൻ സ്വയം അനുവദിച്ചതായി കാണാം (മത്താ. 4:1-11). എങ്ങനെ പരീക്ഷകളിൽ വിജയിക്കാം എന്നുള്ളതിന് നമുക്ക് ഒരു മാതൃക കാട്ടുവാനാണ് യേശു പരീക്ഷിക്കപ്പെടുവാൻ ഇപ്രകാരം അനുവദിച്ചത്.

നമ്മെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടുവെങ്കിലും ഒരിക്കൽപ്പോലും വാക്കിലോ, പ്രവൃത്തിയിലോ, ചിന്തയിലോ, മനോഭാവത്തിലോ, ഉദ്ദേശ്യത്തിലോ, മറ്റേതെങ്കിലും നിലയിലോ പാപം ചെയ്യാത്തവനായി ജീവിച്ച യേശുവിനെ കാണുന്നതിലാണ് ദൈവഭക്തിയോടുകൂടിയ ഒരു ജീവിതത്തിന്റെ രഹസ്യം അടങ്ങിയിരിക്കുന്നത്. (1 തിമോ. 3:16, എബ്രാ. 4:15 എന്നിവ കാണുക.)

ഇപ്രകാരം ദൈവഭക്തിയുള്ള ഒരു ജീവിതത്തിലേക്ക് പ്രവേശിച്ചവർക്ക് മാത്രമേ ഭിന്നതയും, കലഹവും കൂടാതെ ക്രിസ്തുവിൽ ഏകശരീരമായി ഒരുമിച്ച് ജീവിക്കുവാൻ സാധിക്കൂ. ഒരു പടികൂടി കടന്ന് ചിന്തിച്ചാൽ, ഈ നിലയിൽ ക്രിസ്തുവിനെ ദർശിച്ചിട്ടുള്ള വിശ്വാസികൾ ഒത്തുചേരുമ്പോൾ മാത്രമാണ് ഒരു

പരീക്ഷയും പാപവും ഒന്നല്ല. വചനങ്ങൾ ഇതു വ്യക്തമാക്കുന്നുണ്ട്. പ്രലോഭനത്തോട് നമ്മുടെ മനസ്സ് സമ്മതം മൂളുമ്പോഴാണ് നാം പാപം ചെയ്യുന്നത്. മത്തായി 4-ാം അധ്യായത്തിൽ യേശു പരീക്ഷിക്കപ്പെട്ടുവെന്ന് (പ്രലോഭിപ്പിക്കപ്പെട്ടുവെന്ന്) വ്യക്തമായി നാം കാണുന്നു. എന്നാൽ ആ പ്രലോഭനങ്ങൾക്ക് വശംവദനാകുവാൻ തന്റെ മനസ്സ് ഒരിക്കൽപോലും തയ്യാറായില്ല. അതിനാൽ അവിടുന്ന് ഒരിക്കൽപോലും പാപം ചെയ്തില്ല. അവിടുന്ന് തന്റെ ഹൃദയത്തെ വിശുദ്ധമായി സൂക്ഷിച്ചു. യേശുവിന്റെ ജനനം പരിശുദ്ധാത്മാവിനാലായിരുന്നു. നമുക്കുള്ളതുപോലെ ഒരു 'പഴയമനുഷ്യൻ' യേശുവിനില്ലായിരുന്നു. നമുക്ക് പാപം നിറഞ്ഞ ഒരു ജഡമാണുള്ളത്. എന്നാൽ യേശുവിന്റേത് അപ്രകാരമല്ലായിരുന്നു.

പ്രാദേശികസഭ ക്രിസ്തുവിന്റെ ശരീരത്തിന്റെ വെളിപ്പാടായി മാറുകയുള്ളൂവെന്ന് നമുക്ക് പറയുവാൻ കഴിയും. ഈ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായിട്ടാണ് സഭ ആയിരിക്കേണ്ടത് (1 തിമൊ. 3:15, 16).

പരീക്ഷയും പാപവും ഒന്നല്ല. യാക്കോബ് 1:14, 15 വചനങ്ങൾ ഇതു വ്യക്തമാക്കുന്നുണ്ട്. പ്രലോഭനത്തോട് നമ്മുടെ മനസ്സ് സമ്മതം മൂളുമ്പോഴാണ് നാം പാപം ചെയ്യുന്നത്. മത്തായി 4-ാം അധ്യായത്തിൽ യേശു പരീക്ഷിക്കപ്പെട്ടുവെന്ന് (പ്രലോഭിപ്പിക്കപ്പെട്ടുവെന്ന്) വ്യക്തമായി നാം കാണുന്നു. എന്നാൽ ആ പ്രലോഭനങ്ങൾക്ക് വശംവദനാകുവാൻ തന്റെ മനസ്സ് ഒരിക്കൽപോലും തയ്യാറായില്ല. അതിനാൽ അവിടുന്ന് ഒരിക്കൽപോലും പാപം ചെയ്തില്ല. അവിടുന്ന് തന്റെ ഹൃദയത്തെ വിശുദ്ധമായി സൂക്ഷിച്ചു.

യേശുവിന്റെ ജനനം പരിശുദ്ധാത്മാവിനാലായിരുന്നു. നമുക്കുള്ളതുപോലെ ഒരു 'പഴയമനുഷ്യൻ' യേശുവിനില്ലായിരുന്നു. നമുക്ക് പാപം നിറഞ്ഞ ഒരു ജഡമാണുള്ളത്. എന്നാൽ യേശുവിന്റേത് അപ്രകാരമല്ലായിരുന്നു. 'പാപജഡത്തിന്റെ സാദൃശ്യത്തിൽ' (റോമർ 8:13) മാത്രമായിരുന്നു അവിടുന്ന് അവതരിച്ചത്. നമുക്ക് തുല്യമായി സകലത്തിലും നമ്മുടെ കർത്താവ് പരീക്ഷിക്കപ്പെട്ടുവെന്ന് ബൈബിൾ പഠിപ്പിക്കുന്നു (എബ്രാ. 4:15). ദൈവം മനുഷ്യനായിത്തീർന്നുവെന്നുള്ള കാര്യം നമുക്ക് വിശകലനം ചെയ്യുവാൻ കഴിയാത്തതുപോലെ ഈ മർമ്മവും നമ്മുടെ വിശദീകരണങ്ങൾക്ക് അതീതമാണ്. ഇത് നമുക്ക് വിശ്വസിക്കുവാൻ മാത്രമേ കഴിയൂ. ആദാമിൽനിന്നും വ്യത്യസ്തനായി, സകലത്തിലും അതായത് എല്ലാ പരീക്ഷകളിലും യേശു തന്റെ പിതാവിനെ അനുസരിക്കുകയാണ് ചെയ്തത്.

യേശുവിനെക്കുറിച്ച് വചനം പറയുന്നത്, "താൻ അനുസരണം പഠിച്ചു തികഞ്ഞവനായി" എന്നാണ് (എബ്രാ. 5:7-9). 'പഠിക്കുക' എന്നുള്ളത് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒരു വാക്കാണ്. മനുഷ്യനെന്ന നിലയിൽ യേശുവിന് അനുസരണത്തിന്റെ അഭ്യസനം ലഭിച്ചുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഓരോ സാഹചര്യത്തിലും തന്റെ പിതാവിനെ സമ്പൂർണ്ണമായി അനുസരിച്ച് മനുഷ്യനെന്ന നിലയിലുള്ള ഈ അഭ്യസനം താൻ പൂർത്തീകരിച്ചു. ഇപ്രകാരം യേശു നമുക്ക് ഒരു മുന്നോടിയായതിനാൽ നമുക്കും അവിടുത്തെ കാൽച്ചുവടുകളെ പിൻപറ്റി, ദൈവത്തെ അനുസരിച്ച് പരീക്ഷകളിൽ ജയാളികളാകുവാൻ സാധിക്കും (എബ്രാ. 6:20). നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാകയാൽ, പ്രലോഭനങ്ങൾക്കെതിരായുള്ള പോരാട്ടത്തിൽ നമ്മോട് സഹതാപം കാട്ടു





വാൻ നമ്മുടെ കർത്താവിന് കഴിയും (എബ്രാ. 2:18; 4:15; 12:2-4).

ഒരു മനുഷ്യനെന്ന നിലയിൽ യേശുവിൽ കണ്ട വിശുദ്ധി, ഒരു താലത്തിൽ വച്ചുകൊടുക്കപ്പെട്ട ഒന്നായിരുന്നില്ല; മറിച്ച്, താൻ പോരാടി നേടിയെടുത്ത ഒന്നായിരുന്നു. എന്നാൽ അവ അന്തമില്ലാത്ത പോരാട്ടങ്ങളായിരുന്നില്ല. ഓരോ പ്രലോഭനത്തെയും ഒന്നിനു പുറകെ ഒന്നായി അവിടുന്ന് കീഴടക്കി. അങ്ങനെ തന്റെ ജീവകാലത്തിൽ, നാമിന്ന് നേരിടുന്ന ഓരോ ശോധനയും താൻ നേരിടുകയും അതിലെല്ലാം വിജയിക്കുകയും ചെയ്തു.

നാമെല്ലാം കുറേവർഷങ്ങൾ പാപത്തിൽ ജീവിച്ചിട്ടുണ്ട്. നന്നായി പോറ്റിവളർത്തിയ വിഷപ്പാമ്പുകൾ നിറഞ്ഞ ഒരു പെട്ടിയോട് നമ്മുടെ പാപജഡത്തെ ഉപമിക്കാം. അശുദ്ധി, കോപം, വെറുപ്പ്, നീരസം, കയ്പ്, ദ്രവ്യാഗ്രഹം, സ്വാർത്ഥത, നിഗളം എന്നൊക്കെ വിളിക്കപ്പെടുന്ന പാമ്പുകൾ. നാം പരീക്ഷിക്കപ്പെടുമ്പോൾ ഈ പാമ്പുകൾ പെട്ടിയുടെ മുകളിലുള്ള ചെറിയ ദ്വാരത്തിലൂടെ പുറത്തേക്ക് തല നീട്ടുകയാണ് ചെയ്യുന്നത്. രക്ഷിക്കപ്പെടാത്ത നാളുകളിൽ ഇവയെ നാം നന്നായി തീറ്റിപ്പോറ്റിയിട്ടുണ്ട്. അതിനാൽ ഇവ തടിച്ചുകൊഴുത്ത് ആരോഗ്യവും ബലവുമുള്ളതായി തീർന്നിരിക്കുന്നു. ഇവയിൽ ചില പാമ്പുകളെ മറ്റുള്ളവയെക്കാൾ അധികമായി നാം തീറ്റിപ്പോറ്റിയിരിക്കുകയാൽ ഇവയ്ക്ക് നമ്മിൽ മറ്റുള്ളവയേക്കാൾ അധികം സ്വാധീനമുണ്ട്.

എന്നാൽ ഇന്ന് ക്രിസ്തുവിനോടുകൂടി പാപസംബന്ധമായി മരിച്ചവരായ നമുക്ക്, ഈ പാമ്പുകൾ ഇപ്പോഴും ബലവും ആരോഗ്യവും ഉള്ളവയെങ്കിലും, ഇവയോടുള്ള സമീപനത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. നമ്മെ ഇന്ന് ദിവ്യസ്വഭാവത്തിന് പങ്കാളികളാക്കിയിരിക്കുകയാണ്. കൂടാതെ, "ക്രിസ്തുവേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചിരിക്കുന്നു" (ഗലാ. 5:24). പഴയനാളുകളിൽ നിന്നും വ്യത്യസ്തമായി, ഇന്ന് ഒരു പാമ്പ് പെട്ടിയുടെ മുകളിലുള്ള ദ്വാരത്തിലൂടെ പരീക്ഷാസമയത്ത് തല പുറത്തേക്കിടുമ്പോൾ, അതിന്റെ തലയിൽ വടികൊണ്ട് നാം ഒരു പ്രഹരം ഏല്പിക്കുന്നു. അപ്പോൾ അത് അകത്തേക്ക് വലിയുന്നു. വീണ്ടും പരീക്ഷിക്കപ്പെടുമ്പോൾ, അത് വീണ്ടും തലപുറത്തേക്കിടുന്നു. അപ്പോൾ നാം വീണ്ടും അതിന്റെ തലയിൽ അടിക്കുന്നു. ക്രമേണ അതിന്റെ ബലം ക്ഷയിച്ചുവരുന്നു. ഓരോ പരീക്ഷാസമയത്തും ഇപ്രകാരം പാമ്പിനെ തീറ്റുന്നതിനു പകരം അതിനെ അടിക്കുവാൻ നാം ഉത്സാഹം കാട്ടിയാൽ, പെട്ടെന്നു തന്നെ ആ പ്രലോഭനത്തിന്റെ സ്വാധീനം നമ്മിൽ കുറഞ്ഞുവരുന്നതായി കാണുവാൻ കഴിയും. ജഡത്തെ ഒരു നിമിഷം കൊണ്ട് തൂക്കിലേറ്റുവാനോ വെടിവെച്ചിടുവാനോ കഴിയില്ല. അതിനെ ക്രൂശിക്കുവാൻ മാത്രമേ കഴിയൂ. ക്രൂശീകരണമെന്നത് സാവധാനത്തിലുള്ളതെങ്കിലും സുനിശ്ചിതമായ ഒരു മരണമാണ്. അതിനാലാണ് പരീക്ഷിക്കപ്പെടുമ്പോൾ അത് അശേഷം സന്തോഷമെന്ന് നാം എണ്ണുന്നത് (യാക്കോബ് 1:2-3). ഓരോ പരീക്ഷയും ആ പാമ്പിനെ അടിക്കുവാനും ബലഹീനമാക്കുവാനും നമുക്ക് അവസരം നൽകുന്നു. അല്ലാത്തപക്ഷം ഇതിന് നമുക്ക് സാധിക്കില്ലായിരുന്നു.

ദുശ്ചിന്തകളുടെ കാര്യംതന്നെ എടുക്കുക. ഈ മേഖലയിൽ നാം വിശ്വസ്തരായിരുന്നാൽ കുറച്ചുകഴിയുമ്പോൾ ദുശ്ചിന്തകൾക്ക് അവസാനം വരുന്നതായി കാണുവാൻ കഴിയും. മാനസാന്തരത്തിന് മുമ്പ് ഈ പാമ്പിനെ നാം തീറ്റിപ്പോറ്റിയിട്ടുണ്ടെങ്കിൽ ഇതു സംഭവിക്കുവാൻ ചില വർഷങ്ങൾ എടുത്തേക്കാം. എന്നാൽ നാം വിശ്വസ്തരായിരുന്നാൽ മരണം സംഭവിക്കുകതന്നെ ചെയ്യും. അതിന്റെ ഫലമായി നമ്മുടെ സ്വപ്നങ്ങൾ കൂടുതൽ ശുദ്ധിയു

സമ്പൂർണ്ണവിശ്വസ്തത സമ്പൂർണ്ണ ജയത്തിലേയ്ക്ക് നമ്മെ നടത്തുന്നു. ഉദാഹരത്തിന് ലൈംഗികമേഖലയിലെ സമ്പൂർണ്ണ വിശ്വസ്തതയ്ക്കായി, എതിർലിംഗത്തിലുള്ള ഒരു വ്യക്തിയുടെ സുന്ദരമായ മുഖം കാണുമ്പോൾ, യാതൊരുവിധ ലൈംഗികചിന്തയും ഉള്ളിലില്ലാത്തപ്പോൾപോലും അഭിനന്ദനാദരവോടെ വീക്ഷിക്കുവാൻ പാടില്ല. ഇതാണ് സദൃശവാക്യം 6:25 നമ്മോട് ആവശ്യപ്പെടുന്ന വിശ്വസ്തത. അവിടെ നാം "അവളുടെ സൗന്ദര്യത്തെ നിന്റെ ഹൃദയത്തിൽ മോഹിക്കരുത്" എന്ന് കാണുന്നു. ഇപ്രകാരം വിശ്വസ്തരായിരിക്കുവാൻ വളരെക്കുറച്ചുപേർക്ക് മാത്രമേ കഴിയുന്നുള്ളൂവെന്നതിനാലാണ് തങ്ങളുടെ സ്വപ്നങ്ങളിൽ വിശുദ്ധരായിരിക്കുവാൻ വളരെ കുറച്ചുപേർക്ക് മാത്രം സാധിക്കുന്നത്.

ള്ളതായിത്തീരും. മലിനമായ സ്വപ്നങ്ങൾ വളരെ വളരെ വിരളമാകും. എന്നാൽ അശുദ്ധമായ സ്വപ്നങ്ങളുടെ നിരക്ക് വർദ്ധിച്ചുവരുന്നെങ്കിൽ, നാം വീണ്ടും നമ്മുടെ ചിന്താലോകത്തിൽ അവിശ്വസ്തരായിരിക്കുന്നുവെന്ന് മനസ്സിലാക്കാം. അതിനാൽ നമ്മുടെ ചിന്താമണ്ഡലത്തിൽ വിശുദ്ധി പുലർത്തുന്നുവോ എന്നതിന്റെ ഒരു നല്ല അളവുകോലായി ഇതിനെ കണക്കാക്കാം. അശുദ്ധസ്വപ്നങ്ങൾ അബോധപൂർവ്വമായ പാപങ്ങളാണ്. അതിനാൽ അവയെക്കുറിച്ച് നാം കുറ്റബോധമുള്ളവരായിരിക്കേണ്ടതില്ല (റോമർ 7:25; 8:1). 1 യോഹന്നാൻ 1:7-ാം വചനം പറയുന്നത് നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ യേശുവിന്റെ രക്തം അത്തരത്തിലുള്ള എല്ലാ പാപവും നീക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്നാണ്.

സമ്പൂർണ്ണവിശ്വസ്തത സമ്പൂർണ്ണജയത്തിലേയ്ക്ക് നമ്മെ നടത്തുന്നു. ഉദാഹരത്തിന് ലൈംഗികമേഖലയിലെ സമ്പൂർണ്ണ വിശ്വസ്തതയ്ക്കായി, എതിർലിംഗത്തിലുള്ള ഒരു വ്യക്തിയുടെ സുന്ദരമായ മുഖം കാണുമ്പോൾ, യാതൊരുവിധ ലൈംഗികചിന്തയും ഉള്ളിലില്ലാത്തപ്പോൾപോലും അഭിനന്ദനാദരവോടെ വീക്ഷിക്കുവാൻ പാടില്ല. ഇതാണ് സദൃശവാക്യം 6:25 നമ്മോട് ആവശ്യപ്പെടുന്ന വിശ്വസ്തത. അവിടെ നാം "അവളുടെ സൗന്ദര്യത്തെ നിന്റെ ഹൃദയത്തിൽ മോഹിക്കരുത്" എന്ന് കാണുന്നു. ഇപ്രകാരം വിശ്വസ്തരായിരിക്കുവാൻ വളരെക്കുറച്ചുപേർക്ക് മാത്രമേ കഴിയുന്നുള്ളൂവെന്നതിനാലാണ് തങ്ങളുടെ സ്വപ്നങ്ങളിൽ വിശുദ്ധരായിരിക്കുവാൻ വളരെ കുറച്ചുപേർക്ക് മാത്രം സാധിക്കുന്നത്.

ഉണർന്നിരിക്കുമ്പോൾ നാം ബോധപൂർവ്വം ചിന്തിക്കുന്ന കാര്യങ്ങൾ നമ്മുടെ അബോധമണ്ഡലത്തെ നന്നായി സ്വാധീനിക്കുന്നുണ്ട്. നമ്മുടെ മനസ്സിലേയ്ക്കു മിന്നൽപോലെ കടന്നുവരുന്ന പ്രലോഭനങ്ങളല്ല, അവയോടുള്ള നമ്മുടെ പ്രതികരണമാണ് ഇവിടെ പ്രധാനം. ചിന്തകളിലും മനോഭാവത്തിൽപോലും നാം പാപത്തെ വെറുക്കുന്നുവെന്നും ദൈവമുമ്പാകെയാണ് നാം ജീവിക്കുന്നതെന്നുമുള്ള സന്ദേശം നമ്മുടെ അബോധമനസ്സിന് ലഭിച്ചാൽ, വിശുദ്ധിക്കുവേണ്ടിയുള്ള നമ്മുടെ ആഗ്രഹത്തോട് അത് സഹകരിക്കും (സങ്കീ. 51:6 കാണുക). അതിനാൽ എന്റെ വിശുദ്ധിയെപ്പറ്റി സഹവിശ്വാസികൾ എന്തു ചിന്തിക്കുന്നുവെന്നതല്ല, മറിച്ച്, എന്റെ അബോധമനസ്സിന് എന്തു സന്ദേശമാണ് ലഭിച്ചിട്ടുള്ളത് എന്നതാണ് പ്രധാന ചോദ്യം. ഇതിന്റെ ഉത്തരം നിങ്ങളുടെ സ്വപ്നങ്ങളിൽനിന്നും നിങ്ങൾക്കു ലഭിക്കും.

സമ്പൂർണ്ണവിശുദ്ധി ആഗ്രഹിക്കാത്തവർക്ക് നാമിവിടെ പറയുന്നതൊന്നും മനസ്സിലാവുകയില്ല. തങ്ങളുടെ അശുദ്ധമായ





സ്വപ്നങ്ങളെ നിസ്സാരമായി കാണുന്ന ആളുകൾ, ബോധപൂർവ്വമായ ചിന്താലോകത്തിൽ തങ്ങളുടെ വിശ്വസ്തതയില്ലായ്മയുടെ തെളിവാണതെന്ന് ഒരുനാളും മനസ്സിലാക്കുകയില്ല. അത്തരം വിശ്വാസികൾ നമ്മുടെ വാക്കുകൾ അതിരുകടന്നതും അയഥാർത്ഥമെന്നും കണക്കാക്കിയേക്കാം. എന്തെന്നാൽ ആത്മീയകാര്യങ്ങൾ പ്രാകൃതമനസ്സിന് ഭോഷത്തമായിരിക്കും.

എന്നാൽ സുവാർത്ത ഇതാണ്: യേശു നടന്നതുപോലെ നടക്കുവാൻ നിങ്ങൾ മനസ്സുവെച്ചാൽ, ഭൂതകാലത്തിൽ നിങ്ങളുടെ ചിന്താലോകം എത്രമാത്രം മലിനമായിരുന്നതായാലും, അതിന് പൂർണ്ണവിശുദ്ധമാകുവാൻ കഴിയും. ഇത് നിങ്ങളുടെ സ്വപ്നങ്ങളെയും വിശുദ്ധമാക്കും. ഇതിന് തീർച്ചയായും കുറച്ച് സമയമെടുക്കും. മാനസാന്തരത്തിനുമുമ്പ് നിങ്ങളുടെ ജഡത്തെ നിങ്ങൾ എത്രത്തോളം പരിപോഷിപ്പിച്ചു എന്നതാണ് ഇതിനുള്ള സമയദൈർഘ്യത്തെ നിർണ്ണയിക്കുന്നത്. പൂർണ്ണഹൃദയത്തോടെ വിശ്വസ്തത പുലർത്തിയാൽ ഏറ്റവും ശക്തനായ പാമ്പിനെയും മരണത്തിലേയ്ക്ക് നയിക്കുവാൻ കഴിയും.

അദ്ധ്വാനിച്ച് തളർന്നവരെയും ഭാരം ചുമക്കുന്നവരെയുമാണ് യേശു തന്റെയടുക്കലേയ്ക്ക് ക്ഷണിച്ചത്. നിങ്ങളുടെ പരാജയജീവിതത്തെക്കുറിച്ചോർത്ത് ക്ഷീണിച്ച് അവശരാകുമ്പോൾ മാത്രമേ, വിജയത്തിനായി യേശുവിന്റെ അടുക്കൽ വരുവാൻ നിങ്ങൾ യോഗ്യനാവുകയുള്ളൂ. മറ്റുള്ളവരെക്കുറിച്ചും മറ്റുള്ളവർ തങ്ങളോട് പെരുമാറുന്നതിനെക്കുറിച്ചും മടുത്തവരാൽ ലോകം നിറഞ്ഞിരിക്കുന്നു. തങ്ങളുടെ പ്രസ്ഥാനങ്ങളിൽ കാണുന്ന ലോകമയത്വവും ഒത്തുതീർപ്പുകളും കണ്ട് മടുത്തവരാണ് ചില ക്രിസ്ത്യാനികൾ.

എന്നാൽ ഇവയൊന്നും വിജയത്തിനായുള്ള യോഗ്യതകളല്ല. എന്നാൽ തങ്ങളെക്കുറിച്ച് തന്നെ മടുത്തവരെയാണ്

ഉണർന്നിരിക്കുമ്പോൾ നാം ബോധപൂർവ്വം ചിന്തിക്കുന്ന കാര്യങ്ങൾ നമ്മുടെഅബോധമണ്ഡലത്തെ നന്നായി സ്വാധീനിക്കുന്നുണ്ട്. നമ്മുടെ മനസ്സിലേയ്ക്കു മിന്നൽ പോലെ കടന്നുവരുന്ന പ്രലോഭനങ്ങളല്ല, അവയോടുള്ള നമ്മുടെ പ്രതികരണമാണ് ഇവിടെ പ്രധാനം. ചിന്തകളിലും മനോഭാവത്തിൽ പോലും നാം പാപത്തെ വെറുക്കുന്നുവെന്നും ദൈവമുമ്പാകെയാണ് നാം ജീവിക്കുന്നതെന്നുമുള്ള സന്ദേശം നമ്മുടെ അബോധമനസ്സിന് ലഭിച്ചാൽ, വിശുദ്ധിക്കുവേണ്ടിയുള്ള നമ്മുടെ ആഗ്രഹത്തോട് അത് സഹകരിക്കും. അതിനാൽ എന്റെ വിശുദ്ധിയെപ്പറ്റി സഹവിശ്വാസികൾ എന്തു ചിന്തിക്കുന്നുവെന്നതല്ല, മറിച്ച്, എന്റെ അബോധമനസ്സിന് എന്തു സന്ദേശമാണ് ലഭിച്ചിട്ടുള്ളത് എന്നതാണ് പ്രധാന ചോദ്യം.

കർത്താവ് തന്റെ അടുക്കലേക്ക് വരുവാൻ ക്ഷണിക്കുന്നത്. ജയത്തിനായി ദാഹിക്കുന്നവർക്ക് മാത്രമേ കർത്താവിന്റെ അടുക്കലേക്ക് ചെല്ലുവാൻ കഴിയൂ (മത്താ. 11:28, യോഹ. 7:37). ചിന്താജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചകളെക്കുറിച്ചും രഹസ്യപാപങ്ങളെക്കുറിച്ചും ദുഃഖിച്ച് വിലപിക്കുന്നവർക്ക്, ദൈവത്തിന്റെ സത്യങ്ങൾ വേഗത്തിൽ മനസ്സിലാകും. മറ്റുള്ളവർക്ക് ഇത് ഒരു ദുരുപദേശമായി തോന്നും. എന്തെന്നാൽ, ആത്മീയസത്യങ്ങൾ പ്രാകൃതമനസ്സിന് മനസ്സിലാക്കുവാൻ സാദ്ധ്യമല്ല; രഹസ്യപാപങ്ങളെയോർത്തു കരയുന്ന ഹൃദയങ്ങൾക്കും ദൈവം നൽകുന്ന വെളിപ്പാടിനാൽ മാത്രമേ അതു സാദ്ധ്യമാകൂ.

(തുടരും).

❖

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

# 1 കൊരിന്ത്യർ

**അധ്യായം 6** (തുടർച്ച)

**ധനം ലാഭകരമായ വിധത്തിൽ ചെലവിടുക**

ഇതുപോലെതന്നെ, അന്യായമായും, ന്യായമായും, ലാഭകരമായും പണം ചെലവാക്കുവാനും സാധിക്കും. പൂർണ്ണഹൃദയത്തോടെ കർത്താവിനെ പിൻപറ്റുന്ന ഒരുവൻ തന്റെ സമയവും പണവുമെല്ലാം ലാഭകരമായ വിധത്തിൽ മാത്രമേ ചെലവഴിക്കുകയുള്ളൂ. ശരിയായ തിരഞ്ഞെടുപ്പുകൾ നടത്തുവാൻ നാം പരിശീലിക്കണം. ദൈവഭക്തിയോടു കൂടിയ ഒരു ജീവിതത്തിന്റെ രഹസ്യമെന്നുള്ളത് നാം എടുക്കുന്ന ശരിയായ തീരുമാനങ്ങളാണ്. സമയം ചെലവിടുവാൻ കഴിയുന്ന എല്ലാ ന്യായമായ മാർഗ്ഗങ്ങളിൽ നിന്നും ലാഭകരമായതു മാത്രം നാം തിരഞ്ഞെടുക്കുക. പണം ചെലവിടുവാനുള്ള ന്യായമായ മാർഗ്ഗങ്ങളിൽ നിന്നും ഏറ്റവും മികച്ചവ മാത്രം നാം തിരഞ്ഞെടുക്കുക. അങ്ങനെയുള്ള ഒരുവൻ ദൈവത്തിനുള്ളവനായി എണ്ണപ്പെടും.



*ആളുകളിൽ മറഞ്ഞുകിടക്കുന്ന അസാന്മാർഗ്ഗിക പ്രവണതകൾ വളരെയധികമാണ്. വെളിച്ചത്ത് വരുന്നത് മഞ്ഞുപാളിയുടെ ഒരഗ്രം മാത്രമാണ്. മറഞ്ഞ് കിടക്കുന്നതിന്റെ വലുപ്പം വളരെ വലുതാണ്.*

**ഭക്ഷണം നമ്മെ നിയന്ത്രിക്കരുത്**

നമ്മുടെ ശരീരത്തെ ഉപയോഗിക്കേണ്ട വിധത്തെക്കുറിച്ച് പൗലൊസ് തുടർന്ന് പറയുകയാണ്:'എന്റെ ശാരീരിക അഭിലാഷങ്ങൾ എന്നെ നിയന്ത്രിക്കുവാൻ ഞാൻ അനുവദിക്കയില്ല" (6:12, 13). ഭക്ഷണം ശരീരത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ നിങ്ങൾ ദൈവത്തിന്റെ ദാസന്മാരെങ്കിൽ ഭക്ഷണം നിങ്ങളെ നിയന്ത്രിക്കുവാൻ നിങ്ങൾ അനുവദിക്കരുത്. ഭക്ഷണം നിങ്ങളെ നിയന്ത്രിക്കുന്ന വിധത്തിൽ അതിനെ വളരെയേറെ ഇഷ്ടപ്പെടുന്നവരാണ് നിങ്ങളെങ്കിൽ, നിങ്ങൾ ദൈവത്തിന് പ്രയോജനമുള്ള ഒരു ദാസനായിരിക്കുകയില്ല. ഇപ്രകാരമുള്ള അടിമത്തത്തിൽ നിന്നും നിങ്ങൾ സ്വതന്ത്രരാകേണ്ടതുണ്ട്. ഇതിനായി ഉപവാസം നമ്മെ സഹായിക്കും.

നമ്മുടെ ആത്മാവ് മാത്രമല്ല, നമ്മുടെ ഭൗതിക ശരീരവും ക്രിസ്തുവിന്റെ ഒരു അവയവമാണ്(6:15). അതിനാൽ ദുർമ്മാർഗ്ഗ പ്രവൃത്തികൾക്കായി അതിനെ ഉപയോഗിക്കാൻ പാടില്ല. നമ്മുടെ കണ്ണുകളും നാവും ശരീരത്തിലെ അവയവങ്ങളും കർത്താവിന്റെ ഉപയോഗത്തിന് മാത്രമുള്ളവയാണ്.കഴിഞ്ഞ കുറേ വർഷങ്ങളായി ഞാൻ അവകാശപ്പെടുത്തിക്കൊണ്ടിരിക്കുന്ന അത്ഭുതകരമായ ഒരു ദൈവിക വാഗ്ദാനം ഇതാണ്: "ശരീരം കർത്താവിനുള്ളതും, കർത്താവ് ശരീരത്തിനും ആകുന്നു" (6:13). "കർത്താവേ, എന്റെ ശരീരം സമ്പൂർണ്ണമായും അങ്ങയുടേതാണ്, എന്റെ തലമുതൽ പാദംവരെ, എന്റെ കണ്ണുകൾ, എന്റെ നാവ്, എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്" എന്ന് നിങ്ങൾ പറയുമ്പോൾ, കർത്താവ് നിങ്ങളുടെ ശരീരത്തിനുള്ളവനായിത്തീരുന്നു. ദൈവത്തെ ശുശ്രൂഷിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നിടത്തോളം സമയം, തന്നെ ശുശ്രൂഷിക്കുവാൻ നിങ്ങളുടെ ശരീരത്തെ സജ്ജമാക്കി നിലനിർത്തുവാൻ ദൈവത്തിന് കഴിയും. രോഗങ്ങളിൽ നിന്നും നിങ്ങളുടെ ശരീരത്തെ അവിടുന്ന് സംരക്ഷിക്കും. ബാല്യക്കാർ തളർന്നു പോകും, എന്നാൽ കർത്താവിനായി തങ്ങളുടെ ശരീരത്തെ സമർപ്പിച്ചിരിക്കുന്നവർ കഴുകന്മാരെപ്പോലെ പറന്നുയരും.

> ഭക്ഷണം ശരീരത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ നിങ്ങൾ ദൈവത്തിന്റെ ദാസന്മാരെങ്കിൽ ഭക്ഷണം നിങ്ങളെ നിയന്ത്രിക്കുവാൻ നിങ്ങൾ അനുവദിക്കരുത്. ഭക്ഷണം നിങ്ങളെ നിയന്ത്രിക്കുന്ന വിധത്തിൽ അതിനെ വളരെയേറെ ഇഷ്ടപ്പെടുന്നവരാണ് നിങ്ങളെങ്കിൽ, നിങ്ങൾ ദൈവത്തിന് പ്രയോജനമുള്ള ഒരു ദാസനായിരിക്കുകയില്ല. ഇപ്രകാരമുള്ള അടിമത്തത്തിൽ നിന്നും നിങ്ങൾ സ്വതന്ത്രരാകേണ്ടതുണ്ട്. ഇതിനായി ഉപവാസം നമ്മെ സഹായിക്കും.

**ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുക**

നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരവുമാണ് (6:19). അതിനാൽ നാം അതിനെ അശുദ്ധമാക്കുവാൻ പാടില്ല.സഭാ ഹാളിനുള്ളിൽ വെച്ച് മദ്യപിക്കുകയോ, പുകവലിക്കുകയോ, വ്യഭിചാരിക്കുകയോ ചെയ്യുവാൻ നിങ്ങൾ തയ്യാറാവില്ല. എങ്കിൽ ഈ വക പ്രവൃത്തികൾ നിങ്ങളുടെ ശരീരത്തിലും അനുവദിക്കു

> പല ക്രിസ്ത്യാനികളും ഇന്ന് രോഗസൗഖ്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. എന്നാൽ രോഗ സൗഖ്യത്തെക്കാൾ നല്ലത് ആരോഗ്യമാണ്. രോഗം വരാതെ സൂക്ഷിക്കുന്നതാണ് ചികിത്സിച്ച് ഭേദമാക്കുന്നതിലും നല്ലത്. ഭക്ഷണ നിയന്ത്രണത്തിലൂടെ ആരോഗ്യമുള്ളവരായിരിക്കുന്നതാണ്, അമിത ഭക്ഷണം മൂലം രോഗബാധിതരായ ശേഷം സൗഖ്യത്തിനായി ദൈവത്തോട് അപേക്ഷിക്കുന്നതിലും നല്ലത്. നമ്മുടെ സൗഖ്യദായകനാവുകയെന്നല്ല, നമ്മുടെ ശരീരത്തിന്റെ ആരോഗ്യമായിരിക്കുവാനാണ് ദൈവത്തോട് നാം അപേക്ഷിക്കേണ്ടത്.

വാൻ പാടില്ല, എന്തെന്നാൽ സഭാ കെട്ടിടമല്ല മറിച്ച് നമ്മുടെ ശരീരമാണ് യഥാർത്ഥ ദൈവമന്ദിരം. "നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു.......... ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുക" (6:19, 20).

ഈ ഒമ്പത് വാക്യങ്ങൾ (6:12-20), നാം നമ്മുടെ ശരീരത്തെ എങ്ങനെ ഉപയോഗിക്കണമെന്നും, ശരീരത്തിനായുള്ള ദൈവത്തിന്റെ കരുതലുകളെക്കുറിച്ചും പ്രസ്താവിക്കുന്ന തിരുവചനത്തിലെ ഏറ്റവും മികച്ച ഭാഗങ്ങളാണ്. ദൈവത്തെ സേവിക്കുവാൻ ആരോഗ്യമുള്ള ഒരു ശരീരം നമുക്ക് ആവശ്യമുള്ളതിനാൽ ഈ ഭാഗങ്ങൾ ശ്രദ്ധയോടെ ധ്യാനിക്കുവാൻ ഞാൻ ആവശ്യപ്പെടുകയാണ്. പല ക്രിസ്ത്യാനികളും ഇന്ന് രോഗസൗഖ്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. എന്നാൽ രോഗസൗഖ്യത്തെക്കാൾ നല്ലത് ആരോഗ്യമാണ്. രോഗം വരാതെ സൂക്ഷിക്കുന്നതാണ് ചികിത്സിച്ച് ഭേദമാക്കുന്നതിലും നല്ലത്. ഭക്ഷണ നിയന്ത്രണത്തിലൂടെ ആരോഗ്യമുള്ളവരായിരിക്കുന്നതാണ്, അമിത ഭക്ഷണം മൂലം രോഗബാധിതരായ ശേഷം സൗഖ്യത്തിനായി ദൈവത്തോട് അപേക്ഷിക്കുന്നതിലും നല്ലത്. നമ്മുടെ സൗഖ്യദായകനാവുകയെന്നല്ല, നമ്മുടെ ശരീരത്തിന്റെ ആരോഗ്യമായിരിക്കുവാനാണ് ദൈവത്തോട് നാം അപേക്ഷിക്കേണ്ടത്. നിങ്ങളുടെ ശരീരം മുഴുവനായും കർത്താവിന് കൊടുത്തതിന് ശേഷം പറയുക:"കർത്താവേ, അവിടുന്നാണ് എന്റെ ശരീരത്തിന്റെ ആരോഗ്യം. ഞാനെത്രനാൾ ഈ ഭൂമിയിൽ പാർത്ത് അങ്ങയെ സേവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവോ, അത്രയും നാൾ എന്നെ അവിടുത്തേക്ക് ലഭ്യമാണ്. കർത്താവേ, എന്റെ ശരീരത്തെ അവിടുന്ന് ക്രൂശിൽ വിലയ്ക്ക് വാങ്ങിയിരിക്കയാൽ, ഞാനെന്റെ ശരീരംകൊണ്ട് അങ്ങയെ മഹത്വപ്പെടുത്തും. എന്റെ ശരീരം അങ്ങയുടേത് മാത്രമാണ്". മറ്റൊരുവൻ (കർത്താവ്) വിലയ്ക്ക് വാങ്ങിയ ഒരു ഭവനം പോലെയാണ് നമ്മുടെ ശരീരം. അതിന്റെ യഥാർത്ഥ ഉടമസ്ഥൻ അതിൽ വസിക്കേണ്ടതിനായി നാം അതിൽനിന്നും ഒഴിവാകേണ്ടത് ആവശ്യമാണ്. മറ്റൊരുത്തൻ വിലയ്ക്ക് വാങ്ങിയ വീട്ടിൽ അധിവസിക്കുക എന്നത് അത്യന്തം പാപകരമായ ഒരു പ്രവൃത്തിയാണ്. അതിനാൽ നിങ്ങളുടെ ശരീരത്തെ പൂർണ്ണമായും അതിന്റെ ഉടമസ്ഥനായ കർത്താവിന് കൈമാറുക.

### ദുർന്നടപ്പ് വിട്ടോടുക

ദുർന്നടപ്പിനെ കീഴടക്കുവാനുള്ള ഒരേയൊരു മാർഗ്ഗമാണ് 6:18ൽ പറയുന്നത്:"ദുർന്നടപ്പ് വിട്ടോടുവിൻ". എത്ര ശക്തമായതാണ് ലൈംഗിക മോഹങ്ങളെന്ന് യാഥാർത്ഥ്യബോധത്തോടെ തന്നെ ബൈബിൾ വ്യക്തമാകുന്നു. പൊത്തിഫറിന്റെ ഭാര്യ തന്നെ പ്രലോഭിപ്പിച്ചപ്പോൾ അവളെ വിട്ടോടുകയാണ് യോസേഫ് ചെയ്തത്. വിട്ടോടുന്നതിന് പകരം,





അവിടെ ചുറ്റിപ്പറ്റി നിൽക്കുകയോ അതിന്റെ സ്വാധീന വലയത്തിലേക്ക് എത്തുകയോ ചെയ്താൽ, വീഴ്ച സംഭവിക്കുമെന്നുള്ളത് ഉറപ്പാണ്. ഇന്നോ നാളെയോ അതു സംഭവിക്കാം. ഒരു സംഭാഷണമോ സൗഹൃദമോ, ബന്ധമോ അപകടകരമായ വിധത്തിലേക്ക് നീങ്ങുന്നതായി തോന്നുന്ന പക്ഷം ഉടൻതന്നെ പിന്തിരിഞ്ഞ് ഓടുവാൻ തയ്യാറാകാതിരുന്നാൽ അത് നിങ്ങളുടെ ശുശ്രൂഷയെയും ജീവിതത്തെയും തകർത്തുകളയും. ആ സാഹചര്യത്തിൽ നിന്നും ഓടി രക്ഷപ്പെടുക. ഈ ഉപദേശം സ്വീകരിക്കാതിരുന്നാൽ, വിട്ടോടുവാൻ കഴിയാത്തതിനെയോർത്ത് നിത്യത മുഴുവനും ദുഃഖിക്കുകമാത്രമായിരിക്കും ഫലം. ഇക്കാര്യം എത്രയും ഗൗരവമേറിയതാണ്!

### അധ്യായം 7

ദുർന്നടപ്പ് വിട്ടോടുവാനുള്ള ഒരു മാർഗ്ഗമായി പൗലൊസ് തുടർന്ന് ചൂണ്ടിക്കാണിക്കുന്നത് വിവാഹം കഴിക്കുക എന്നുള്ളതാണ് (7:1). അവിവാഹിതനായിരുന്നാൽ കർത്താവിനെ സേവിക്കുവാൻ കൂടുതൽ സമയം ലഭിക്കുമെന്നുറപ്പാണ്. എന്നാൽ ദുർന്നടപ്പ് ലോകത്തിൽ വർദ്ധിച്ചിരിക്കുന്നതിനാൽ "ഓരോരുത്തനു സ്വന്ത ഭാര്യയും ഓരോരുത്തിക്കു സ്വന്തഭർത്താവും ഉണ്ടായിരിക്കട്ടെ" (7:2). ഇത് വിവാഹത്തിനുള്ള ഏറ്റവും അനാത്മീയമായ ഒരു കാരണമെന്ന് ചിലർ പറഞ്ഞേക്കാം. എന്നാൽ ദുർന്നടപ്പിൽ നിന്നുള്ള സംരക്ഷണത്തിനായി വിവാഹത്തെ നിർദ്ദേശിക്കുന്നത് പരിശുദ്ധാത്മാവ് തന്നെയാണ്. അതിനാൽ ദൈവത്തെക്കാൾ വലിയ ആത്മീയരാകുവാൻ ശ്രമിക്കരുത്!!

"ആത്മനിയന്ത്രണമില്ലാത്തവൻ അഴലുന്നതിനെക്കാൾ വിവാഹം ചെയ്യുന്നത് നല്ലത്" (7:9). കൗമാരപ്രായത്തിന്റെ ഒടുവിലേക്കെത്തുമ്പോൾ ലൈംഗികമോഹങ്ങളാൽ പരവശപ്പെടുന്നത് മിക്ക പുരുഷന്മാരിലും സംഭവിക്കാറുള്ളതാണ്. അതിനെ അതിജീവിക്കുവാനുള്ള ആത്മനിയന്ത്രണം മിക്കവരിലും കാണുകയില്ല. ഈ നിലയിലുള്ള പ്രലോഭനങ്ങൾക്ക് വിധേയപ്പെടുന്നതിലും നല്ലത് വിവാഹം കഴിക്കുകയും അതുവഴിയായി വികാരത്തള്ളലുകൾക്ക് ശമനം കണ്ടെത്തുകയുമാണ്. ബൈബിൾ വളരെ പ്രായോഗികമായാണ് ഇത്തരം വിഷയങ്ങളെ സമീപിക്കുന്നത്. ഒരു വനത്തിലോ ആശ്രമത്തിലോ പോയി സന്ന്യാസജീവിതം നയിക്കുന്നതിനെക്കുറിച്ചല്ല അതു നമ്മെ പഠിപ്പിക്കുന്നത്. നാം ലോകത്തിന്റെ നടുവിൽ ആയിരിക്കുകയും മറ്റുള്ളവരെപ്പോലെ വിവാഹജീവിതം നയിക്കുകയുമാണ് വേണ്ടത്. ഹാനോക്കിനെക്കുറിച്ച് ബൈബിൾ പറയുന്നത് "അവൻ ദൈവത്തോടുകൂടെ നടക്കുകയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കുകയും ചെയ്തു" എന്നാണ് (ഉല്പത്തി 5:22). നമുക്കും ഹാനോക്കിനെപ്പോലെ പുത്രന്മാരോടും പുത്രിമാ

> ഒരു വനത്തിലോ ആശ്രമത്തിലോ പോയി സന്ന്യാസജീവിതം നയിക്കുന്നതിനെക്കുറിച്ചല്ല ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്. നാം ലോകത്തിന്റെ നടുവിൽ ആയിരിക്കുകയും മറ്റുള്ളവരെപ്പോലെ വിവാഹജീവിതം നയിക്കുകയുമാണ് വേണ്ടത്. ഹാനോക്കിനെക്കുറിച്ച് ബൈബിൾ പറയുന്നത് "അവൻ ദൈവത്തോടുകൂടെ നടക്കുകയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കുകയും ചെയ്തു" എന്നാണ് . നമുക്കും ഹാനോക്കിനെപ്പോലെ പുത്രന്മാരോടും പുത്രിമാരോടുമൊപ്പം സാധാരണമായ ഒരു കുടുംബജീവിതം നയിക്കുകയും, അപ്പോൾ തന്നെ ദൈവത്തോടൊപ്പം നടക്കുകയും ചെയ്യുവാൻ കഴിയും.

*(ശേഷം പേജ് 32 ൽ)*

## ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

### അധ്യായം -7

# സ്കൂൾ പഠനം പൂർത്തിയാകുന്നു

ആനി പുന്നൻ

എന്റെ മാതാപിതാക്കളും കർത്താവിനെ അറിയണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്റെ പിതാവ് വീട്ടുകാര്യങ്ങൾ ഉത്തരവാദിത്തത്തോടെ നോക്കണം. മാതാപിതാക്കൾ സന്തോഷമായിരിക്കണം. ഇളയ സഹോദരങ്ങളും കർത്താവിനെ അറിയണം. പക്ഷേ ഇതിനെല്ലാം വേണ്ടി ഞാനെന്താണു പ്രവർത്തിക്കേണ്ടതെന്ന് എനിക്കറിഞ്ഞു കൂടായിരുന്നു. എന്നാൽ ഞാനീ കാര്യങ്ങളെല്ലാം ദിനംതോറും പ്രാർത്ഥനയായി കർത്താവിന്റെ മുൻപിൽ സമർപ്പിക്കും. ഞാൻ എന്റെ ഭാരങ്ങൾ ഓരോ ദിവസവും അവന്റെ മേൽ ഇടുവാൻ പഠിച്ചു.

ഹോസ്റ്റലിൽ ഞങ്ങൾ സാധാരണ പാടാറുള്ള ഒരു പാട്ടിന്റെ പല്ലവി ഇങ്ങനെയായിരുന്നു.

"അല്പാല്പമായി ദിവസം തോറും
അല്പാല്പമായി എല്ലാ വിധവും
എന്റെ യേശു എന്നെ മാറ്റുന്നു....."

അതു ശരിയായിരുന്നു. ഓരോ ദിവസവും അല്പാല്പമായി കർത്താവ് എന്റെ കോപത്തേയും സ്വയസഹതാപത്തേയും മാറ്റാൻ എന്നെ സഹായിച്ചുകൊണ്ടിരുന്നു.

എന്റെ സ്വഭാവത്തിൽ ക്രിസ്തു തുല്യമല്ലാത്ത എല്ലാറ്റിന്റെയും ഒരു പട്ടിക ഞാനുണ്ടാക്കി. അതു വച്ചു നിരന്തരം പ്രാർത്ഥിക്കുവാൻ തുടങ്ങി.എന്നെ വ്യത്യാസപ്പെടുത്തി, തന്റെ സ്വഭാവം പകരം നൽകി, എന്റെ തിന്മയായുള്ള സ്വഭാവം എടുത്തു മാറ്റണമേ എന്നായിരുന്നു എന്റെ പ്രാർത്ഥന.സമയം കടന്നു പോകുന്തോറും പാപത്തെക്കുറിച്ചും തിന്മയെക്കുറിച്ചും എനിക്കു കൂടുതൽ വെളിച്ചം ലഭിച്ചുകൊണ്ടിരുന്നു. ഇതിനാൽ എന്റെ ബലഹീനതകളുടെ എണ്ണം ഞാൻ കൂടുതൽ തിരിച്ചറിയുവാൻ തുടങ്ങി.ഇതിനനുസരിച്ച് എന്റെ ബലഹീനതകളുടെ പട്ടികയുടെ നീളം കൂടി വരികയാണു ചെയ്തത്. എന്തു ചെയ്യാം? പക്ഷേ ഞാൻ നിരാശപ്പെട്ടില്ല. ഞാൻ എന്റെ ഭാഗത്തു മുഴുവനായി ശ്രമിക്കുകയും കർത്താവു തന്റെ ഭാഗത്ത് ക്രമേണ എന്നെ വ്യത്യാസപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നതിൽ ഞാൻ തൃപ്തയായിരുന്നു. സന്തോഷഭരിതയായിരുന്നു.

ഒരു പെൺകുട്ടി അവളുടെ വഴി വൃത്തിയുള്ളതും ഹൃദയം നിർമ്മലവുമായി സൂക്ഷിക്കാൻ ദൈവവചനത്തെ വളരെ ശ്രദ്ധയോടെ കരുതിക്കൊള്ളേണ്ടതുണ്ടെന്ന് (സങ്കീ. 119:9,11) ഞാൻ ഒരു ദിവസം സങ്കീർത്തനത്തിൽ വായിക്കാൻ ഇടയായി. ഈ വാഗ്ദാനം എന്നെ ഉത്സാ





ഹിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മുഴുബൈബിളും ഒരു വർഷം കൊണ്ടു വായിച്ചു തീർക്കാൻ ഞാൻ തീരുമാനിച്ചു. ഒരു വർഷം കൊണ്ടു മുഴുബൈബിളും വായിച്ചുതീർക്കാൻ സഹായിക്കുന്ന ഒരു ബൈബിൾ വായനാപദ്ധതി വാർഡൻ ഞങ്ങൾക്കു തന്നിരുന്നു. ഞാൻ അതനുസരിച്ചു വായിക്കാൻ തുടങ്ങി. എന്നാൽ ഒരു വർഷം കൊണ്ട് എനിക്കതു പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഒരു വർഷത്തിലേറെ സമയം എനിക്കു വേണ്ടി വന്നു. എന്നാൽ ഒടുവിൽ ഞാനതു പൂർത്തിയാക്കുക തന്നെ ചെയ്തു!

സ്കൂളിലെ പഠനത്തിലും ഞാൻ ഏറെ ശ്രദ്ധചെലുത്തി. കാരണം ഞാനൊരിക്കലും മറ്റുള്ളവർക്ക് ഒരു ഭാരമാകരുതെന്നും അതുകൊണ്ടു തന്നെ പഠനത്തിലൂടെ ഒടുവിൽ ഒരു ഉപജീവനമാർഗ്ഗം കണ്ടെത്തേണ്ടതുണ്ടെന്നും ഞാൻ തീരുമാനിച്ചിരുന്നു. ഹോസ്റ്റലിലെ ചിട്ടയുള്ള ജീവിതം എന്റെ സമയം വൃഥാ ചെലവഴിക്കാതെ പ്രയോജനമായി ഉപയോഗിക്കാൻ കുറച്ചൊന്നുമല്ല എന്നെ സഹായിച്ചത്! മറ്റുള്ളവരെ സഹായിക്കാനും ധാരാളം അവസരങ്ങൾ എനിക്കു ലഭ്യമായി.

ഒടുവിൽ ഞാൻ ഹയർ സെക്കൻഡറി (12-ാം ക്ലാസ്സ്) പരീക്ഷ പൂർത്തിയാക്കി. റിസൾട്ടു വന്നു. ദൈവകൃപയാൽ ഞാൻ പാസ്സായി. ഇനി എന്ത്? ആദ്യത്തെ കാര്യം ഇനി ഞാൻ ഹോസ്റ്റൽ വിട്ടേ മതിയാകൂ എന്നതാണ്. അത് എനിക്കു തീർച്ചയായും ദുഃഖകരമായിരുന്നു. കാരണം ഹോസ്റ്റലിനെ ഞാൻ അത്രയേറേ ഇഷ്ടപ്പെട്ടിരുന്നു. അതിനെക്കാൾ ഉപരി കഴിഞ്ഞ നാലു വർഷമായി വാർഡൻ എനിക്കൊരു സ്നേഹിതയും വഴികാട്ടിയുമായി മാറിയിരുന്നു.

ഹയർ സെക്കൻഡറി പരീക്ഷയിൽ എനിക്കു ലഭിച്ച മാർക്കുകൾ ശരാശരി മാത്രമായിരുന്നു.അതുകൊണ്ട് തുടർന്ന്

എന്റെ തിന്മയായുള്ള സ്വഭാവം എടുത്തു മാറ്റണമേ എന്നായിരുന്നു എന്റെ പ്രാർത്ഥന.സമയം കടന്നു പോകുന്തോറും പാപത്തെക്കുറിച്ചും തിന്മയെക്കുറിച്ചും എനിക്കു കൂടുതൽ വെളിച്ചം ലഭിച്ചുകൊണ്ടിരുന്നു. ഇതിനാൽ എന്റെ ബലഹീനതകളുടെ എണ്ണം ഞാൻ കൂടുതൽ തിരിച്ചറിയുവാൻ തുടങ്ങി.ഇതിനനുസരിച്ച് എന്റെ ബലഹീനതകളുടെ പട്ടികയുടെ നീളം കൂടി വരികയാണു ചെയ്തത്. എന്തു ചെയ്യാം? പക്ഷേ ഞാൻ നിരാശപ്പെട്ടില്ല. ഞാൻ എന്റെ ഭാഗത്തു മുഴുവനായി ശ്രമിക്കുകയും കർത്താവു തന്റെ ഭാഗത്ത് ക്രമേണ എന്നെ വ്യത്യാസപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നതിൽ ഞാൻ തൃപ്തയായിരുന്നു. സന്തോഷഭരിതയായിരുന്നു.

എന്തു ചെയ്യണമെന്നതു സംബന്ധിച്ചു ഞാൻ എന്റെ വാർഡന്റെ ഉപദേശം തേടി. നഴ്സിങ് പഠനത്തിന് അവർ എന്നെ ഉത്സാഹിപ്പിച്ചു. ഞാൻ അവരുടെ ഉപദേശാനുസരണം പല നഴ്സിങ് സ്കൂളുകളിലേക്ക് അപേക്ഷ അയച്ചു. എന്നാൽ ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട ഓരോ നഴ്സിങ് കോളജിൽ നിന്നും എന്റെ അപേക്ഷ 'നിരാകരിച്ചു'കൊണ്ട് മറുപടിക്കത്തു കൾ ലഭിക്കാനിടയായി. ഞാൻ നിരാശപ്പെട്ടുപോയി. എന്നാൽ ദൈവം എന്നെ സ്നേഹിക്കുന്നതിനാൽ തക്കസമയത്ത് അവിടുന്ന് എനിക്കായി ഒരു വാതിൽ തുറക്കുമെന്ന് (ഒരു പക്ഷേ അതു പ്രശസ്തമായ ഒരു കോളജായിരിക്കുകയില്ല) ഞാൻ വിശ്വസിച്ചു.

അങ്ങനെയിരിക്കെ, ഒരു ദിവസം ഉത്തരേന്ത്യയിലെ ഒരു നഴ്സിങ് സ്കൂളിൽ നിന്ന് ബിഎസ്സി നഴ്സിങ്ങിന് എനിക്കു

പ്രവേശനം തരാമെന്നു പറഞ്ഞ് ഒരു കത്തു വന്നു. അതു സത്യത്തിൽ എന്റെ വീട്ടിൽ നിന്നു വളരെ അകലെയായിരുന്നു. ആ ഓഫർ സ്വീകരിക്കണമോ എന്നു പലവട്ടം ഞാൻ ആലോചിച്ചു. ആ നഴ്സിങ് സ്കൂൾ അപരിചിതമായ ഒരു സ്ഥലത്തായിരുന്നു. അവിടെ ആരെയും എനിക്കു പരിചയമില്ല. ഭാഷയും വ്യത്യസ്തമാണ്. എനിക്കാണെങ്കിൽ ഹിന്ദി നന്നായി അറിഞ്ഞും കൂടാ.

ഭാവിയെക്കുറിച്ചുള്ള ഭയാശങ്കകൾ എന്റെ മനസ്സിൽ നിറഞ്ഞു. അപ്പോൾ ഞാൻ എന്റെ പ്രിയപ്പെട്ട ഗാനത്തിലെ വരികൾ ഓർത്തു.

"എന്റെ രക്ഷകൻ എന്നെ നടത്തും വഴികൾ

എന്താണെനിക്കു പറവാനുള്ളത്?

അവിടുത്തെ മൃദുകരുണയെ ഞാൻ സംശയിക്കയോ

പാടില്ല, അവനെന്റെ വഴികാട്ടി മുറ്റും."

എന്റെ വാർഡന്റെ ഉപദേശം ഞാൻ ഒരിക്കൽ കൂടി തേടി. മറ്റെല്ലാ വാതിലുകളും അടച്ചശേഷം ദൈവം ഈ വാതിലാണു തുറന്നതെന്ന് അവർ ചൂണ്ടിക്കാട്ടി. അതുകൊണ്ട് ഉത്തരേന്ത്യയിൽ എനിക്കു വേണ്ടി എന്തെങ്കിലും നല്ലതു തന്നെ അവിടുന്ന് കരുതി വച്ചിട്ടുണ്ടാകാം. ഈ വാക്കുകൾ പ്രവചനപരമാണെന്ന് അന്നു ഞാൻ വളരെ കുറച്ചേ മനസ്സിലാക്കിയുള്ളു! ഏതായാലും പിന്നെ ഞാൻ മടിച്ചില്ല. ഞാൻ കയ്യോടെ ആ നഴ്സിങ് സ്കൂളുകാർക്ക് എഴുതി- ഞാൻ അവിടെചേർന്നു പഠിക്കാൻ വരാം.

ഒരു കരിയർ സംബന്ധിച്ച എന്റെ സ്വപ്നങ്ങൾ ഒടുവിലിതാ പൂവണിയാൻ പോകുന്നു!

(തുടരും)

മൊഴിമാറ്റം: **സാന്ദ്ര**

❖

Form IV (See Rule 8)

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT JEEVAMOZHIKAL**

| | | | |
|---|---|---|---|
| 1 | Place of Publication | : | KOTTAYAM |
| 2 | Periodicity | : | MONTHLY |
| 3 | Printers Name | : | SUNNY VARGHESE |
| | Whether citizen of India | : | Yes |
| | Address | : | Pemalavadakethil<br>Ettumanoor P.O<br>Kottayam 686 631 |
| 4 | Publisher's Name | : | Sunny Varghese |
| | Whether citizen of India | : | Yes |
| | Address | : | Pemalavadakethil<br>Ettumanoor P.O<br>Kottayam 686 631 |
| 5 | Editor's Name | : | GEOJI T. SAMUEL |
| | Whether citizen of India | : | Yes |
| | Address | : | 'Ardram'<br>C.A.C Campus<br>Kumaranallur P. O.<br>Kottayam - 16 |
| 6 | Name Address of the firm, who owns the News paper & holding more than one percent of the total capital: | | |

Christian Fellowship Trust

Kottayam - 16

I, SUNNY VARGHESE hereby declare that the particulars given above are true to the best of my knowledge and belief.

Sd/-





# സങ്കടകരമായ സന്ദർഭങ്ങളിലും ....

*6-ാം പേജിൽ നിന്നു തുടർച്ച*

ഭവനത്തിലേക്കു ചേർക്കപ്പെട്ടിട്ടുണ്ട്. അവരെപ്പോലെ ദൈവഭക്തരായ ചിലർജീവിതത്തിന്റെ മധ്യത്തിൽ എടുക്കപ്പെടുന്നതും ദുഷ്ടരായ പലരും ദീർഘായുസ്സോടെ കഴിയുന്നതും എന്തുകൊണ്ടാണെന്നു നമുക്കു മനസ്സിലാക്കാനാവില്ല. നമ്മുടെ കർത്താവിന്റെ മടങ്ങിവരവിൽ മാത്രമേ നമുക്ക് ഈ നിഗൂഢതയ്ക്ക് ഉത്തരം കിട്ടുകയുള്ളു. ആവർത്തനം 29:28 പറയുന്നത് മറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇന്നു നമ്മുടെ ദൈവമായ കർത്താവിനുള്ളതാണ് എന്നത്രേ. അതുകൊണ്ട് അത്തരം മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ മാനുഷിക ബുദ്ധികൊണ്ടു വിശദീകരിക്കാൻ നാം ശ്രമിക്കരുത്-കാരണം അതു നമ്മെ തെറ്റായ നിഗമനങ്ങളിൽ മാത്രമേ കൊണ്ടു ചെന്നെത്തിക്കുകയുള്ളു. ദൈവത്തിന്റെ അപാരമായ ജ്ഞാനം മുഴുവനായി ഉൾക്കൊള്ളാൻ നമ്മുടെ മനസ്സിനു കഴിവില്ല. അതുകൊണ്ട് ഏറ്റവും അന്ധകാരാവൃതമായ രാത്രിയിലും നാം കർത്താവിൽ മാത്രം വിശ്വസിക്കുക. വിശദീകരണത്തിനായി നമ്മുടെ ബുദ്ധിയെ ആശ്രയിക്കാതിരിക്കുക.

വീട് കൊടുങ്കാറ്റിൽ നിലംപൊത്തിയതിനെതുടർന്ന് തന്റെ പത്തു മക്കളും ഒരേ സമയം മരിച്ച ഇയ്യോബ് എന്ന ദൈവഭക്തനായ മനുഷ്യനെക്കുറിച്ചു നാം ബൈബിളിൽ വായിക്കുന്നു. ദൈവത്തിന് ഏതു കൊടുങ്കാറ്റിനെയും, ഏത് അപകടത്തെയും, തടയാൻ കഴിയും. എന്നാൽ ചിലപ്പോൾ അവിടുന്ന് അങ്ങനെചെയ്യുന്നില്ല. ദൈവം എന്തുകൊണ്ടാണ് ആ കൊടുങ്കാറ്റിനെനാശം വിതയ്ക്കുവാൻ അനുവദിച്ചതെന്നു സത്യത്തിൽ ഇയ്യോബിനു മനസ്സിലായില്ല. വീട്ടിൽ നിരന്നിരിക്കുന്ന പത്തു ശവപ്പെട്ടികളിൽ നോക്കിനിന്നപ്പോൾ ഇയ്യോബ് അനുഭവിച്ച ദു:ഖം ഇന്നു നാം അനുഭവിക്കുന്നതിന്റെ എത്രയോ മടങ്ങായിരുന്നു! പക്ഷേ അപ്പോഴും ഇയ്യോബ് തന്റെ ശിരസ്സു നമിച്ചു ദൈവത്തെ ആരാധിച്ചുകൊണ്ട് ഇങ്ങനെപറഞ്ഞു: എനിക്കുള്ളതെല്ലാം കർത്താവു തന്നതാണ്. അത് ഏതു നിമിഷവുംതിരിച്ചെടുക്കാൻ അവിടുത്തേക്ക് അവകാശമുണ്ട്. ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ (ഇയ്യോബ് 1 : 21).അങ്ങനെ സാത്താൻ ലജ്ജിതനായി. ഇന്നു നാമും സമാനമായ വാക്കുകൾ പറയുന്നുവെങ്കിൽ സാത്താനെ വീണ്ടും ലജ്ജിതനാക്കുവാൻ ദൈവം നമ്മെ ഉപയോഗിക്കും.

എന്നാൽ ഇയ്യോബിന്റെ മക്കളുടെ മരണത്തെക്കുറിച്ചു വ്യത്യസ്തമായ മറ്റൊരഭിപ്രായമുള്ള മൂന്ന് പ്രസംഗകർ ഇയ്യോബിന്റെ കാലത്തുണ്ടായിരുന്നു. ഇയ്യോബും മക്കളും ചെയ്ത എന്തോ തെറ്റിനു ദൈവം അവരെ ശിക്ഷിച്ചതാണെന്ന് ഇവർ പ്രസ്താവിച്ചു. ഈ ആളുകളെപ്പോലെ കഠിനഹൃദയരായ ചില ക്രിസ്ത്യാനികൾ ഇന്നും ഉണ്ട്.- ഇന്നിന്ന ആളുകൾ ഇന്നിന്ന വിധത്തിൽ പെരുമാറാതിരുന്നെങ്കിൽ ഇതു സംഭവിക്കുകയില്ലായിരുന്നു എന്നിങ്ങനെമടയത്തരമായി അവർ പറഞ്ഞെന്നിരിക്കും. ഇങ്ങനെപറയുന്ന മനുഷ്യർ ഇയ്യോബിന്റെ കാലത്തെ മൂന്നു പ്രസംഗകരെപ്പോലെയാണ്. അവർ മറ്റുള്ളവരെ വേഗത്തിൽ പഴിക്കുകയും വിധിക്കുകയും ചെയ്യുന്നു! അവർ ദൈവത്തിന്റെ സർവാധിപത്യത്തിൽ വിശ്വസിക്കുന്നില്ല. അവർക്കു ദൈവത്തിന്റെ വഴികൾ മനസ്സിലാകുകയുമില്ല. ഇത്തരം മടയരായ മനുഷ്യർ പറയുന്നതു കേൾക്കാൻ നാം സമയം മെനക്കെടുത്തരുത്. ഇയ്യോബിന്റെ

# രക്ഷയെക്കുറിച്ചുള്ള സത്യങ്ങൾ

*11-ാം പേജിൽ നിന്നു തുടർച്ച*

പുതിയനിയമം നിശ്ശബ്ദത പാലിക്കുന്ന പല കാര്യങ്ങളുണ്ട്. അവയെ സംബന്ധിച്ച് പിടിവാശിയില്ലാതെ, നാം നമ്മുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുമ്പോൾ തന്നെ മറ്റു ശിഷ്യർക്ക് അവരുടേതായ ധാരണകൾ വച്ചുപുലർത്താനുള്ള സ്വാതന്ത്ര്യം നൽകണം (റോമർ 14:5).

എല്ലാറ്റിലും നമ്മുടെ അഭിപ്രായം തന്നെ ഉള്ളവരെ സ്നേഹിക്കാൻ എളുപ്പമാണ്. എന്നാൽ നമ്മോടു യോജിക്കാത്തവരോടുള്ള മനോഭാവത്തിലാണ് നമ്മുടെ സ്നേഹം പരിശോധിക്കപ്പെടുന്നത്. തന്റെ കുഞ്ഞുങ്ങളെല്ലാം എല്ലാ കൊച്ചു കാര്യങ്ങളിലും ഒരേ അഭിപ്രായം പുലർത്തുന്നവരാകണമെന്നു ദൈവം ഉദ്ദേശിച്ചിട്ടില്ല. തിരുവെഴുത്തിൽ പറഞ്ഞിട്ടില്ലാത്ത ബാഹ്യമായ കാര്യങ്ങളിൽ എല്ലാ സഭകളും സമാനത പുലർത്തണമെന്നും ദൈവം ഉദ്ദേശിച്ചിട്ടില്ല. വൈവിദ്ധ്യത്തിനു മദ്ധ്യത്തിലുള്ള ഐക്യത്തിലാണു ദൈവത്തിന്റെ മഹത്വം കാണുവാൻ കഴിയുന്നത്. ഏകതാനത എന്നതു മനുഷ്യസൃഷ്ടിയും ആത്മീയ മരണം ഉളവാക്കുന്നതുമാണ്. ഏകതാനതയല്ല ഐക്യതയാണ് ദൈവം ആഗ്രഹിക്കുന്നത്.

അവസാനമായി, യേശുവിന്റെ ശിഷ്യന്മാരുടെ വ്യക്തമായ ലക്ഷണം അന്യോന്യമുള്ള സ്നേഹമാണ് (യോഹ. 13:35) എന്നതു നാം ഓർത്തിരിക്കണം. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ സഭയും ഒന്നായിരിക്കണം (യോഹ. 17:21).

ചുരുക്കിപ്പറഞ്ഞാൽ മുകളിൽ പറഞ്ഞതെല്ലാമാണ് നാം സ്വയം അടിസ്ഥാനം ഉറപ്പിക്കേണ്ട പരമസത്യങ്ങൾ.

ഇവ പൂർണ്ണ ഹൃദയത്തോടെ അംഗീകരിച്ച എല്ലാവരേയും ഇതു സ്വാതന്ത്ര്യത്തിലേക്കു നയിച്ചിട്ടുള്ളതുകൊണ്ട് ഇതു സത്യമാണെന്നു നമുക്കറിയാം (യോഹ. 8:32).

❖

---

കാലത്തെ ഈ മൂന്നു പ്രസംഗകർ തീർത്തും തെറ്റായ കാര്യങ്ങൾ പറഞ്ഞതിനാൽ ദൈവം അവരോടു കോപിച്ചെന്നു നാം വായിക്കുന്നു(ഇയ്യോബ് 42:7).

തങ്ങളുടെ മാനുഷിക അഭിപ്രായങ്ങൾ പറഞ്ഞു നടക്കുകയും മറ്റുള്ളവരെ വിധിക്കുകയും ചെയ്യുന്ന കഠിനഹൃദയരായ ആളുകളോടു ദൈവം ഇന്നും കോപിക്കുക തന്നെ ചെയ്യും.

സമർഥരും മിടുക്കരുമായ ആളുകളിൽ നിന്നു ദൈവം തന്റെ വഴികൾ മറയ്ക്കുമെന്നും ശിശുക്കളെപ്പോലെയുള്ള, താഴ്മയുള്ള, ആളുകൾക്കു ദൈവം തന്റെ പ്രവർത്തനവിധങ്ങൾ വെളിപ്പെടുത്തുമെന്നും മത്തായി 11:25ൽ യേശു തന്നെ പറഞ്ഞിട്ടുണ്ട്. തന്റെ പരിശോധനയുടെ സമയത്ത് ഇയ്യോബ് ഈ വിധത്തിൽ തന്നെത്തന്നെ വിനയപ്പെടുത്തി. അതുകൊണ്ട് ആ സമയത്ത് ഇയ്യോബിന് വിശ്വാസത്തോടെ ഇങ്ങനെ പറയുവാൻ കഴിഞ്ഞു: ദൈവം എന്നെ കൊന്നാലും അവനിൽ വിശ്വസിച്ചുകൊണ്ടു ഞാൻ മരിക്കും (ഇയ്യോബ് 13:15). നമുക്കും നമ്മുടെ സ്നേഹനിധിയായ സ്വർഗീയ പിതാവിനു മുന്നിൽ താഴ്മയുള്ള ആത്മാവോടെ നമ്മെത്തന്നെ സമർപ്പിക്കാം. അങ്ങനെചെയ്യുന്നുവെങ്കിൽ ഇന്ന് ഈ ശവസംസ്കാരം പോലെയുള്ള സങ്കടകരമായ സന്ദർഭങ്ങളിലും നമുക്കുദൈവത്തെ മഹത്വപ്പെടുത്താൻ കഴിയും!

കർത്താവ് എല്ലാവരെയും അനുഗ്രഹിക്കട്ടെ!

❖





# എഡിറ്റോറിയൽ തുടർച്ച......

എല്ലാവർക്കും ഒരുപോലെ ആഹ്ലാദകരമായിരിക്കുകയില്ലെന്ന് പൗലൊസ് എഴുതിയിരിക്കുന്നതും ഇവിടെ ശ്രദ്ധേയമാണ്: 'രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു. ഇവർക്ക് മരണത്തിൽ നിന്ന് മരണത്തിലേക്കുള്ള വാസന. അവർക്കോ ജീവനിൽ നിന്ന് ജീവങ്കലേക്കുള്ള വാസന തന്നെ' (2 കൊരി. 2:15,16). ഒരേ വാസനതന്നെ ചിലർക്ക് ജീവങ്കലേക്കുള്ള വാസനയായി പ്രചോദനം നൽകുമ്പോൾ, മറ്റു ചിലർക്ക് മരണത്തിലേക്കുള്ള വാസനയായി മടുപ്പ് നൽകുന്നതെങ്ങനെയാണ്?

റോമൻ നഗരത്തിൽ നിലവിലിരുന്ന ഒരു സമ്പ്രദായം അറിഞ്ഞാൽ മാത്രമേ ഇവിടെ പൗലൊസ് എന്താണ് ഉദ്ദേശിച്ചതെന്ന് നമുക്കു മനസ്സിലാകുകയുള്ളു. അന്ന് റോമൻ ജനറൽമാർ യുദ്ധം ജയിച്ചു തന്റെ സൈന്യവും യുദ്ധത്തിൽ പിടിച്ച തടവുപുള്ളികളുമായി മടങ്ങി വരുമ്പോൾ നഗരത്തിൽ അവർക്കു നൽകുന്ന ഗംഭീരസ്വീകരണത്തെക്കുറിച്ചാണ് പൗലൊസ് ഇവിടെ സൂചിപ്പിക്കുന്നത്. ജയാളികളായി വരുന്ന ജനറലിനേയും സൈന്യത്തേയും എതിരേൽക്കാനും അവർക്ക് സമ്മാനങ്ങൾ നൽകാനുമായി റോമൻ നഗരത്തിന്റെ ഹൃദയഭാഗത്ത് വലിയ സ്വീകരണം ഒരുക്കും. അവിടെ സ്വീകരണസ്ഥലത്ത് സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കുന്നതിന്റെ പരിമളം വളരെ നാഴിക ദൂരത്തോളം പരക്കും. ഈ വേദിയിലേക്ക് ജയഘോഷത്തോടെ നടന്നുവരുന്ന ജനറലിനും ജയാളികളായ റോമൻ സൈന്യത്തിനും വളരെ അകലെനിന്നു തന്നെ ആ സുഗന്ധം ആസ്വദിക്കാൻ കഴിയും. ഈ പരിമളം, തങ്ങൾക്കു ലഭിക്കാൻപോകുന്ന അംഗീകാരത്തിന്റേയും ബഹുമതികളുടേയും ചിന്ത അവരിലുണർത്തുന്നതിനാൽ 'ജീവനിൽ നിന്ന് ജീവനിലേക്ക് വാസന'യായി ഓരോ ചുവടും മുന്നോട്ടു പോകുമ്പോൾ അവർക്ക് അനുഭവപ്പെടും. ഇതേ സമയം തന്നെ അവരോടൊപ്പമുള്ള തടവുപുള്ളികൾക്ക് ഈ ജൈത്രയാത്ര ഉത്സാഹമല്ല ഭയമാണ് പകരുന്നത്. കാരണം, ഈ ജയഘോഷയാത്ര നഗരത്തിലെത്തുമ്പോൾ അവിടെ തങ്ങളെ കാത്തിരിക്കുന്നത് മരണവും പീഡനവുമാണ് എന്നവർക്കറിയാം. അതുകൊണ്ടുതന്നെ ഓരോ ചുവടും മുന്നോട്ടു വയ്ക്കുമ്പോൾ കൂടുതൽകൂടുതൽ, പരിമളം തിരിച്ചറിയുമ്പോൾ അവർക്കത് 'മരണത്തിൽ നിന്ന് മരണത്തിലേക്കുള്ള വാസന'യാണ്!

നോക്കുക: പരിമളം ഒന്നുതന്നെ. അത് ജയാളികളായ സൈന്യത്തിന് (രക്ഷിക്കപ്പെടുന്നവർക്ക്), ജീവനിൽ നിന്ന് ജീവനിലേക്കുള്ള വാസനയായി അനുഭവപ്പെടുമ്പോൾ യുദ്ധത്തിൽ തോറ്റ് തടവുപുള്ളികളായവർക്ക് (നശിക്കുന്നവർക്ക്) അത് മരണത്തിൽ നിന്ന് മരണത്തിലേക്കുള്ള വാസനായായി തീരുന്നു!

ഇന്നും ഇതേ കാര്യം നടക്കുന്നുണ്ട്. എല്ലായിടത്തും എപ്പോഴും ദൈവമഹത്വത്തിന്റെ സുഗന്ധം പ്രസരിപ്പിക്കുന്ന ജയാളികളുടെ ജൈത്രയാത്ര രക്ഷിക്കപ്പെടുന്നവർക്ക് മാത്രമാണ് ജീവനിലേക്കുള്ള വാസനയായിത്തീരുന്നത്. നശിക്കുന്നവർക്ക് അതൊരു മരണവാസനയായിരിക്കും!

പക്ഷേ മറ്റുള്ളവരുടെ പ്രതികരണം ശ്രദ്ധിക്കാതെ, എപ്പോഴും എല്ലായിടത്തും ജയോത്സവമായി നടന്ന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുവാനാണ് നമ്മുടെ വിളി.

❖

# ബൈബിളിലൂടെ

രോടുമൊപ്പം സാധാരണമായ ഒരു കുടുംബജീവിതം നയിക്കുകയും, അപ്പോൾതന്നെ ദൈവത്തോടൊപ്പം നടക്കുകയും ചെയ്യുവാൻ കഴിയും.

**വിവാഹിതർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ**

വിവാഹിതരെ സംബന്ധിച്ച്, അവർ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ അവർക്ക് തങ്ങളുടെ ശരീരത്തിന്മേലുള്ള അധികാരം നഷ്ടമാകുന്നതായി മനസ്സിലാക്കണം. ഇന്ത്യൻ സംസ്കാരത്തിൽ സ്ത്രീകൾ പ്രത്യേകിച്ച് ഇതിനെക്കുറിച്ച് അറിവുള്ളവരായിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഇതിനെക്കുറിച്ച് സഭകളിൽ കാര്യമായി പഠിപ്പിക്കാറില്ല. വചനം ഇതിനെക്കുറിച്ച് തെളിവോടെ സംസാരിക്കുമ്പോൾ, ഉപദേഷ്ടാക്കന്മാർ ഇതിനെക്കുറിച്ച് സംസാരിക്കുവാൻ മടിക്കുന്നതായി കാണുന്നു. ഭർത്താവ് ഭാര്യയോടുള്ള കടപ്പാട് നിർവ്വഹിക്കണം. അതുപോലെ ഭാര്യ ഭർത്താവിനോടുള്ള കടപ്പാടും നിർവ്വഹിക്കണം (7:3,4). ഇവിടെ 'കടംപെട്ടിരിക്കുന്നത്' എന്ന് കാണുന്നത് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗിക ബന്ധത്തെക്കുറിച്ചാണ്. അതിനെക്കുറിച്ച് ലജ്ജിക്കുവാനൊന്നുമില്ല. ഭക്ഷണം പാകം ചെയ്യുക, കുഞ്ഞുങ്ങളെ പരിപാലിക്കുക, വേല ചെയ്ത് ഭവനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുക തുടങ്ങിയ കടപ്പാടുകൾപോലെ ഇതിനെയും കാണേണ്ടതാണ്.

ഒരു സ്ത്രീ വിവാഹിതയാകുമ്പോൾ അവൾക്ക് അവളുടെ ശരീരത്തിന്മേലുള്ള അധികാരം നഷ്ടമാകുന്നു. അവളുടെ ശരീരം തുടർന്ന് അവളുടെ ഭർത്താവിനുള്ളതാണ്. വിവാഹത്തിന് മുമ്പ് അത് അവളുടെ സ്വന്തമായിരുന്നു. എന്നാൽ ഇപ്പോൾ അവളുടെ ശരീരം ഏതു സമയത്തും അവളുടെ ഭർത്താവിനുള്ളതാണ്. കേൾക്കുമ്പോൾ ഭർത്താക്കന്മാർ സന്തോഷിച്ചേക്കാം! എന്നാൽ അവർക്കൊരു ഉത്തരവാദിത്തമുണ്ട്. ഭർത്താവിന് തന്റെ ശരീരത്തിൽ അധികാരമില്ല; അതു അവന്റെ ഭാര്യയ്ക്കുള്ളതാണ്. ഇതു ലൈംഗിക ബന്ധത്തെക്കുറിച്ച് മാത്രമല്ല ഉദ്ദേശിക്കുന്നത്. അതിലുള്ള ഉത്തരവാദിത്തം നിറവേറ്റുവാൻ ഭർത്താക്കന്മാർ തയ്യാറായേക്കാം.എന്നാൽ അതിലുപരിയായി ഇതു വെളിപ്പെടുത്തുന്നത്, നിങ്ങളുടെ കണ്ണുകളും നാവും നിങ്ങളുടെ ഭാര്യക്ക് അവകാശപ്പെട്ടതാണെന്നാണ്. സുന്ദരിയായ ഒരു പെൺകുട്ടിയെ കാണുമ്പോൾ, നിങ്ങളുടെ കണ്ണുകൾ നിങ്ങളുടെ ഭാര്യക്ക് അവകാശപ്പെട്ടതാണെന്ന് ഓർക്കുക. മറ്റ് സ്ത്രീകളുമായി സംസാരിക്കുമ്പോൾ, നിങ്ങളുടെ നാവ് ഇപ്പോൾ നിങ്ങളുടെ ഭാര്യക്ക് അവകാശപ്പെട്ടതാണെന്നോർക്കുക. തീർച്ചയായും നിങ്ങൾക്ക് മറ്റ് സ്ത്രീകളോട് സംസാരിക്കാം - എന്നാലതു ചപലമായ ശൃംഗാരവാക്കുകളാകുവാൻ പാടില്ല.

പാസ്റ്റർമാരും ഉപദേഷ്ടാക്കന്മാരുമടക്കമുള്ള ക്രിസ്ത്യാനികളിൽ മറഞ്ഞുകിടക്കുന്ന അസാന്മാർഗ്ഗിക പ്രവണതകൾ വളരെയധികമാണ്. വെളിച്ചത്ത് വരുന്നത് മഞ്ഞുപാളിയുടെ ഒരഗ്രം മാത്രമാണ്. മറഞ്ഞ് കിടക്കുന്നതിന്റെ വലുപ്പം വളരെ വലുതാണ്. എന്നാൽ ഈ അസാന്മാർഗ്ഗികതയുടെ തുടക്കമെവിടെയാണ്? ഇതിന്റെ തുടക്കം ഹൃദയത്തിലാണ്. അലഞ്ഞുതിരിയുന്ന കണ്ണുകളെ നിയന്ത്രിക്കാതിരിക്കുകയും അപകടകരമായ സൗഹൃദങ്ങളിൽനിന്നും ഓടിമാറാതിരിക്കുകയും ചെയ്യുന്നതാണിതിന് കാരണം.

(തുടരും)

മൊഴിമാറ്റം: **ബോബി കുര്യൻ**

❖





അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം–32

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു. അവിടെ പല കാര്യങ്ങൾക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുമായിരുന്നു.*

## കോളജ് മുറിയിൽ ഇറങ്ങിയ പരിശുദ്ധാത്മാവ്

1936 മാർച്ച് 29.

കോളജിന്റെ പ്രത്യേക സമർപ്പണദിനം അന്നായിരുന്നു. കോളജിലെ സ്റ്റാഫും വിദ്യാർത്ഥികളും മധ്യസ്ഥ പ്രാർത്ഥനാപോരാളികൾ എന്ന നിലയിൽ തങ്ങളെ തന്നെ സമർപ്പിച്ചത് അന്നാണ്. ആ ദിവസം മുതൽ കോളജിന്റെ മേൽ പരിശുദ്ധാത്മാവു ശക്തിയായി പ്രവർത്തിച്ചുവന്നു. അതിന്റെ പൂർത്തീകരണം 1937ലെ പുതുവത്സരദിനത്തിൽ സംഭവിച്ചു. കോളജിന്റെ 'പെന്തക്കോസ്ത്' അന്നായിരുന്നു.

അന്നത്തേതിനുശേഷം അവർ സമർപ്പിതരായ ഒറ്റയൊറ്റ വിശുദ്ധന്മാരായിരുന്നില്ല. മറിച്ച് അതൊരൊറ്റ ശരീരമായിത്തീർന്നു– ആ വാക്കിന്റെ മുഴുവൻ അർത്ഥത്തിലും. ഒരേ ലക്ഷ്യവും ഒരേ ജീവനുമുള്ള ഒരൊറ്റ വ്യക്തിത്വം.കോളജിന്റെ പ്രിൻസിപ്പലായിരുന്ന ഡോ. കിങ്സ്‌ലി സി. പ്രിഡ്ഡി ആ ദിവസങ്ങളെക്കുറിച്ചു വിവരിക്കുന്നത് ഇങ്ങനെയാണ്:

"1936ലെ ക്രിസ്തുമസ് അവധിക്കാലത്തു ഞങ്ങൾ പ്രാർത്ഥനയ്ക്കുവേണ്ടിയാണു ഏറെ സമയവും നീക്കി വച്ചത്. 1937 ലെ പുതുവത്സരദിനത്തെ സമീപിക്കുന്തോറും ദൈവസാന്നിധ്യത്തെക്കുറിച്ചു വർധിച്ചുവരുന്ന ഒരു ബോധ്യം ആളുകൾക്കുണ്ടായി.

ദൈവം ഒരു പ്രത്യേക നിലയിൽ പ്രവർത്തിക്കുന്നുവെന്നതിന്റെ ആദ്യ സൂചന സ്റ്റാഫ് അംഗങ്ങളിൽ ഒരുവൾ പ്രാർത്ഥിച്ചപ്പോൾ ലഭിച്ചു.പൊട്ടിക്കരഞ്ഞ് ആവശ്യബോധ്യത്തോടെ പരിശുദ്ധാത്മാവു തന്റെ ജീവിതത്തിൽ പ്രവർത്തിക്കാനായി തന്നെത്തന്നെ സമർപ്പിച്ചപ്പോഴായിരുന്നു അത്.തുടർന്നു വിദ്യാർത്ഥിനികളിൽ പലരും ആ നിലയിൽ തന്നെ പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവ് അതിന്റെ മുഴുവൻ ആളത്വത്തോടും കൂടി തേജസ്സോടെ അവരുടെ മുൻപിൽ പ്രകാശിച്ചപ്പോൾ മണിക്കൂറുകൾ അവർ ഒന്നിച്ചു നിലവിളിച്ചു- ദൈവത്തിന്റെ വിശുദ്ധിയുടെ വെളിച്ചത്തിൽ തങ്ങളുടെ ഹൃദയത്തിന്റെ ജീർണത കണ്ട അവർ മണിക്കൂറുകൾ നിർത്താതെ കരഞ്ഞു.

ദൈവസാന്നിധ്യാബോധം കോളജിനെ നിറച്ചു. ദൈവം തൊട്ടടുത്തുണ്ട് എന്ന ബോധ്യം പലർക്കും ഉണ്ടായി. എല്ലാവരും എന്തോ പ്രതീക്ഷിക്കുന്ന പോലെ. പെന്തക്കോസ്തിനു തൊട്ടുമുൻപ് മാളികമുറിയിൽ കൂടിയിരുന്ന 120 പേരെ പോലെയായിരുന്നു ഞങ്ങൾ. അവരെപ്പോലെ പ്രാർത്ഥനയിലും യാചനയിലും സമയം ചെലവഴിക്കാൻ മാത്രമാണു ഞങ്ങൾ ആഗ്രഹിച്ചത്.

ദൈവത്തിന്റെ കരങ്ങൾ ഞങ്ങളുടെ മേലുണ്ട്. അവിടുന്ന് എന്തോ ചെയ്യാൻ തുടങ്ങുകയാണ്. ദൈവം ഞങ്ങളോടൊപ്പമുണ്ടായിരുന്നു. എന്നാൽ ഞങ്ങൾ അപ്പോഴും ദൈവത്തിനു വേണ്ടി,പരിശുദ്ധാത്മാവിന്റെ സ്പർശനത്തിനായി കാത്തിരിക്കുകയായിരുന്നു. ഒടുവിൽ അവിടുന്നു വന്നു.

കൊടുംമുഴക്കത്തോടെ കൊടുങ്കാറ്റായല്ല അവിടുന്നു വന്നത്. പരിശുദ്ധാത്മാവു മെല്ലെ ഞങ്ങളുടെ ചിന്തകളെ നിറച്ചു.അവിടത്തെ സാന്നിധ്യം എല്ലാ സ്ഥലങ്ങളിലും പടർന്നു. ഞങ്ങളുടെ ഹൃദയങ്ങളുടെ ഇരുണ്ട അകത്തളങ്ങളിലേക്ക് അവിടുത്തെ പ്രകാശം തുളച്ചുകയറി. എല്ലായോഗങ്ങളിലും ഡയറക്ടറിലൂടെ പരിശുദ്ധാത്മാവു ഞങ്ങളോടു സംസാരിക്കുന്നുണ്ടായിരുന്നു. എന്നാൽ ഞങ്ങളുടെ സ്വന്തം മുറികളുടെ ഏകാന്തതയിലാണ് ഇക്കുറി പരിശുദ്ധാത്മാവു ഞങ്ങൾക്കു തന്നെത്തന്നെ വെളിപ്പെടുത്തിയത്.

പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെ ഞങ്ങൾക്ക് നേരത്തെ തന്നെ അറിയാമായിരുന്നു. കർത്താവിനെ രക്ഷകനായി അംഗീകരിച്ച സമയത്തു പരിശുദ്ധാത്മാവിനെ ഞങ്ങൾ പ്രാപിച്ചിട്ടുമുണ്ടായിരുന്നു. ഞങ്ങളിൽ ചിലർക്ക് അവിടുത്തെ പ്രവർത്തനരീതിയെക്കുറിച്ചു കൂടുതൽ അനുഭവ പരിചയവുമുണ്ടായിരുന്നു. എന്നാൽ ഇത്തവണത്തെ പരിശുദ്ധാത്മാവിന്റെ ഇടപെടൽ മുൻ അനുഭവങ്ങളെയൊക്കെ നിഷ്പ്രഭമാക്കുന്നതലത്തിലായിരുന്നു. പ്രകടമായ രീതിയിൽ, ഒച്ചപ്പാടുള്ള, വലിയ മട്ടിലുള്ള, പ്രവർത്തനമായിരുന്നില്ല അത്. എന്നാൽ ഞങ്ങളുടെ ആത്മീയ ദൃഷ്ടികൾക്ക് അവിടുന്നു വളരെ തെളിവായി നിന്നു. ഒരു 'മുഖാമുഖ' അനുഭവം. ഇങ്ങനെ പരിശുദ്ധാത്മാവിനെ അഭിമുഖീകരിച്ചപ്പോൾ മുൻപൊരിക്കലും തന്നെ കണ്ടിട്ടില്ലാത്തതുപോലെ. ഇയ്യോബിനെപ്പോലെ ഞങ്ങളും പറഞ്ഞുപോയി- 'നിന്നെക്കുറിച്ചു ഞങ്ങൾ ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ സ്വന്ത കണ്ണാൽ കാണുന്നു.' തുടർന്ന് ഇയ്യോബിനെപ്പോലെ ഞങ്ങൾ ഇങ്ങനെ നിലവിളിച്ചു: 'ഞങ്ങൾ ഞങ്ങളെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും ഇരുന്ന് അനുതപിക്കുന്നു.'

അവിടുത്തെ വിശുദ്ധിയുടെ മുൻപാകെ ഞങ്ങൾക്കു പാപത്തെക്കാൾ ഏറെ ബോധ്യം ലഭിച്ചതു ഞങ്ങളുടെ സ്വയത്തെക്കുറിച്ചാണ്. ഞങ്ങൾ ചെയ്തതിലൊ





ക്കെയും നിഗളവും സ്വയത്തിന്റെ താത്പര്യങ്ങളുമാണുണ്ടായിരുന്നതെന്നു ഞങ്ങൾ കണ്ടു. ഞങ്ങൾ സംശയിക്കാത്ത ഇടങ്ങളിലും മനോഭാവങ്ങളിലും ദുർമ്മോഹവും സ്വയസഹതാപവും ഞങ്ങൾ കണ്ടെത്തി.

പരിശുദ്ധാത്മാവ് ഞങ്ങളിൽ അധിവാസം ചെയ്യുന്നതിനെക്കുറിച്ച് ഞങ്ങൾക്ക് വ്യക്തതയില്ലെന്നും ഞങ്ങൾക്കു മനസ്സിലായി. ഞങ്ങളുടെ ശരീരങ്ങൾ പരിശുദ്ധാത്മാവിന്റെ മന്ദിരങ്ങളാണെന്നു ഞങ്ങൾക്കറിയാമായിരുന്നു. പക്ഷേ നിങ്ങളുടെ ശരീരങ്ങളിൽ വസിക്കുന്നതാരെന്ന ഒരു ചോദ്യത്തിനു മുൻപിൽ അത് അവിടുന്നാണെന്നു ഞങ്ങൾക്കു പറയുവാൻ കഴിയുമായിരുന്നില്ല. ഞങ്ങൾ നേരത്തെ ഒരു പക്ഷേ വേഗത്തിൽ അങ്ങനെ പറയുമായിരുന്നു. എന്നാൽ ഇപ്പോൾ തന്നെ ഞങ്ങൾ മുഖാമുഖം കണ്ടു കഴിഞ്ഞു. സ്വഭാവത്തിൽ പരിശുദ്ധാത്മാവ് യേശുവിനെപ്പോലെ തന്നെയാണ്. ഒരിക്കലും തനിക്കുവേണ്ടി ജീവിക്കുകയില്ല. എപ്പോഴും മറ്റുള്ളവർക്കു വേണ്ടി.അപ്പോൾ പൂർണമായ അർഥത്തിൽ ഞങ്ങൾ പരിശുദ്ധാത്മാവിന്റെ മന്ദിരങ്ങളാണോ?

ഞങ്ങൾക്ക് അറിയാവുന്നിടത്തോളം ഞങ്ങളും പൂർണഹൃദയരായ വിശ്വാസികളായിരുന്നു. എല്ലാം ഉപേക്ഷിച്ച് രക്ഷകനെ പിൻപറ്റാൻ ഇറങ്ങിയവർ. ലോകസുഖങ്ങളെ പരിത്യജിച്ചവർ. ഞങ്ങൾക്കുവേണ്ടി മരിച്ചവനായി ജീവിതം സമർപ്പിച്ചവർ. ഇത്തരം യോഗ്യതാ ബോധ്യത്തോടെ പരിശുദ്ധാത്മാവിന്റെ മുൻപാകെ ചെന്നപ്പോൾ അവിടുന്ന് ഇങ്ങനെ ചോദിച്ചു: 'നിങ്ങൾ നിങ്ങളുടെ സമർപ്പിത ജീവിതത്തെ എന്റെ കരങ്ങളിൽ ഭരമേല്പിച്ചിട്ടുണ്ടെന്നതു ശരി. എന്നാൽ ഞാൻ എന്റെ ജീവിതം നിങ്ങളുടെ ശരീരത്തിലൂടെ ജീവിക്കാൻ അനുവദിച്ചിട്ടുണ്ടോ?'

ഞങ്ങൾ അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം വീണ്ടും പുതുതായി വായിക്കാൻ തുടങ്ങി. അവിടെ ഞങ്ങൾ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളല്ല, പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ തന്നെയാണ് കണ്ടത്. പത്രോസിന്റെയും മറ്റ് അപ്പൊസ്തലന്മാരുടെയും ശരീരങ്ങൾ പരിശുദ്ധാത്മാവിന്റെ മന്ദിരങ്ങളായിരുന്നു. യേശു ഭൂമിയിൽ സ്വന്തം ശരീരത്തിൽ എപ്രകാരം ജീവിച്ചോ ആ നിലയിൽ ഈ അപ്പോസ്തലന്മാരുടെ ശരീരങ്ങളിലൂടെ പരിശുദ്ധാത്മാവു ജീവിച്ചു. ഇതു പോലെ പരിശുദ്ധാത്മാവു ഞങ്ങളോടും ചോദിച്ചതു രണ്ടു കാര്യങ്ങളാണ്. ഒന്ന്: ഞങ്ങളുടെ ഇച്ഛ. രണ്ട്: ഞങ്ങളുടെ ശരീരങ്ങൾ. 'ആകയാൽ സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങളുടെ ശരീരങ്ങളെ........ സമർപ്പിക്കുവിൻ' (റോമർ 12:1). ഈ വേദഭാഗം വളരെ വ്യക്തതയോടെ പുത്തനായി ഞങ്ങളുടെ കണ്ണിനു മുൻപിൽ പ്രകാശിച്ചപ്പോൾ ഈ വചനം മുൻപു കണ്ടിട്ടേയില്ലെന്നു തോന്നിപ്പോയി.സേവനത്തിനല്ല പരിശുദ്ധാത്മാവു ഞങ്ങളെ വിളിക്കുന്നത്, മറിച്ചു സ്വാർത്ഥതയില്ലാതെ ഞങ്ങളെത്തന്നെ നൽകുവാനാണ്.

'നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്.' പരിശുദ്ധാത്മാവാകുന്ന ദൈവം ഞങ്ങളുടെ ശരീരങ്ങളെ കൈവശമാക്കിയാൽ, ഞങ്ങളിൽ ഞങ്ങളുടെതായി ഉള്ളതെല്ലാം അവിടുത്തെ ജീവൻ ദഹിപ്പിച്ച് ഇല്ലാതാക്കും. 'യേശുവെപ്പോലെയാകുവാൻ....' എന്നു ഞങ്ങൾ പലപ്പോഴും പാടാറുണ്ട്. എന്നാൽ യേശുവിനെപ്പോലെ തന്നെയുള്ള ഒരു വ്യക്തി വന്നു ദിവസംതോറും, മണിക്കൂറുതോറും, ഞങ്ങളിൽ ആ ജീവിതം ജീവിക്കുവാൻ തയ്യാറാണെന്നു വാഗ്ദാനം ചെയ്യുമ്പോൾ ഞങ്ങൾ പിൻതിരിയുന്നു. ഞങ്ങൾ പാടിയത്

യഥാർത്ഥ താത്പര്യത്തോടെയല്ലെന്നല്ലേ ഇതു കാണിക്കുന്നത്? ഞങ്ങളുടെ ജീവിതം ഞങ്ങൾക്കായി തന്നെ തുടരുവാനുള്ള വാഞ്ഛ ഞങ്ങളിൽ എത്ര ശക്തമാണ്! അതുകൊണ്ടാണു 'മരണത്തിന്റെ വിധി'യിൽ നിന്നു ഞങ്ങൾ പിന്മാറുന്നത്. ലൂക്കോസ് 9:24ൽ കർത്താവു പറഞ്ഞ 'തന്റെ ജീവനെ നേടുന്നവൻ എല്ലാം അതിനെ കളയും; എനിക്കുവേണ്ടി അതിനെ കളയുന്നവനെല്ലാം അതു നേടും' എന്ന വചനത്തിന്റെ യഥാർത്ഥ അർത്ഥം ഞങ്ങൾ ഇപ്പോൾ കാണുവാൻ തുടങ്ങി!

എന്തിനാണു പരിശുദ്ധാത്മാവു ഞങ്ങൾക്ക് ഈ വിധത്തിൽ തന്നെ ത്തന്നെ വെളിപ്പെടുത്തിയത്? അത് എന്തുകൊണ്ടാണെന്ന് അവിടുന്നു വ്യക്തമാക്കി. കാരണം ഇന്നു ലോകത്തു ഒരു പ്രവൃത്തി ചെയ്യാനുണ്ട്. അതാണ് അവിടുന്ന് ചെയ്യുന്നത് (യോഹന്നാൻ 16:8). പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്ന പ്രവൃത്തി ചെയ്യാൻ നിയുക്തനായ പരിശുദ്ധാത്മാവ് ആദ്യം ഞങ്ങളുടെ ജീവിതത്തെ ശുദ്ധീകരിക്കേണ്ടതുണ്ടായിരുന്നു. ഈ പരിശുദ്ധാത്മാവിനെ ഞങ്ങളുടെ ജീവിതത്തോടുള്ള ബന്ധത്തിൽ ഒന്നാമതു യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ തുടർന്നു ഞങ്ങളിലൂടെ പരിശുദ്ധാത്മാവിനു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും മറ്റുള്ളവർക്കു ബോധ്യം നൽകാൻ കഴിയൂ. കർത്താവും ഇതു തന്നെയാണല്ലോ തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടത്. ഉയരത്തിൽ നിന്ന് അവർ ഒന്നാമതു ശക്തി ധരിക്കണം. അതുകൊണ്ടു പിതാവിന്റെ വാഗ്ദാനം പ്രാപിക്കുവോളം അവർ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ പരിശുദ്ധാത്മാവിനായി കാത്തിരിക്കണമെന്ന് യേശു പറഞ്ഞു. ഈ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അവരെ സംബന്ധിച്ചിടത്തോളം സത്യമായി മാറിയശേഷമാണ് അവർ യെരുശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം അവിടുത്തെ സാക്ഷികൾ ആകേണ്ടത്.

ഞങ്ങളിൽ പലരും തലേവർഷം മാർച്ച് 29 ന്, സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കുന്നതിനായി ഞങ്ങൾക്കുള്ളതു മുഴുവൻ യാഗപീഠത്തിൽ വച്ചവരാണ്. ഞങ്ങളുടെ തലമുറയിൽ ദൈവത്തിന്റെ പ്രവൃത്തിയുടെ ഏറ്റവും അപ്രധാനമായ ഭാഗമായി നിൽക്കാനും തയ്യാറാണെന്ന് അന്നു ഞങ്ങൾ ദൈവത്തോടു പറഞ്ഞിരുന്നു. പക്ഷേ ഇപ്പോൾ പരിശുദ്ധാത്മാവ് (മോശെയോടു യഹോവ പറഞ്ഞതുപോലെ) ഞങ്ങളോടു പറഞ്ഞു: 'അതു ചെയ്യാൻ ഞാൻ ഇറങ്ങി വന്നിരിക്കുന്നു.' പരിശുദ്ധാത്മാവ് പരിശുദ്ധമാണ്. ഒപ്പം അവിടുന്നു സർവശക്തനുമാണ്- ഞങ്ങൾ മനസ്സിലാക്കി.

പരിശുദ്ധാത്മാവിന്റെ സന്ദർശനം ഉണ്ടായ ആ ദിവസങ്ങളിലെല്ലാം ഞങ്ങൾ അവിടുത്തെ പാദത്തിൽ നമസ്ക്കരിച്ചു കിടക്കുക മാത്രമാണു ചെയ്തത്! ഞങ്ങളുടെ തലമുറയെ സുവിശേഷീകരിക്കാനുള്ള ആളുകളാണു ഞങ്ങളെന്നാണു ഞങ്ങൾ അഭിമാനത്തോടെ കരുതിയിരുന്നത്. എന്നാൽ ഇപ്പോൾ പരിശുദ്ധാത്മാവു വന്നു. ഞങ്ങൾ ആ സംരഭത്തിൽ നിന്നു പുറത്താകുകയും ചെയ്തു. ഞങ്ങളുടെ ശരീരങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ ആലയമായി മാറിയാൽ അവിടുന്നു ഞങ്ങളിൽ വസിച്ചുകൊണ്ട് ആ പ്രവൃത്തി ചെയ്യും. പ്രവൃത്തി ചെയ്യുന്നത് പരിശുദ്ധാത്മാവാണ്. ഞങ്ങൾ അവിടുത്തെ ആലയമായിരുന്നാൽ മാത്രം മതി. ഞങ്ങളുടെ പങ്കാളിത്തം ഇതിൽ ഇത്രയുമാണുള്ളതെന്ന തിരിച്ചറിവിന്റെ ദിവസങ്ങളായിരുന്നു അവ.

പരിശുദ്ധാത്മാവു ഞങ്ങളോടു പറഞ്ഞു:





'ഞാൻ വന്നിരിക്കുന്നതു നിങ്ങൾക്ക് സന്തോഷമോ സമാധാനമോ വിജയമോ നൽകാൻ വേണ്ടിയല്ല. നിങ്ങൾക്ക് എന്തെങ്കിലും അനുഗ്രഹം നൽകാനുമല്ല ഞാൻ വന്നിരിക്കുന്നത്. നിങ്ങൾക്ക് ആവശ്യമുള്ള ഇവയെല്ലാം കർത്താവായ യേശുവിൽ നിങ്ങൾ കണ്ടെത്തും. ഞാൻ വന്നിരിക്കുന്നത് നിങ്ങളെ ക്രൂശിന് ഏല്പിക്കാനാണ്. അങ്ങനെ ഈ നഷ്ടപ്പെട്ട ലോകത്തിനു വേണ്ടി ഞാൻ നിങ്ങളുടെ ശരീരത്തിൽ ജീവിക്കട്ടെ. (കൊലോസ്യ. 3:3, 2 കൊരി. 4:10, ഗലാ. 2:20).

നഷ്ടപ്പെട്ട ലോകത്തെ വീണ്ടെടുക്കാനായി ക്രൂശനുഭവത്തിനു സ്വയം ഏല്പിച്ചു കൊടുക്കുമ്പോൾ അതിനെതിരെയുള്ള പോരാട്ടം അതീവശക്തമായിരിക്കുമെന്നു പരിശുദ്ധാത്മാവു ഞങ്ങളെ ഓർമിപ്പിച്ചു. സാത്താന്റെ ആ ആക്രമണത്തിനു മുൻപിൽ ജഡരക്തങ്ങൾക്കു പിടിച്ചു നിൽക്കാനാവില്ല. ക്രൂശീകരണത്തിന്റെ ആഴ്ചയിൽ ഇരുട്ടിന്റെ ശക്തികൾ അഴിഞ്ഞാടിയപ്പോൾ യേശുവിനു മാത്രമേ പിടിച്ചുനില്ക്കാൻ കഴിഞ്ഞുള്ളുവെന്നു പരിശുദ്ധാത്മാവു ചൂണ്ടിക്കാട്ടി. ശരിയല്ലേ? ശിഷ്യന്മാരെല്ലാം സമർപ്പിതരും പ്രതിജ്ഞാബദ്ധരുമായിരുന്നു. കർത്താവിനോട് അവർക്കു വളരെ ഭക്തിയും ഉണ്ടായിരുന്നു. എന്നാൽ ഇരുട്ടിന്റെ അധികാരത്തിന്റെ ആ നാഴികയിൽ ശിഷ്യന്മാരെല്ലാം പരാജയപ്പെട്ടുപോയി.

ഇതുപോലെ ഭാവിയിൽ ഇരുട്ടിന്റെ ശക്തികൾ സർവശക്തിയോടും എതിരിടുമ്പോൾ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനു മാത്രമേ, പിടിച്ചു നില്ക്കാനാവൂ. പരിശുദ്ധാത്മാവിന്റെ മന്ദിരങ്ങളായി നിന്നില്ലെങ്കിൽ ഞങ്ങൾ പരാജയപ്പെട്ടുപോകും.പരിശുദ്ധാത്മാവു ഞങ്ങൾക്കു ബോധ്യം നൽകിയപ്പോൾ ഞങ്ങൾക്കെല്ലാം വ്യക്തമായി.

എല്ലാം ഞങ്ങൾക്കു വ്യക്തമാക്കിത്തന്ന ശേഷം അവിടുന്നു ഞങ്ങൾ ഓരോരുത്തരെയായി നേരിട്ടു. അവിടുത്തെ മുൻപാകെ ഞങ്ങൾ ഒരോരുത്തരായി ചെന്നപ്പോൾ ഞങ്ങൾ തകർന്ന ഹൃദയത്തോടെ പൊട്ടിക്കരഞ്ഞുപോയി. സിംഹാസനത്തിലിരിക്കുന്നവനായ കർത്താവിനെ കണ്ട യെശയ്യാവ് വിലപിച്ചതുപോലെ ഞങ്ങൾ ഓരോരുത്തരായി നിലവിളിച്ചു.-"എനിക്ക് അയ്യോ കഷ്ടം! ഞാൻ അശുദ്ധനായ മനുഷ്യൻ!"

ഞങ്ങളുടെ ഇച്ഛകൾ തകർന്നു. അവിടുത്തെ ഒത്തുതീർപ്പില്ലാത്ത നിബന്ധനകൾക്കു മുൻപിൽ ഞങ്ങൾ കീഴടങ്ങി. തുടർന്ന് പരിശുദ്ധാത്മാവു തങ്ങളിൽ ഒരു പ്രവൃത്തി ചെയ്തു എന്ന ബോധ്യം ഓരോരുത്തർക്കായി ഉണ്ടായി. ഞങ്ങൾ ആഹ്ലാദഭരിതരായി.

വ്യക്തിപരമായ ആ അനുഭവം അതീവ സന്തോഷകരമായിരുന്നു. ഞങ്ങൾ പുതിയ മനുഷ്യരായി.ലോകത്തെ പുതിയ വെളിച്ചത്തിൽ കാണാൻ തുടങ്ങി. ഇതുവരെ ഞങ്ങൾ, ഞങ്ങളുടെ അനുഭവത്തിന്റെ തലത്തിലേക്കു ദൈവവചനത്തിലെ അനുഭവവിവരണങ്ങളെ താഴ്ത്തിക്കൊണ്ടു വന്നു തൃപ്തിയടയുകയായിരുന്നു. എന്നാൽ ഇക്കുറി ഞങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ഞങ്ങളുടെ അനുഭവങ്ങളെ വചനത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടു വന്നു. ക്രൂശീകരണം സാവധാനമുള്ള ഒരു മരണമാണെന്നു ഞങ്ങൾക്കറിയാമായിരുന്നു. അതുകൊണ്ടു തന്നെ ഞങ്ങളിലൂടെ അവിടുത്തെ പ്രവൃത്തി തികഞ്ഞ സ്വാതന്ത്ര്യത്തോടെ ചെയ്യുന്നതിനു മുൻപ് അവിടുത്തേക്ക് ഞങ്ങളിൽ തുടർന്നും ഏറെ ചെയ്തു തീർക്കുവാനുണ്ടെന്നു ഞങ്ങൾക്കറിയാമായിരുന്നു. എങ്കിലും ഒരു കാര്യം സംഭവിച്ചതായി ഞങ്ങൾക്ക് ഉറപ്പായി- അവിടുന്നു ഞങ്ങളിൽ ഉണ്ട്. അവിടുന്നു പൂർത്തീകരിക്കും, തോൽക്കുകയി

ല്ല.

പരിശുദ്ധാത്മാവിന്റെ മഹത്വപ്രതാപത്തെക്കുറിച്ചും ആ ദിവസങ്ങളിൽ ഞങ്ങൾക്കു വ്യക്തിപരമായി ബോധ്യം ലഭിച്ചു. പരിശുദ്ധാത്മാവാം ദൈവത്തെ സംബന്ധിച്ച് ഈ ലോകം തുലാസിന്റെ തട്ടിലെ ഒരു പൊടി പോലെ മാത്രമാണ്. ഈ മുഴുലോകവും അവിടുന്ന് ഇഷ്ടമുള്ളതുപോലെ ചാഞ്ചാട്ടുന്നു. ഞങ്ങൾ ഓരോരുത്തരും അവിടുത്തെ പ്രതാപത്തെയും ഗാംഭീര്യത്തെയും കുറിച്ച് ബോധ്യം ലഭിച്ചവരായി ത്തീർന്നു.

ഇതേ സമയം, പരിശുദ്ധാത്മാവിന്റെ ആ ദിവസങ്ങളിലെ ഞങ്ങളോടുള്ള ഇടപെടൽ തികച്ചും ശാന്തമായ നിലയിലായിരുന്നു. ഞങ്ങൾക്കു വലിയ വൈകാരികമായ ഇളക്കപ്പെരുക്കങ്ങൾ ഉണ്ടായില്ല. നേരത്തെ മാർച്ച് 29നു പരിശുദ്ധാത്മാവിന്റെ അനുഭവം ശക്തമായി ഞങ്ങൾക്കുണ്ടായപ്പോൾ ഉച്ചത്തിലുള്ള സ്തുതിസ്തോത്രങ്ങളും പാട്ടുകളും കൊണ്ട് യോഗങ്ങൾ മുഖരിതമായിരുന്നു. പക്ഷേ ഇക്കുറി ഞങ്ങൾ പരിശുദ്ധാത്മാവിന്റെ മഹത്വത്തിനു മുൻപിൽ അത്ഭുതാദരങ്ങളോടെ നിശ്ശബ്ദമായി, നടുക്കത്തോടെ, ഞങ്ങൾ ഇരുന്നുപോയി. അവിടുന്നു ഞങ്ങളുടെ മധ്യത്തിലുണ്ട്. അവിടുത്തെ സന്നിധിയിൽ ശബ്ദം ഉയർത്താൽ പോലും ഞങ്ങൾക്കു കഴിഞ്ഞില്ല. യോഗാനന്തരം ഒന്നിച്ചു താഴ്ന്ന ശബ്ദത്തിൽ വർത്തമാനം പറഞ്ഞു നടക്കുന്നതിനിടയിൽ പോലും ഞങ്ങൾ പൊടുന്നനെ അവിടുത്തെ സാന്നിധ്യത്തെക്കുറിച്ചുള്ള ബോധ്യത്താൽ നിശ്ശബ്ദരാകും. ഞങ്ങൾ പിന്നെ സംസാരിക്കുന്നതുപോലും മന്ത്രിക്കുന്ന മട്ടിൽ ഒച്ച താഴ്ത്തിയായിരുന്നു. അതുപോലെ രാത്രി വളരെ വൈകിയാൽ പോലും ഞങ്ങളാരും കിടക്കയിലേക്കു പോകുന്നതിനെക്കുറിച്ചു ചിന്തിക്കുമായിരുന്നില്ല. രാത്രി രണ്ടുമണിയും മൂന്നുമണിയുമൊക്കെ നട്ടുച്ചപോലെ തോന്നി. വിശുദ്ധനഗരത്തിന്റെ ഒരു മുൻരുചിയായിരുന്നു അത്– 'അവിടെ രാത്രി ഇല്ല'. ഞങ്ങൾ പ്രാർത്ഥിക്കും. അല്ലെങ്കിൽ ദൈവസന്നിധിയിൽ നിശ്ശബ്ദമായി, പ്രതീക്ഷയോടെ, ഇരിക്കും. എല്ലാ അർത്ഥത്തിലും പുതമയുള്ള അനുഭവങ്ങൾ.

ഈ പ്രത്യേക അനുഭവങ്ങൾ മൂന്നാഴ്ച നീണ്ടുനിന്നു. അവിടുന്നു വന്നു ഞങ്ങളോടൊപ്പം വസിച്ചു. ആ വാസം തുടർന്നു. യോവേൽ പ്രവചനത്തിൽ പറഞ്ഞതുപോലെ സകല ജഡത്തിന്മേലും ദൈവം തന്റെ ആത്മാവിനെ പകർന്ന ദിവസങ്ങൾ."

കോളജിൽ ബലിപീഠത്തിൽ അഗ്നി വീണു കത്തിയ ദിവസങ്ങളായിരുന്നു അത്. ഒടുവിൽ അഗ്നിയിലൂടെ കടന്നുപോയി അവരെല്ലാവരും ഒറ്റയൊറ്റ വ്യക്തികൾ എന്നതിനപ്പുറം സകല സൃഷ്ടിക്കും വേണ്ടി മധ്യസ്ഥത അണയ്ക്കുന്ന ഒരൊറ്റ കൂട്ടമായി മാറി. കോളജിൽ വിവിധ നിലകളിൽ പ്രവർത്തിച്ചിരുന്നവർ– അധ്യാപകർ, വിദ്യാർത്ഥികൾ, ഡോക്ടർമാർ, നഴ്സുമാർ, ഓഫിസ് ജീവനക്കാർ, തോട്ടക്കാർ, പാചകക്കാർ എല്ലാവരും ഒരേയൊരു സംഘമായിത്തീർന്നു.അവരുടെ ഉദ്യോഗങ്ങൾ പലതായിരുന്നു; പക്ഷേ അവർക്കുണ്ടായിരുന്നത് ഒരേയൊരു ലക്ഷ്യമായിരുന്നു."ക്രിസ്തു യേശുവിലെ വിശ്വാസത്താൽ എല്ലാവരും ദൈവത്തിന്റെ മക്കൾ. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവർ. ക്രിസ്തുവിനെ ധരിച്ചവർ........ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്ന്. എല്ലാവരും ക്രിസ്തുവിനുള്ളവർ"

പരിശുദ്ധാത്മാവ് സമഗ്രമായ ഒരു പ്രവൃത്തിയാണ് അവിടെ,കോളജിൽ, ചെയ്തത്.

(തുടരും)





Youth Section




# Dead works and being freed from it

*Question*

*Email: I find my whole life has been a lot of dead works (doing something without a love for God but for some other reason, like reward etc.). Whether I read the bible or pray, it does not seem to stem out of a real love for Jesus. It is more out of a desire for spiritual growth or not to lose out a reward in heaven. So whenever, I think of it, I get discouraged.*

*I have heard Br. Zac say that we grow in our love for God by meditating on how much God forgave us and how much God loves us. I try to do that more often but do not seem to see the purpose of the whole thing. I meditate on this now just for the sake of growing spiritually, and Jesus is still not the center of the whole activity. So I feel kind of paralyzed spiritually, not knowing what to do.Please help me out.*

Answer

Thanks for your email. Your question provoked me to think about it on how best to respond, so I hope you find my thoughts useful.

**What are dead works?**

Dead works are any works that are done WITHOUT the fuel of God's love. Dead works can appear very good on the outside, but they are offensive before God because they come from a rotten core – i.e., not a heart/motivation of the love of God. There is a lot of human love inside of us, but works done from our human love is still tainted and impure.

Now we as humans weren't initially created to do dead works. We were created with an innocent and clean conscience, and that could serve as a guide. But our conscience was corrupted in the Garden of Eden when we fell. Instead of going to God (the tree of life) for knowing what was right and what was wrong, we wanted to be independent of God and know right and wrong for ourselves. So since we ate of the wrong tree, our conscience now tells us what is right and what is wrong based on our own knowledge of good and evil. That is why our conscience naturally gravitates towards dead works.

**So how do we gain freedom from dead works?**

We are free from dead works as our conscience is first cleansed of the old calibration and reset to a new calibration.

So the first step is to be cleansed from dead works. And that cleansing comes only by the blood of Jesus.*Hebrews 9:14 - how much more will the blood of Christ, who through the eternal Spirit offered Himself without blemish to God, cleanse your conscience from dead works to serve the living God?*

This is important. Our conscience has to be cleansed from dead works, and only the blood of Jesus can do that.We cannot do anything to be cleansed of our dead works.**This is something big that we cannot ever lose sight of**.

So till our dying day, we will constantly need the blood of Jesus to cleanse us, but His blood is sufficient. We need to take Him at His word and not think that we have to do anything more to be cleansed of dead works.

But to be cleansed from dead works is *not* the same as doing good works. Doing good works is separate and follows afterwards.We are first cleansed from dead works, and only then are we ready to go on to do good works - that is, "serve the living God" (Hebrews 9:14)

**What are the good works that we do?**

We will naturally do good works when we eat from the tree of eternal life. When we have our nourishment from the tree of life, it gives us the energy to do good works. This is the tree that Adam and Eve should have eaten from but didn't.

So what does eating of the tree of life look like for us today? Eating of the tree of eternal life is feasting on God Himself (John 17:3). And we feast (partake) of God and His Divine Nature by feasting on God's precious and magnificent promises towards us (*2 Peter 1:4 – He has granted to us His precious and magnificent promises, so that by them you may become partakers of the divine nature, having escaped the corruption that is in the world by lust*).

Here are just some of His magnificent and precious promises (please take time to read them all, and to meditate on them slowly and repeatedly):

- God's promises of His love for us (Psalm 139:17-18, Isaiah 59:13-16, Jeremiah 29:11-13, Jeremiah 31:3-4, Zephaniah 3:17).

- God's promises of His inheritance (Ephesians chapters 1-3).

- Gods definition of wealth (*1 Timothy 6:6 (The Message) - A devout life does bring wealth, but it's the rich simplicity of being yourself before God*). I can be myself. I don't have to pretend.

We need to feast on these promises. We need to "partake" of and feast on them while seated at God's dining table. *Song of Songs 2:4 – He has brought me to His banquet hall, and His banner over me is love.*

So God cleanses us of dead works which allow us to come into His presence. But then He sits us down and asks us to join in a feast with Him. And when we sit down, we can think we need to tell God about all our hidden shame and failures and needs. But He really doesn't need to hear our sob stories because He knows it already. Like the father in the story of the lost son in Luke 15, God cuts us off as it's a waste of time anyways. Time well





spent at God's dining table is us getting to know what we don't know. And what we don't know is what He seeks to remind us of. God knows that what we don't really grasp is how much He loves us – so He seeks to constantly remind us of His promises and love – so that we are rooted and grounded in them.

**It is ONLY AS AND AFTER we feast on the promises of God that by "applying all diligence," we pursue moral excellence, knowledge, self-control, perseverance, godliness, brotherly kindness, and love (2 Peter 1:5-11)**.

So here's a quick recap:

1. Step 1 (from Hebrews 9:14): We constantly recognize that the blood of Jesus alone can cleanse us of all the dead works that we find ourselves doing. Being honest and feeling sorry for our dead works (e.g., a lack in our love for God) is not enough. We must also believe (faith) that God has provided us with the solution to be cleansed completely of it

2. Step 2 (from 2 Peter 1:4): We sit at God's dining table and feast on His precious and magnificent promises. This is the start of our conversation with God at His dinner table. We are silent and simply bask in the wonder of God's joyous promises for us.

3. Step 3 (from 2 Peter 1:5-11): We now get up from the dining table, and by applying all diligence, we go out and live out the virtues of God.

The mistake that many of us make is jumping to step 3 without consistently going through steps 1 and 2 first. So we either don't constantly remind ourselves of the blood of Jesus that is constantly available to cleanse us of our repeated dead works, or we don't meditate and really feast on God's precious and magnificent promisesand make them extremely personal. As a result, our Christian life is a burden, boring, and lacking joy.

Very simply, if we haven't seen God's promises as truly precious and magnificent, we are bound to perform a whole lot of dead works. **Until we see God's promises towards us as precious and magnificent, we are like immature children or spoiled teenagers who don't see how much their parents do for them**. So our path to maturing in the Christian life is in realizing that we become who we need to be simply by (and only by) the PROMISES of God. This is a wonderful secret to the Christian life that most don't really ever grab a hold of.

This life is the life of FAITH that we are asked to live. So let me say something finally about this life of faith.

The Old Covenant (the Old Agreement between God and man) can be summarized in the Ten Commandments of Exodus 20, with the overriding command of "You Shall…" (or "You Must"). Well, that Old Agreement has been torn up by God and made obsolete now (Hebrews 8:13).

The New Covenant (the New Agreement between God and man through His Son Jesus) is contrasted in Hebrews 8:10 with this promise by God: "I will…"

That is the rather simple yet monumental difference between the two

Agreements. **The Old Agreement is a "You Shall…" agreement and the New Agreement is a "God will…" agreement**.

So what does it require of us to live in the New Covenant and where the message is "God will"? **Very simple: Faith**. Faith that God will!!!

And our father in the faith is NOT Moses (who brought the Law), but Abraham. Romans 4 clearly tells us that Abraham is the father for all who believe. And Abraham's righteousness was his faith – he believed that God could cause a 99 year old man and his 89 year old wife have a baby.

Think about that for a minute. Put yourself in Abraham's shoes and imagine yourself as a frail 99 year old and your wife as a frail 89 year old and marvel at the faith this man had. The Bible very simply says that Abraham believed God, but what an incredible weight there is behind that statement. And maybe you and I can also marvel at his faithbecause we also face what seems like impossible statements from God, namely, His promises: One such being that He WILL write His laws on our heart even as we see our habitual sins and sins that still so easily entangle us.

This is the walk of faith that all Christians must walk (like our father Abraham). So even though partaking of the divine life seems impossible, we are asked to be children of the faith of Abraham. He was given a promise by Godthat sounded impossible, but he chose to believe God (God will) rather than believe what seemed logical, rational, and practical. Abraham chose to believe God and His personal promise to him. So also, we are asked to believe in simplicity that God WILL make good on His promise and that God WILL write His laws in our hearts and minds (Hebrews 8:10), and complete the good work that He began in us (Philippians 1:6).

That is why I said that this life is simply a life of faith.

**So, you must ask yourself constantly if you are interacting with a God Who constantly berates you with "You shall" and "You must," or Who constantly affirms you that "He will!" If you have been living with a scolding God, you need to recognize that because of God's new agreement with us (the New Covenant), God's consistent message to us is "I will"!!!**

Hallelujah! What wonderful good news.

If you have understood what I have written, that's great. But I really hope that the eyes of our hearts will be increasingly opened to this. A deeper knowledge in our minds is not the goal, as it can fester there and lead to spiritual death (tree of knowledge of good and evil). What we need is a deeper knowledge of these truths in our hearts, because it is a belief all the way in our HEARTS that will result in divine righteousness. And we hold couple this belief in our hearts by a bold and unshakeable confession of these truths, which will result in our salvation from our sins and dead works (*Romans 10:10 – for with the heart a person believes, resulting in righteousness, and with the mouth he confesses, resulting in salvation*).

And finally, thank you for asking this question – youasking this question has been a wonderful reminder for me to grab a hold of these truths with even greater vigor and purpose.

(please mail your genuine doubts to: **sandeep@poonen.org**)

❖